ശ്രീ

# മൂലംതിരുനാൾ രാമവർമ്മമഹാരാജാവു്

MALAYALA MANORAMA Co. Ld.
KOTTAYAM.

രണ്ടാംപതിപ്പ്.

MALAYALA MANORAMA PRESS.
KOTTAYAM.
1916.

## ഒന്നാംപതിപ്പിന്റെ മുഖവുര.

---

മനുഷ്യജാതി നാഗരികദശയെ പ്രാപിക്കുന്നതിനു മുമ്പ് ഒരു സ്ഥിരവാസമൊ സ്ഥിരമായ എന്തെങ്കിലും ഒരു തൊഴിലൊ ഇല്ലാതെ കാടുകൾതോറും കേവലം വന്യമൃഗങ്ങളെപ്പോലെ അലഞ്ഞുനടന്നു ഫലമൂലാദികളെ പറിച്ചു ഭക്ഷിച്ചു ഉപജീവിക്കുകയായിരുന്നു എന്നും പരിഷ്കാരം വർദ്ധിച്ചുവന്നതിനോടു കൂടി ഈ സ്ഥിതി ക്രമേണ ഭേദപ്പെട്ടുവന്നതാണെന്നും വിചാരിക്കാൻ പല കാരണങ്ങളുമുണ്ടു്. എന്തെങ്കിലും ഒരു രാജ്യത്തിൽ ഒരു ഭരണകർത്താവിന്റെ കീഴിൽ കണിശങ്ങളായ നിയമങ്ങൾക്കു കീഴ്പെട്ടിരിക്കുക എന്നുള്ളതും ആ രാജ്യത്തോടും ഭരണകർത്താവിനോടും സ്വകീയമാതാപിതാക്കന്മാരെയൊ സ്വപ്രാണനെയൊ കാൾ ഭക്തിയുണ്ടാവുക എന്നുള്ളതും പരിഷ്കാരവർദ്ധനവിന്റെ പ്രധാനലക്ഷണങ്ങളാണു്. ലോകത്തിൽ സർവ്വപ്രകാരേണ നോക്കിയാലും ജ്ഞാനത്തിലും ശക്തിയിലും മററും പ്രഥമപദത്തിലിരിക്കുന്ന ഇംഗ്ലീഷുകാർ മുതലായ പാശ്ചാത്യന്മാരുടെ സ്വരാജ്യസ്നേഹം, രാജഭക്തി ഇവ എത്രയൊ അത്ഭുതകരങ്ങളായിരിക്കുന്നു. രാജ്യത്തിന്റെയും രാജാവിന്റെയും ശക്തിയും കീർത്തിയും വർദ്ധിപ്പിക്കുന്നതിനായും അവമാനത്തിൽനിന്നും അതിന്റെ നാശത്തിൽനിന്നും കാത്തുരക്ഷിക്കുന്നതിനായും ഏതുതരം കഷ്ടാരിഷ്ടങ്ങളെയാണ അവർ സഹിക്കാൻ തയ്യാറില്ലാത്തതു്. ക്ഷമാനിധികളായ എത്ര ജനങ്ങളാണ് ഈ ആവശ്യങ്ങളിലേക്കായി തങ്ങളുടെ ജീവനെ സന്തോഷത്തോടു കൂടി ബലികഴിക്കുന്നതു്. അവരുടെ രാജ്യത്തിനും രാജാവിനും മംഗളം ആശംസിക്കുന്നവയായ ചില ഗാനങ്ങളും മററും കേൾക്കുമ്പോൾ അവർ കേവലം ഭ്രാന്തന്മാരെപ്പോലെ ഹൃദയം ഇളകി തുള്ളിച്ചാടുന്നതു നാം കാണുന്നുണ്ടല്ലൊ. രാജ്യഭരണസമ്പ്രദായത്തിലൊ ഭരണകർത്താക്കന്മാരിലൊ എന്തെല്ലാം വിധം ന്യൂനതകൾ ഉണ്ടായാലും ആ ന്യൂനതകളെ പരിഹരിക്കാൻ ശ്രമിക്കുന്നതല്ലാതെ അവക്കുള്ള മേല്പറഞ്ഞ വികാരങ്ങൾക്കു യാതൊരു കുറവും വരുന്നതല്ല. ഈ സ്വഭാവം എത്രയും ആവശ്യകമായിട്ടുള്ള ഒന്നാണെന്നുള്ളതു വേ-

ഗത്തിൽ നമുക്കു ബോധപ്പെടുന്നതാണ്. മനഃപരിഷ്കാരം സമ്പാദിക്കുകയെന്നുവെച്ചാൽ സ്വഭാവജന്യങ്ങളായി നമ്മിലുള്ള നല്ലവയായ സകലശക്തികൾക്കും അഭ്യാസംകൊണ്ടു വരുത്താവുന്ന വളൎച്ചയെല്ലാം വരുത്തുകയാകുന്നു. ഇങ്ങനെ സ്വതസ്സിദ്ധങ്ങളായി മനുഷ്യരിലുള്ള നല്ല ശക്തികളെ നാം എത്രത്തോളം വികസിപ്പിക്കുന്നുവോ അത്രയും നാം പരിഷ്കാരത്തിൽ മുതിൎന്നവരെന്നു ഗണിക്കപ്പെടുന്നു. "മരനാടൊട്ടു" വളരുന്ന കാട്ടാളജാതിക്കാരുടെയും പരിഷ്കാരദശയുടെ പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന യൂറോപ്യന്മാരുടെയും സ്വഭാവത്തെ താരതമ്യപ്പെടുത്തി നോക്കിയാൽ ഈ കാൎയ്യം പ്രത്യക്ഷമാകുന്നതാണ്. ഒടുവിൽ പറഞ്ഞവരുടെ സ്വഭാവത്തിന്റെ ഗൌരവവും ശ്രേഷ്ഠതയും കൊടുക്കുന്നവയും അവരെപ്പറ്റിയുള്ള മതിപ്പു വൎദ്ധിപ്പിക്കുന്നവയുമായിട്ടുള്ള സംഗീതസാഹിത്യകലാശാസ്ത്രാദികളായി അവൎക്കു പരിചയവും പാടവവും സിദ്ധിച്ചിട്ടുള്ള എന്തെല്ലാം വിദ്യകൾ വെറും മലവേടന്മാരെ തീണ്ടുകപോലും ചെയ്യാതെയിരിക്കുന്നു. എന്നാൽ ഇങ്ങനെയുള്ള മലവേടന്മാരെ ചെറുപ്പത്തിലെ എടുത്തു ശരിയായി വിദ്യ അഭ്യസിപ്പിച്ചാൽ ഈ വക ശക്തികളെല്ലാം അവരിലും വിളങ്ങാതിരിക്കുന്നതല്ലെന്നുള്ളതിനു പല ദൃഷ്ടാന്തങ്ങളുണ്ടല്ലൊ. ഇങ്ങനെ വേണ്ടതുപോലെ മനഃപരിഷ്കാരം സിദ്ധിച്ചിട്ടുള്ളവരായി ഗണിക്കപ്പെടുവാൻ സൎവ്വഥാ അൎഹതയുള്ളവരും ലോകചരിത്രത്തിലെ പ്രധാനപ്രവൎത്തകന്മാരായി ഭവിക്കുന്നവരുമായ ആളുകളിൽ സൎവ്വസാമാന്യമായി വികസിച്ചുകൊണ്ടിരിക്കുന്നതും വികസിച്ചുകൊണ്ടിരിക്കേണ്ടതുമായ ഒരു പ്രധാനശക്തി സ്വരാജ്യസ്നേഹവും സ്വരാജഭക്തിയുമാണെന്നും ഈ വക ഗുണങ്ങൾ ആരിൽ പ്രകാശിച്ചു കാണാതിരിക്കുന്നുവോ അവർ കേവലം മൃഗപ്രായന്മാരായി ഗണിക്കപ്പെടുന്നതാണെന്നും എപ്പോഴും ഓൎമ്മയിൽ ഇരിക്കേണ്ടതാണ്.

പാശ്ചാത്യന്മാരിൽ ശോഭിക്കുന്ന മേല്പറഞ്ഞ വിധത്തിലുള്ള രാജ്യസ്നേഹവും രാജഭക്തിയും നമ്മിൽ ശരിയായിട്ടില്ലെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. രാജഭക്തിയെ പ്രദൎശിപ്പിക്കുന്ന പലരും കേവലം മുഖസ്തുതിയായൊ ഓരോ കാൎയ്യലാഭത്തിനായൊ ആണ് ഇങ്ങനെ ചെയ്തുവരുന്നതെന്നുള്ളതും പലപ്പോഴും യഥാൎത്ഥമായിത്തന്നെയിരിക്കുന്നു. ഇങ്ങനെയുള്ളവരുടെ പ്രവൃത്തികളിൽ യഥാൎത്ഥമായ രാജഭക്തിജന

സാമാന്യത്തിന്റെ ഇടയിൽ ജനിപ്പിച്ചു ശക്തിപ്പെട്ടതാണെന്നുള്ള ഉദ്ദേശം കൂടി ഉള്ളതായി ബോധപ്പെട്ടാൽ നാം അവരെപ്പററി പ്രശംസിക്കയല്ലാതെ കുററം പറയാനില്ല. ലോകത്തിൽ ദുരുദ്ദേശങ്ങൾ കൂടി സമ്മിശ്രപ്പെടാതെ സദുദ്ദേശങ്ങളാൽ മാത്രം ചെയ്യപ്പെടുന്ന പ്രവൃത്തികൾ ചുരുക്കമാണല്ലൊ. ഉത്തമമായ യാതൊരുദ്ദേശവും കൂടാതെ പ്രത്യക്ഷവും അതിരു വിട്ടതും അശേഷം അവാസ്തവവുമായ വിധത്തിൽ രാജഭക്തിയെ പ്രദൎശിപ്പിക്കുന്ന ആളുകളെപ്പററി നമുക്കു മനസ്സിൽ ആക്ഷേപം തോന്നുന്നതും തോന്നേണ്ടതുമാണെങ്കിലും അവരുടെ പിന്നാലെ വരുന്നവൎക്ക് അവർ ഒരു മാൎഗ്ഗദൎശികളായി ഭവിക്കുന്നതു. കാലക്രമേണ ദോഷാംശങ്ങൾ നീങ്ങി ഈ സ്വഭാവം ഗുണഭൂയിഷ്ഠമായി ജനസാമാന്യത്തിന്റെ ഇടയിൽ വിളങ്ങുന്നതിന്നിടവരുന്നതുമാണ്. അതുകൊണ്ടു രാജ്യസ്നേഹവും രാജഭക്തിയും പ്രബലമായി കാണപ്പെടാത്ത ആളുകളുടെ ഇടയിലും ഈ സ്വഭാവം ജനിച്ചു ശക്തിപ്പെടത്തക്കവണ്ണം രാജഭക്തിസൂചകമായി വാസ്തവമായൊ അഥവാ ഏറക്കുറെ കപടസ്വഭാവത്തോടു കൂടിയൊ ആരെങ്കിലും പ്രവൎത്തിക്കുന്നതായാൽ അതിനെപ്പററി നാം അവരോടു പരിഭവിക്കയോ അതു കേവലം ദോഷഹേതുവാണെന്നു പറഞ്ഞു തള്ളിക്കളകയൊ ചെയ്യുന്നതു സംഗതിയുടെ വാസ്തവം മുഴുവൻ ആലോചിച്ചുനോക്കാഞ്ഞിട്ടൊ അങ്ങനെ നോക്കാൻ ശക്തിയില്ലാഞ്ഞിട്ടോ ആണെന്നു തോന്നുന്നു. ബാലവല്ലികളെപ്പോലെ വിചാരിക്കുന്ന വഴിക്കു തിരിച്ചു വിടാവുന്ന പ്രായത്തിലിരിക്കുന്ന സ്വഭാവത്തോടു കൂടിയ ബാലന്മാരെ വിദ്യാഭ്യാസം ചെയ്യിക്കുന്ന ആളുകളിൽ വല്ല ന്യൂനതയുമുണ്ടായിരുന്നാൽ അതു വെളിയിൽ കാണിക്കാതെ തങ്ങളുടെ സ്വഭാവം യാതൊരു കുറവുമില്ലാത്തതാണെന്നു കുട്ടികൾക്കു തോന്നത്തക്കവണ്ണം പ്രവൎത്തിക്കുന്നതുകൊണ്ടു വാദ്ധ്യാന്മാരെ കാൎയ്യമറിയാവുന്നവർ കുററം പറയുന്നില്ലെന്നു മാത്രമല്ല, കുട്ടികളെ സംബന്ധിച്ചെടത്തോളം അതു വളരെ പ്രയോജനകരവും അത്യാവശ്യവുമാണെന്നു സമ്മതിക്കയും ചെയ്യുന്നതാണ്. രാജഭക്തിയെ സംബന്ധിച്ചും ഇതുപോലെ ചെയ്യേണ്ടതും പലരും ചെയ്യുന്നതുമാണ്. രാജഭക്തി ഇല്ലാത്ത സ്ഥലത്തുണ്ടാക്കാനായും ഉള്ളതിനെ വൎദ്ധിപ്പിക്കാനായും, പരിശ്രമിക്കയും വലിയ ബഹളം കൂട്ടുകയും മററും ചെയ്യുന്നതു ഒരു കപടസ്വഭാവമെന്നൊ മുഖസ്തുതിയെന്നൊ പാശ്ചാത്യ

ന്മാരുപോലും ഗണിക്കുന്നില്ല. വിക്ടോറിയാമഹാരാജ്ഞി രാജ്യഭാരമാരംഭിച്ച് 50 വൎഷം തികഞ്ഞപ്പോൾ നടത്തിയ സ്വൎണ്ണജൂബിലി, 60 വൎഷം തികഞ്ഞപ്പോൾ നടത്തിയ വജ്രജൂബിലി, എഡ്വാഡ് സമ്രാട്ടിന്റെ സിംഹാസനാരോഹണം, ഇവ സംബന്ധിച്ചിന്ത്യയിൽ നടന്ന ഡൽഹിദർബാർ, ബ്രിട്ടീഷുസാമ്രാജ്യം മുഴുവനും ഇംഗ്ലണ്ടിലെ കിരീടാവകാശിയായ വെയിത്സ് പ്രഭുവിന്റെയും പത്നിയുടെയും യാത്ര. ഇതെല്ലാം സംബന്ധിച്ചു ബ്രിട്ടീഷുഗവൎമ്മെന്റുണ്ടാക്കിയ സന്നാഹങ്ങളും പണച്ചെലവുകളും അത്യന്തം അവൎണ്ണനീയങ്ങളായിരുന്നു എന്നു നമ്മിൽ പലൎക്കും ഓൎമ്മയുള്ളതാണല്ലൊ. ആളുകൾക്കു ബ്രിട്ടീഷുസാമ്രാജ്യത്തോടും ചക്രവൎത്തിയോടും ഉള്ള അളവില്ലാത്ത ഭക്തിയേയും ബഹുമാനത്തെയും പ്രദൎശിപ്പിക്കുന്നതിനു വേണ്ട മാൎഗ്ഗങ്ങളുണ്ടാക്കിക്കൊടുക്കാനാണെന്നാണല്ലൊ ഇവയുടെ ആവശ്യത്തെപ്പററി പറയുന്നതു്. എന്നാൽ ഈ സംഭവങ്ങൾ സംബന്ധിച്ചു നമ്മുടെ ദൃഷ്ടിയിലും അനുഭവത്തിലും ബഹളം കൂട്ടിയ എല്ലാവൎക്കും ഈ വിധം അളവില്ലാത്ത ഭയഭക്തിബഹുമാനങ്ങൾ ഉണ്ടായിരുന്നുവോ എന്നുള്ളതു വളരെ സംശയഗ്രസ്തമായ സംഗതിയാണ്. എങ്കിലും ഈ ആഘോഷങ്ങൾ കഴിഞ്ഞപ്പോഴേക്കു ബ്രിട്ടീഷുസാമ്രാജ്യത്തെപ്പററിയും ഭരണകൎത്താക്കന്മാരെപ്പററിയും അതിനു മുമ്പില്ലാതിരുന്ന സകല അറിവുകളും മതിപ്പും ഭക്തിയും ജനങ്ങളുടെയിടയിൽ ജനിച്ചിട്ടുണ്ടെന്നുള്ളതു നമ്മിൽ പലൎക്കും അനുഭവസിദ്ധമായിട്ടുള്ളതാണല്ലൊ. വാസ്തവത്തിൽ ഇവയുടെ ഉദ്ദേശവും ഇങ്ങനെയുള്ള ഗുണങ്ങൾ ഇല്ലാത്തവരിൽ അവയെ ജനിപ്പിച്ചു ശക്തിപ്പെടുത്തണമെന്നുള്ളതു തന്നെയാകുന്നു. "സാമ്രാജ്യദിവസം" (Empire Day) എന്നൊരു ദിവസം ആണ്ടിലൊരിക്കൽ ബ്രിട്ടീഷുസാമ്രാജ്യത്തിൽ എല്ലാ ഭാഗങ്ങളിലും വേറുതിരിക്കയും സ്കൂൾകുട്ടികൾക്കു ഒഴിവു കൊടുക്കയും ഈ സാമ്രാജ്യത്തെപ്പററിയുള്ള സ്നേഹവും അറിവും വൎദ്ധിപ്പിക്കുന്നതിനു് ഉപയോഗപ്പെടുന്ന പ്രസംഗങ്ങൾ, അലങ്കാരങ്ങൾ, പട്ടണപ്രദക്ഷിണങ്ങൾ മുതലായവ നടത്തുകയും ചെയ്യുന്നതിനു് അടുത്ത ഒന്നു രണ്ടു വൎഷമായി ചട്ടംകെട്ടുകൾ ചെയ്തിട്ടുള്ളതിന്റെയും വേറെ ഇതുപോലെയുള്ള അനവധി ഏൎപ്പാടുകളുടെയും ഉദ്ദേശം ഇതുതന്നെയാണ്.

പരിഷ്കൃതരാജ്യക്കാർ എന്നു പേരുകേട്ട പാശ്ചാത്യന്മാർ സ്വരാജ്യസ്നേഹവും രാജഭക്തിയും വൎദ്ധിപ്പിക്കാനായി

ഉണ്ടെന്നൊയെല്ലാം ഏർപ്പാടുകൾ ചെയ്യുന്ന സ്ഥിതിക്കു പരിഷ്കാ
രവിഷയത്തിൽ ശൈശവദശയിൽ ഇരിക്കുന്ന നമ്മിൽ ഈ
ഗുണങ്ങൾ ഉണ്ടാവാനായി ശ്രമിക്കേണ്ടതു് എത്രയൊ മടങ്ങു്
ആവശ്യകമായിട്ടുള്ളതാണല്ലൊ. രാജ്യക്ഷേമാവഹങ്ങളായി
ട്ടുള്ള സംഗതികളിൽ പ്രധാനങ്ങളായിട്ടുള്ളവ വളരെ ആ
ളുകളുടെ യോജിച്ചുള്ള ഉത്സാഹങ്ങളും പ്രവൃത്തികളുമാണ്.
ഒരു രാജ്യത്തെ ആളുകളെ യോജിപ്പിക്കുന്ന പല ശക്തിക
ൾ പാശ്ചാത്യന്മാരുടെ ഇടയിലുണ്ട്. എന്നാൽ ഭിന്നജാതി
മതസ്ഥന്മാരും എത്രയൊ ചെറിയ ഒരു രാജ്യത്തെ അധിവ
സിക്കുന്നവരുമായ നമുക്കു് ഈ വക സൌകര്യങ്ങൾ യാ
തൊന്നുമില്ല. സ്വരാജ്യസ്നേഹം, രാജഭക്തി എന്നീ സംഗതി
കൾ മാത്രമെ നമ്മെ യോജിപ്പിക്കുന്ന ശക്തികളായിട്ടു നമു
ക്കുള്ളു. ഈ ശക്തിയെ കഴിയുന്നതും വർദ്ധിപ്പിക്കേണ്ടതു ന
മ്മുടെ എല്ലാവരുടെയും ചുമതലയാണെന്നു പറഞ്ഞാൽ സം
ഗതിയുടെ സ്ഥിതി വിചാരിച്ചു നേരെ വിരോധം പറയു
ന്നതിനു ധൈര്യമുള്ളവർ അധികംപേരു ഈ രാജ്യത്തിലു
ണ്ടായിരിക്കയില്ലെങ്കിലും സ്വകാര്യമായി കുററം പറയാൻ
തയ്യാറുള്ളവർ ധാരാളമുണ്ടായിരിക്കാം. എന്നാൽ ഇതിനെ
പ്പററി കുററം പറയുന്നവർ സംഗതികൾ മുഴുവനുമോർക്കാ
തെയാണെന്നു പലപ്പോഴും തോന്നിയിട്ടുണ്ടു്. രാജഭക്തിയെ
പ്രദർശിപ്പിക്കുന്നതിനായി ഉത്സാഹിച്ച പല പ്രവൃത്തികൾ ന
ടത്തുന്ന പലർക്കും ശരിയായ ഉദ്ദേശങ്ങൾ ഒന്നുമില്ലാതെയി
രുന്നേക്കാമെങ്കിലും ഇതിലേക്കു വളരെക്കാലമായി യഥാവ
സരം യഥാശക്തി പരിശ്രമിച്ചുകൊണ്ടിരുന്ന പരേതനായ
മനോരമാപത്രാധിപർ കെ ഐ വറുഗീസുമാപ്പിള അവ
ർകളെ ഈ മുഖവുരയിൽ പ്രസ്താവിച്ചിട്ടുള്ള ഉദ്ദേശങ്ങളാ
ണ് പ്രധാനമായി ഇതിലേക്കുദ്യോഗിപ്പിച്ചിട്ടുള്ളതെന്നു് അ
ദ്ദേഹത്തിന്റെ നിത്യപരിചയമുണ്ടായിരുന്ന ഞങ്ങൾക്കെല്ലാ
വർക്കും സധൈര്യം പറയാവുന്നതാണ്. തിരുവിതാംകൂർരാജ്യ
ത്തോടും രാജകുടുംബത്തോടും മഹാരാജാവുതിരുമനസ്സിലെപ്പേ
രിലും ജനങ്ങളുടെയിടയിൽ ഭക്തി വർദ്ധിപ്പിക്കാനായിട്ടും
ബ്രിട്ടീഷുസാമ്രാജ്യത്തെ ഉദ്ദേശിച്ചും, ബ്രിട്ടീഷുരാജകുടുംബത്തെ
ഉദ്ദേശിച്ചും. വിക്ടോറിയാ മഹാരാജ്ഞിയെ സംബന്ധിച്ചും ഇ
പ്പോഴത്തെ ചക്രവർത്തി മഹാരാജാവുതിരുമനസ്സിലെ ഉദ്ദേശി
ച്ചും അദ്ദേഹം പല ശ്രമങ്ങളും സംഗതികളും ചെയ്തിട്ടുണ്ടെന്നു
ള്ളതും ഇതെല്ലാം കൊണ്ടും അദ്ദേഹത്തിനു ദ്രവ്യനഷ്ടവും പരി

ശ്രമവുമല്ലാതെ കാണപ്പെടത്തക്ക യാതൊരു ഫലവുമുണ്ടായിട്ടില്ലെന്നുള്ളതും ഈ സന്ദർഭത്തിൽ ഓർക്കേണ്ടതാണ്.

തിരുവിതാംകൂറിനേയും ഇവിടെ രാജ്യഭരണം ചെയ്യുന്ന ശ്രീമൂലം തിരുനാൾ മഹാരാജാവുതിരുമനസ്സിലേയും സംബന്ധിച്ച വറുഗീസുമാപ്പിള അവർകളും മനോരമപ്പത്രവും ചെയ്തിട്ടുള്ള പല ഏർപ്പാടുകളെ തുടൻ പ്രസിദ്ധപ്പെടുത്തുന്ന ഈ ചെറിയപുസ്തകം ഈ രാജ്യത്തിലെ വിദ്യാർത്ഥികൾക്ക് അവരുടെ രാജ്യത്തേയും രാജകുടുംബത്തേയും മഹാരാജാവുതിരുമനസ്സിലേയും പററി അറിവും ഭക്തിയും ക്രമേണ വൎദ്ധിക്കുന്നതിനുപയോഗപ്പെടുന്നതായാൽ അതിലധികമായ ഒരു കൃതാൎത്ഥതയും ഇവിടെ ഉണ്ടാകേണ്ടതായിട്ടില്ല. ഈ തത്വം മനസ്സിലാക്കി തിരുവിതാംകൂർരാജ്യത്തുള്ള ഇംഗ്ലീഷുപള്ളിക്കൂടങ്ങളിലും മലയാംപള്ളിക്കൂടങ്ങളിലും ഒരു ക്ലാസിൽ ഇതൊരു പാഠപുസ്തകമായി നിശ്ചയിച്ചിട്ടുള്ള ഗവർമ്മെൻറു് എഡ്യൂക്കേഷൻസെക്രട്ടറി പി അയ്യപ്പൻപിള്ള ബി ഏ അവർകളോട് എനിക്കുള്ള നിർവ്യാജമായ കൃതജ്ഞതയെ ഈ അവസരത്തിൽ പ്രത്യേകം പ്രസ്താവിച്ചുകൊള്ളുന്നു.

ഈ പുസ്തകം എഴുതുന്നതിനുള്ള ഭാരം ഞാൻ തന്നെ വഹിക്കണമെന്നു വിചാരിച്ചിരുന്നു എങ്കിലും ഇതിനു വേണ്ടുന്ന സംഗതികൾ ശേഖരിക്കുന്നതിനു തിരുവനന്തപുരത്തു സ്ഥിരതാമസമുള്ളവരേപ്പോലെ സൌകൎയ്യം അന്യസ്ഥലവാസികൾക്ക് ഇല്ലാതിരുന്നതുകൊണ്ടും മററു പലകാരണങ്ങളാലും ഇതു സംബന്ധിച്ചുള്ള മുഖ്യചുമതല എൻെറ ഒരു പ്രധാനസ്നേഹിതനും ഹജൂരിൽ സ്വല്പമായ ഒരു് ഉദ്യോഗം വഹിക്കുന്ന ആളുമായ കൊട്ടാരക്കര എസ്സ് കൃഷ്ണപിള്ള ബി ഏ അവർകളെ ഏൽപ്പിക്കയാണ് ചെയ്തതു്. അദ്ദേഹത്തിൻെറ ഇതരകൃത്യങ്ങളുടെ കൂട്ടത്തിൽ എത്രയും ചുരുങ്ങിയകാലംകൊണ്ട് ഈ പുസ്തകത്തിനു വേണ്ടുന്ന സംഗതികളെല്ലാം കൂട്ടിച്ചേൎത്തു തരുന്നതിലും മററും അദ്ദേഹം പ്രദൎശിപ്പിച്ചിട്ടുള്ള രാജഭക്തിയും ബുദ്ധിശക്തിയും നിപുണതയും എന്നെ വളരെ വിസ്മയിപ്പിച്ചിട്ടുണ്ട്. പുസ്തകത്തിൻെറ ഭാഷയെ സംബന്ധിച്ച് ആവശ്യമുള്ള സകലസഹായങ്ങളും ചെയ്തുതന്നിട്ടുള്ളതു മനോരമപ്പത്രത്തിൻെറ ആവിർഭാവം മുതൽ ആ പത്രത്തിൻെറയും പത്രാധിപരുടെയും ഒഴിച്ചുകൂടാത്ത ഒരംശമായിരിക്കുന്ന കൊട്ടാരത്തിൽ ശങ്കുണ്ണി അവ

ൎകളാണ്. പുസ്തകത്തിന്റെ പൊതുവെയുള്ള പ്ലാനിലും മററും വല്ല കുറവും വന്നുപോയിട്ടുണ്ടെങ്കിൽ അതിനെല്ലാം ഉത്തരവാദിത്വം എനിക്കുണ്ടെങ്കിലും ഇതിൽ മഹാജനങ്ങളുടെ തൃപ്തിക്കു പാത്രീഭവിക്കാവുന്ന വല്ല സംഗതികളും ഉണ്ടായിരുന്നാൽ അവയ്ക്കു അവകാശികൾ എന്റെ മേല്പറഞ്ഞ രണ്ടു സ്നേഹിതന്മാരും—പ്രധാനമായി കുഞ്ഞുപിള്ള അവർകളുമാണ്. ഇവർ രണ്ടാളുകളോടും ഞാൻ അത്യന്തം കൃതജ്ഞതയുള്ളവനായിരിക്കുന്നു എന്നുള്ളതു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ.

ഈ പുസ്തകത്തിനു വിഷയീഭൂതനും നമ്മുടെ അന്നദാതാവുമായ ശ്രീമൂലം തിരുനാൾ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു ഇക്കഴിഞ്ഞ * ഇരുപതു കൊല്ലങ്ങളിലെന്നപോലെ ഇനിയും അനേകവത്സരകാലം രാജ്യം ഭരിച്ചും അരോഗദൃഢഗാത്രനായും വാണരുളുവാൻ സർവ്വശക്തനായ സർവ്വേശ്വരൻ കടാക്ഷിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടു കൂടി ഈ മുഖവുരയെ ഇവിടെ സമാപിപ്പിച്ചുകൊള്ളുന്നു.

കെ. സി. മാമ്മൻമാപ്പിള.

---

* ഈ രണ്ടാം പതിപ്പിൽ പത്തുകൊല്ലത്തെ വിശേഷസംഗതികൾ കൂടി ചേർത്തിട്ടുണ്ട്.

ശ്രീ

# മൂലം തിരുനാൾ രാമവർമ്മമഹാരാജാവു

---

ഒന്നാം അദ്ധ്യായം.

---

## തിരുവിതാംകൂർ രാജ്യവും മഹാരാജവംശവും *

നമ്മുടെ അന്നദാതാവായ പൊന്നുതമ്പുരാൻതിരുമനസ്സിലെ ജീവിതകഥയെ വിവരിക്കുന്നതായ ഈ പുസ്തകത്തിൽ തൽഭരണത്താൽ പ്രശോഭിതമായിരിക്കുന്ന ഈ രാജ്യത്തിന്റേയും അവിടത്തെ വിശിഷ്ടകുടുംബത്തിന്റേയും ഏതൽകാലപൂർവമുള്ള ചരിത്രത്തിന്റെ ഒരു സംക്ഷേപം കൂടിയുണ്ടായിരിക്കുന്നതു ഉചിതമായിരിക്കുമെന്നു വിചാരിച്ചു അതുതന്നെ ഇവിടെ ഒന്നാമതായി ചുരുക്കത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

കേരളത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ഇതിഹാസങ്ങളും അർവാചീനശാസ്ത്രജ്ഞന്മാരുടെ ഊഹങ്ങളും മറ്റും എങ്ങനെയുമിരിക്കട്ടെ. പണ്ടു് ഏറിയൊരു കാലം ഈ രാജ്യം മുഴുവനും ചേരവംശജന്മാരായ രാജാക്കന്മാരുടെ (ചേരമാൻപെരുമാക്കന്മാരുടെ) അധീനത്തിലായിരുന്നു എന്നും തിരുവിതാംകൂർമഹാരാജകുടുംബം ചേരരാജവംശത്തിന്റെ പ്രഥമപ്രതിനിധിയാണെന്നുമുള്ളതിനു വിശ്വാസയോഗ്യങ്ങളായ രേഖകൾ ധാരാളമുള്ളതിനാൽ അതിൽ പക്ഷാന്തരത്തി

---

* Based chiefly on some articles about the Travancore Royal Family by Mr. S. Parameswara Iyer M. A., B. L., M. R. A. S., in the Bhasha Poshini of 1080 and also on certain other stray but trustworthy publications.

ന് അവകാശം കാണുന്നില്ല. അതിനാൽ നമ്മുടെ മഹാരാജകുടുംബം ഇൻഡ്യയിലുള്ള രാജകുടുംബങ്ങളിൽവെച്ചു ഏറ്റവും പുരാതനമായിട്ടുള്ള ഒന്നും പുരാണകാലം (പെരുമാക്കന്മാരുടെ വാഴ്ച കഴിഞ്ഞ കാലം) മുതൽ ഇതാൽ കാലപര്യന്തം അവിച്ഛിന്നമായ രാജ്യഭാരത്തോടു കൂടിയിരിക്കുന്നതുമാണെന്നുള്ള സന്തോഷാവഹമായ സംഗതി ഇവിടെ പ്രത്യേകം വക്തവ്യമായിരിക്കുന്നു. പ്രാചീനന്മാരായ റോമാക്കാരുടെ കാലം മുതൽ തന്നെ നമ്മുടെ തിരുവിതാംകൂർ രാജ്യവും യൂറോപ്യൻരാജ്യങ്ങളും തമ്മിൽ കച്ചവടം ചെയ്തുപോന്നിരുന്നു എന്നുള്ളതും ഇവിടെ പ്രസ്താവയോഗ്യമാകുന്നു. "തിരുവിതാംകൂറുമായുള്ള നല്ലമുളകുവ്യാപാരം "സിംബാദ്" എന്ന കപ്പലോട്ടക്കാരന്റെ കാലത്തിനു വളരെ മുമ്പു റോമാക്കാരുടെ കാലം മുതൽ തന്നെ തുടങ്ങിട്ടുള്ളതാണ്" എന്നു സർ വില്യം ഹണ്ടർ എഴുതിയിരിക്കുന്നു. പക്ഷേ, കേപ്പ് ആഫ് ഗുഡ് ഹോപ്പിൽക്കൂടിയുള്ള മാർഗ്ഗം കണ്ടുപിടിച്ചതിന്റെ ശേഷം മാത്രമേ യൂറോപ്യന്മാർ ഇവിടെ വന്നു താമസിച്ചു കച്ചവടം ചെയ്യുന്നതിനും മററും തുടങ്ങിട്ടുള്ളു.

കേരളത്തിന്റെ ഒരു ഭാഗവും ആദ്യം വേണാടെന്നും തൃപ്പാപ്പൂരെന്നും പിന്നീടു തിരുവിതാംകൂറെന്നുമുള്ള നാമങ്ങൾക്കു വിഷയീഭൂതവുമായ ഈ ഭൂഖണ്ഡം ഒരു പ്രത്യേകരാജ്യമായി ചേരവംശജന്മാരായ രാജാക്കന്മാരുടെ അധികാരത്തിൽപ്പെട്ടതു് ഏതുകാലത്തു്. ഏതുപ്രകാരം എന്നുള്ളതിനെപ്പററി ചരിത്രകാരന്മാരുടെ ഇടയിലുള്ള അഭിപ്രായങ്ങളെല്ലാം പരസ്പരവിരുദ്ധങ്ങളായിട്ടാണിരിക്കുന്നതു്. അതിനാൽ ക്രിസ്ത്വബ്ദം 8-ാംശതാബ്ദാവസാനം വരെ ഈ രാജ്യത്തെ സംബന്ധിച്ചുള്ള അറിവു നമുക്കു പുതുക്കമായിത്തന്നെയിരിക്കുന്നു. അതിനിപ്പുറമുള്ള സംഗതികളെക്കുറിച്ചു സ്പഷ്ടമായിട്ടുള്ള ഒരു ഏകദേശജ്ഞാനമെങ്കിലും ചില ശിലാതാമ്രശാസനങ്ങളിൽ നിന്നും പാശ്ചാത്യഗ്രന്ഥങ്ങളിൽ നിന്നും മററും നമുക്കു സിദ്ധിച്ചിട്ടുണ്ടു്.

കൊല്ലത്തു താമസിച്ചു രാജ്യം രക്ഷിച്ചുകൊണ്ടിരുന്ന ഉദയമാർത്താണ്ഡവർമ്മരാജാവു കൊല്ലവർഷം സ്ഥാപിച്ചതു ക്രിസ്ത്വബ്ദം 825-ൽ ആണു്. കൊല്ലവർഷത്തിന്റെ ആദിമശതാബ്ദങ്ങളിൽ വേണാടു പലപ്പോഴും അയൽവാസികളായ പാണ്ഡ്യചോളരാജാക്കന്മാരുടെ ആക്രമങ്ങൾക്കു വിഷയീഭ

വിച്ചിട്ടുള്ളതായി കാണുന്നുണ്ട്. എന്നാൽ, കൊല്ലം 441-ൽ രാജ്യരക്ഷാർത്ഥം കൊല്ലത്തു താമസിച്ചിരുന്ന ജയസിംഹരാജാവു ന്യായമായി അനേകം ചില്ലറ രാജ്യങ്ങളെ വേണാടിനു് അധീനങ്ങളാക്കിത്തീർത്തിട്ടുള്ളതായും കാണുന്നുണ്ട്.

ജയസിംഹരാജാവിന്റെ കാലാനന്തരം അവിടുത്തെ പിൻഗാമിയും രാജ്യാവകാശിയുമായിരുന്ന രവിവർമ്മരാജാവിനു് അന്നു ബാല്യമായിരുന്നതിനാൽ പാണ്ഡ്യരാജാക്കന്മാരുടെ ആക്രമം വീണ്ടും ഉണ്ടാവുകയും വേണാടു മുഴുവനും അവർ കീഴടക്കുകയും ചെയ്തു എങ്കിലും ആ രവിവർമ്മരാജാവിനു പ്രായപൂർത്തിയും അചിരേണ ഈശ്വരാനുകൂല്യവും സിദ്ധിക്കുകയാൽ അദ്ദേഹം വേണാടിനെ ശത്രുക്കളിൽനിന്നു വീണ്ടെടുത്തതു കൂടാതെ പാണ്ഡ്യചോളരാജ്യങ്ങളുടെ മിക്കഭാഗങ്ങളേയും കൂടി സ്വാധീനപ്പെടുത്തുകയും വേഗവതീതീരസ്ഥലമായ കാഞ്ചീപുരത്തുവെച്ചു കുലശേഖരപ്പെരുമാളായി കിരീടധാരണം ചെയ്യുകയും ചെയ്തു. ആ രവിവർമ്മ കുലശേഖരപ്പെരുമാളുടെ കാലം മുതൽ വേണാടിനു് അഭ്യുദയം മേൽക്കുമേൽ വർദ്ധിച്ചുകൊണ്ടു തന്നെ ഇരുന്നു. ആക്കാലത്തു പാണ്ഡ്യചോളന്മാരെ മഹമ്മദീയർ നാമാവശേഷന്മാരാക്കിച്ചെയ്യുകയും അതും വേണാടിന്റെ അഭ്യുന്നതിക്കു ഒരു നല്ല സഹായമായിത്തീരുകയും ചെയ്തു.

കൊല്ലം 681 മുതൽ 710 വരെ രാജ്യം വാണിരുന്ന വീരഉദയമാർത്താണ്ഡവർമ്മമഹാരാജാവിന്റെ കാലത്തു വേണാടിന്റെ അഭ്യുദയവും പ്രസിദ്ധിയും പരമകാഷ്ഠയെ പ്രാപിച്ചു. അദ്ദേഹത്തിനു തിരുനൽവേലിയിൽ ചേരമഹാദേവി, ജയസിംഹനല്ലൂർ മുതലായ സ്ഥലങ്ങളിൽ കൂടി കൊട്ടാരങ്ങൾ ഉണ്ടായിരുന്നതായിട്ടു കാണുന്നു. എന്നു മാത്രവുമല്ല, അദ്ദേഹം സിംഹളദ്വീപിലേക്കു കൂടി തന്റെ അധികാരത്തെ വ്യാപിപ്പിച്ചിരുന്നതായി ചരിത്രകാരന്മാർ പ്രശംസിച്ചിരിക്കുന്നു. ഈ മഹാരാജാവിന്റെ അവസാനകാലമായപ്പോഴേയ്ക്കും വിജയനഗരരാജാക്കന്മാർ ദക്ഷിണയിൻഡ്യയെ പിടിച്ചടക്കുകയാൽ വേണാട്ടാധിപത്യത്തിൻകീഴിൽ സഹ്യാദ്രിയുടെ പൂർവ്വഭാഗത്തുണ്ടായിരുന്ന ദേശങ്ങളെല്ലാം അന്യാധീനങ്ങളായിത്തീർന്നു. വീരഉദയമാർത്താണ്ഡവർമ്മമഹാരാജാവിന്റെ അവസാനത്തോടു കൂടി വേണാടിന്റെ ഉൽഗതിയും അവസാനിച്ചു. അദ്ദേഹത്തിന്റെ പിൻവാഴ്ചക്കാ

രുടെ കാലത്തു വേണാട്ടു ക്രമേണ അധോഗതിയെ പ്രാപിച്ചുതുടങ്ങുകയും ചെയ്തു. അവരുടെ വാൎദ്ധക്യകാലത്തു വിജയനഗരരാജാവിന്റെ സൈന്യാധിപൻ വീണ്ടും വേണാടിനെ ആക്രമിക്കുകയും അന്നത്തെ രാജാവിനെ പരാജിതനാക്കി അദ്ദേഹത്തിൽനിന്നു കപ്പം വാങ്ങിത്തുടങ്ങുകയും ചെയ്തു. അക്കാലം മുതൽ തിരുവിതാംകൂറിന്റെ ക്ഷയം പ്രതിദിനമെന്നപോലെ ക്രമേണ വൎദ്ധിച്ചു.

രാജ്യതന്ത്രജ്ഞന്മാരും ബലവാന്മാരുമായ തിരുമലനായിക്കന്റെ സൈന്യങ്ങൾ കൊല്ലം 782-ാമാണ്ടിടയ്ക്കു തിരുവിതാംകൂറിനെ ആക്രമിക്കുകയും കന്യാകുമാരി മുതലായ ചില സ്ഥലങ്ങൾ മധുരസാമ്രാജ്യത്തിലുൾപ്പെടുത്തുകയും ചെയ്തതോടുകൂടി ഈ രാജ്യത്തിന്റെ ബലഹീനത പൂൎവ്വാധികം വൃദ്ധിയെ പ്രാപിക്കുകയും അന്തഃഛിദ്രങ്ങളും മത്സരങ്ങളും ആവിൎഭവിക്കുകയും മാടമ്പിമാർ, എട്ടുവീട്ടിൽപ്പിള്ളമാർ മുതലായ പ്രഭുക്കന്മാരുടെ ശക്തി അനൎഗ്ഗളമായി പ്രസരിക്കുകയും ചെയ്തുതുടങ്ങി. ഈ പ്രഭുക്കന്മാർ കൊല്ലം 852-ാമാണ്ടു അന്നു നാടുവാണിരുന്ന ആദിത്യവൎമ്മമഹാരാജാവിനെ വിഷം കൊടുത്തു കൊന്നതും തദനന്തരം രാജ്യം ഭരിച്ചിരുന്ന ഉമയമ്മരാജ്ഞിയുടെ സന്താനങ്ങളിൽ ഒന്നൊഴികെ എല്ലാവരെയും കളിപ്പാൻകുളം വഴിയായി അന്തകാലയത്തിലേക്കു അയച്ചതും പിന്നീടു ആ രാജ്ഞി വിദ്യാവാരിധിയും കവികുലശിരോമണിയുമായിരുന്ന കോട്ടയത്തു കേരളവൎമ്മരാജാവിന്റെ സഹായത്തോടുകൂടി വീണ്ടും രാജ്യത്തു സമാധാനത്തെ ഉറപ്പിച്ചതും മറ്റും പരമ്പരാപ്രാപ്തമായ കേട്ടുകേൾവികൊണ്ടു ഇന്നും ജനങ്ങളുടെ നിത്യസ്മൃതിയിൽ ഇരിക്കുന്നവയാണല്ലൊ. എന്നാൽ, ഉമയമ്മരാജ്ഞിയാൽ സ്ഥാപിതമായ സമാധാനം രാജ്യത്തു മുഴുവൻ വ്യാപിക്കുകയോ ദീൎഘകാലത്തേക്കു നിലനിൽക്കുകയോ ചെയ്തില്ല. എട്ടുവീടന്മാരുടെയും മറ്റും പ്രാബല്യവും അക്രമങ്ങളും വീണ്ടും വൎദ്ധിച്ചുകൊണ്ടുതന്നെ ഇരുന്നു. അതിനാൽ 901-ൽ രാജ്യം വാണിരുന്ന രാമവൎമ്മമഹാരാജാവു എട്ടുവീട്ടിൽപ്പിള്ളമാരെയും മറ്റും കീഴടക്കാനായി തൃശ്ശിനാപ്പള്ളിയിൽനിന്നു ഏതാനും സൈന്യങ്ങളെ വരുത്തി പത്മനാഭപുരത്തു താമസിപ്പിച്ചിരുന്നു. എങ്കിലും രാജ്യത്തിന്റെ സമാധാനരക്ഷയ്ക്കായി വിശേഷിച്ചൊന്നും ചെയ്യാനിടയാകാതെ തന്നെ അവിടുത്തെ കാലവും കഴിഞ്ഞു.

കൊല്ലം 904-ാമാണ്ടു മാർത്താണ്ഡവർമ്മമഹാരാജാവു രാജ്യഭാരം കയ്യേററപ്പോൾ ഏററവും ചുരുങ്ങി, എടവായ്ക്കു തെക്കുള്ള പ്രദേശങ്ങൾ മാത്രം ഉൾപ്പെട്ടിരുന്നതായ തിരുവിതാംകൂറിൽ ഉണ്ടായിരുന്ന അന്തഃഛിദ്രങ്ങൾക്കും മത്സരങ്ങൾക്കും ഉപദ്രവങ്ങൾക്കും അസഹ്യതകൾക്കും മററും ഒരു കയ്യും കണക്കുമില്ലായിരുന്നു. അക്കാലത്തിനു മുമ്പു തന്നെ തേങ്ങാപ്പട്ടണം, കന്യാകുമാരി എന്നീ സ്ഥലങ്ങളിൽ ഡച്ചുകാരും, കുളച്ചൽ, ഇടവാ എന്നീ സ്ഥലങ്ങളിൽ ഡെയിൻകാരും, അഞ്ചുതെങ്ങിൽ ഇംഗ്ലീഷുകാരും പണ്ടകശാലകൾ കെട്ടി കച്ചവടം ചെയ്തു താമസിക്കുന്നുണ്ടായിരുന്നു. തിരുവിതാംകൂറിനെ സംബന്ധിച്ചു ഇക്കാലത്തിനിപ്പുറമുള്ള ചരിത്രങ്ങൾ പ്രസിദ്ധങ്ങളും ശരിയായും പൂർണ്ണമായും എല്ലാവർക്കും അറിയാവുന്നതുമാണ്.

മാർത്താണ്ഡവർമ്മമഹാരാജാവു — അവിടുന്നു ചരിത്രപ്രസിദ്ധനായിട്ടുള്ള ഒരു മഹാനുഭാവനാണല്ലോ. അമോഘപ്രഭാവനായ പുരുഷകേസരിയാണ് തിരുവിതാംകൂറിനെ ഒരു രാജ്യമെന്നു പറയാവുന്ന സ്ഥിതിയിലാക്കിത്തീർത്തതു. അവിടുത്തെ ബുദ്ധിസാമർത്ഥ്യം, പരാക്രമം, യുദ്ധവൈദഗ്ദ്ധ്യം, സഹനശക്തി, ആശ്രിതവാത്സല്യം, പ്രജാക്ഷേമതല്പരത, സത്യം, നീതി മുതലായ സൽഗുണങ്ങളെപ്പററി വിവരിക്കുവാൻ "ശിവ ശിവ ശിവനെ! ശേഷനും ശേഷിപോരാ" എന്നു തന്നെ പറയേണ്ടിയിരിക്കുന്നു. അവിടുന്നു വേഷഛന്നനായും മററും നടന്നു പ്രവർത്തിച്ചിട്ടുള്ള ഓരോ അത്ഭുതകർമ്മങ്ങളേയും സാധിച്ചിട്ടുള്ള ദുസ്സാധകാര്യങ്ങളേയും മററും കുറിച്ചു വിചാരിച്ചാൽ ആരും വിസ്മയിച്ചുപോകും. 1. എട്ടുവീട്ടിൽപ്പിള്ളമാർ, എടത്തുപ്പോററി മുതലായ രാജദ്രോഹികളുടെ വംശോന്മൂലനം ചെയ്തു. 2. കുളച്ചൽ, കിളിമാനൂർ മുതലായ സ്ഥലങ്ങളിൽവെച്ചു അതിശക്തന്മാരായ ഡച്ചുകാരെ ജയിക്കുക. 3. എളയിടത്തുനാടു, ജയസിംഹനാടു, കായങ്കുളം, ചെമ്പകശ്ശേരി (അമ്പലപ്പുഴ), തെക്കുംകൂർ, വടക്കുംകൂർ മുതലായി ഇടവാ മുതൽ പെരിയാറു വരെ അനേകം രാജാക്കന്മാരുടെ വകയായിരുന്ന രാജ്യങ്ങളെല്ലാം പിടിച്ചടക്കി തിരുവിതാംകൂറിനോടു ചേർക്കുക. 4. വിദേശിയരുടെ ആക്രമത്തെ തടുക്കുന്നതിനായി തെക്കേ അതൃത്തിയിൽ (കടുക്കാ മുതൽ കന്യാകുമാരിവരെ) ഒരു കോട്ട കെട്ടിക്കുക. 5. ശ്രീപത്മനാഭസ്വാമിക്കു

ത്തും പൊളിച്ചു അത്ഭുതകരശില്പവിശേഷങ്ങളോടു കൂടി
(ഇപ്പോൾ കാണുന്ന സ്ഥിതിയിൽ) പണിയിക്കുക. 6. ഒടു
വിൽ തിരുവിതാംകൂർരാജ്യത്തെ തൃപ്പടിദാനമായി ശ്രീപ
ത്മനാഭസ്വാമിസന്നിധിയിൽ സമൎപ്പിക്കുക 7. നരഹത്യാ
ദി പാപശാന്തികരവും വംശവൃദ്ധികരവും ശത്രുനാശകരവും
ശ്രേയസ്കരവുമായി "അൻപോടാറാറു സംവത്സരമുറതിവ
രും കാലമായി" ഇന്നും നടന്നുവരുന്ന മുറജപം എന്ന അ
ഭുതപൂൎവമായ വിശിഷ്ടകൎമ്മം ആരംഭമായിത്തുടങ്ങുക എന്നി
വ ആ തിരുമനസ്സിലെ അത്ഭുതകൎമ്മങ്ങളിലും അക്കാലത്തെ
വിശേഷസംഭവങ്ങളിലും പ്രധാനങ്ങളായിട്ടുള്ളവയാണ്. രാ
മയ്യൻദളവാ, ഡിലനായി, അയ്യപ്പൻമാൎത്താണ്ഡപിള്ള
മുതലായി ആ തിരുമനസ്സിലേക്കുണ്ടായിരുന്ന അനുചരന്മാ
രും എല്ലാം അവിടേക്കു ചേൎന്നവർ തന്നെയായിരുന്നു.

രാമവൎമ്മമഹാരാജാവു — കൊല്ലം 933 മുതൽ 973 വ
രെ രാജ്യം ഭരിച്ച ധൎമ്മിഷ്ഠനും, നീതിമാനും, ദയാലുവും,
ആശ്രിതവത്സലനും, പ്രജാക്ഷേമൈകതല്പരനും, ധീരോദാ
ത്തനും, പരാക്രമവാരിധിയും, യുദ്ധനിപുണനുമായിരുന്ന ഈ
പുണ്യപുരുഷരത്നം, വീരമാൎത്താണ്ഡവൎമ്മമഹാരാജാവിനാൽ
സമ്പാദിതമായിരുന്ന യശസ്സിനെ തന്റെ ബാഹുവിക്രമം
കൊണ്ടും സ്വഭാവഗുണംകൊണ്ടും ശതഗുണീകരിച്ചു. സാമൂ
തിരിയെ ജയിച്ചു കൊച്ചീരാജാവിനു അഭയം കൊടുത്തതും,
തിരുവിതാംകൂർ വകയായി സഹ്യാദ്രിയുടെ കിഴക്കുഭാഗത്തു
ണ്ടായിരുന്ന ദേശങ്ങളിൽ ചിലതിനെ മഹമ്മദാലിയുടെ
കൈവശത്തിൽനിന്നു വീണ്ടെടുത്തതും ആലങ്ങാട്ടും പറവൂ
രും നിർബാധമായി സ്വാധീനപ്പെടുത്തിയതും ടിപ്പുസുൽത്താ
നെ തൃണവൽ ഗണിച്ചു തദ്വിരോധികളെ രക്ഷിച്ചതും അ
യാൾക്കു (സുൽത്താനു) അംഗഭംഗവും അവമാനവും വരു
ത്തി, അവസാനത്തിൽ അയാളെ ഇംഗ്ലീഷുകാരുടെ ആയുധ
ത്തിനു ആഹാരമാക്കിത്തീൎത്തതും കോഴിക്കോട്ടു, മൈസൂർ മു
തലായ സ്ഥലങ്ങളിൽ വെച്ചുണ്ടായ യുദ്ധങ്ങളിൽ തന്റെ
സൈന്യങ്ങളെക്കൂടെയയച്ചു ഈസ്റ്റിൻഡ്യാക്കമ്പനിക്കാരെ സ
ഹായിച്ചതും ഒടുവിൽ ഇംഗ്ലീഷുകാരുമായി ശുഭോദൎക്കമായ ഒരു
ടമ്പടി എഴുതി മാറിയതും മററും മഹാനുഭാവനായിരുന്ന അ
തിരുമനസ്സിലെ പ്രധാനപ്രവൃത്തികളിൽ ഉൾപ്പെട്ടവയാകു
ന്നു. തന്റെ പ്രജകളുടെ ക്ഷേമാഭ്യുദയങ്ങൾക്കായി ഈ തി
രുമേനി ചെയ്തിട്ടുള്ള സൽപ്രവൃത്തികൾക്കു അവസാനമി

ല്ല. "പരപ്രശംസാവിമുഖന്മാരായ ഇംഗ്ലീഷുകാർ കൂടിയും ഈ മഹാരാജാവിനെ തിരുവിതാംകൂർരാജ്യക്കാരുടെ സാക്ഷാൽ പിതാവെന്നാണ് പറയുന്നതു്" എന്ന് ഈ തിരുമനസ്സിലേക്കുറിച്ച് ഒരു യൂറോപ്യൻപാതിരി എഴുതിയിരിക്കുന്നു. സേനാനായകത്വവും പ്രധാനമന്ത്രിസ്ഥാനവും മററും വഹിച്ചിരുന്ന കുമാരൻ ചെമ്പകരാമൻതമ്പി, മഹാനായ സാക്ഷാൽ രാജാകേശവദാസ് മുതലായി അന്നു തിരുമനസ്സിലെ സകലവിജയങ്ങൾക്കും സദാ സർവ്വാത്മനാ സഹായിച്ചിട്ടുള്ള മഹാനുഭാവന്മാരും അസാമാന്യന്മാരായിരുന്നു എന്നുള്ളതും ഇവിടെ പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

973-ാമാണ്ടു രാമവർമ്മമഹാരാജാവു നാടുനീങ്ങിയതിന്റെ ശേഷം സർവ്വപ്രകാരേണയും അശക്തനായ ബാലരാമവർമ്മമഹാരാജാവും ക്രൂരനായ വേലുത്തമ്പിദളവായും കൂടിയുള്ള രാജ്യഭരണകാലമായിരുന്നു. അക്കാലം തിരുവിതാംകൂറിന് അത്ര ശുഭപ്രദമായിരുന്നില്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ആ മഹാരാജാവിന്റെ കാലത്ത് ഇംഗ്ലീഷുകാരുമായി മുമ്പുണ്ടായിട്ടുള്ള ഉടമ്പടി ചില ഭേദഗതികളോടു കൂടി ഒന്നു മാറിയെഴുതപ്പെടേണ്ടതായി വന്നു. അന്നു രാജ്യത്തു പലവിധം ക്ഷോഭങ്ങളും ഇംഗ്ലീഷുകാരുമായി ചില കലഹങ്ങളും മററുമുണ്ടായിത്തീർന്നു. ആ ക്ഷോഭങ്ങളും കലഹങ്ങളുമെല്ലാം നിശ്ശേഷം ശമിച്ചതു 986-ാമാണ്ടു ഗുണവതി ലക്ഷ്മീമഹാരാജ്ഞി രാജ്യഭരണം ആരംഭിച്ചതോടു കൂടിയാണ്. മൺറോസായ്പിന്റെ ആലോചനയോടും സഹായത്തോടും കൂടി ആ മഹാരാജ്ഞി രാജ്യം ഭരിച്ചിരുന്ന നാലു കൊല്ലങ്ങൾക്കിടയിൽ രാജ്യത്തു ദോഷകരമായ യാതൊരു സംഭവവും ഉണ്ടായിട്ടില്ലെന്നു മാത്രമല്ല അക്കാലത്തു തിരുവിതാംകൂർ വീണ്ടും പൂർവ്വാധികമായ യശസ്സിനു പാത്രീഭവിക്കുകയും ചെയ്തു.

ലക്ഷ്മീമഹാരാജ്ഞിയുടെ കാലാനന്തരം 990-ാമാണ്ടു പാർവ്വതീമഹാരാജ്ഞി രാജ്യഭരണം ആരംഭിച്ചു. സകലസൽഗുണസമ്പന്നയും ധർമ്മൈകനിരതയുമായിരുന്ന ആ മഹാരാജ്ഞി തന്റെ പൂർവ്വഗാമിനി നടന്നിരുന്ന മാർഗ്ഗത്തിൽനിന്നു രേഖാമാത്രം പോലും ചലിക്കാതെ 1004-ാമാണ്ടു വരെ ഭംഗിയായി രാജ്യം ഭരിച്ചു. അക്കാലത്ത് അനേകം പാതിരിസംഘങ്ങൾക്ക് ഈ രാജ്യത്തു താമസിക്കുന്നതിന് അനുവാദ

വും വളരെ ധനസഹായവും ഈ മഹാരാജ്ഞിയിൽനിന്നു ലഭിച്ചിട്ടുണ്ട്. നായർപട്ടാളവും അച്ചടിശാലയും ഉത്ഭവിച്ചതും അക്കാലത്തു തന്നെ ആയിരുന്നു.

പാർവ്വതിമഹാരാജ്ഞിയുടെ കാലശേഷം കൊല്ലം 1022-ാമാണ്ടു വരെ രാജ്യം ഭരിച്ചിരുന്നതു ഗർഭശ്രീമാനും സംഗീതസാഹിത്യപാരാവാരപാരംഗതനുമായ രാമവർമ്മമഹാരാജാവായിരുന്നു. ഗംഭീരാശയനും ശൂരനുമായിരുന്ന ആ തിരുമനസ്സുംകൊണ്ടു നരസിംഹാംശസംഭൂതനാണെന്നാണ് അക്കാലത്തുണ്ടായിരുന്നവർ വിശ്വസിച്ചിരുന്നതു്. താൻ ഒന്നു പറഞ്ഞാൽ അതു് അപ്രകാരം തന്നെ നടക്കണമെന്നുള്ള നിർബന്ധവും നടത്താനുള്ള ശക്തിയും ഈ തിരുമനസ്സിലേപ്പോലെ ഈ സ്വരൂപത്തിൽ മററാർക്കും ഉണ്ടായിരുന്നതായി തോന്നുന്നില്ല. അവിടുത്തെത്തിരുനാമം കേട്ടാൽത്തന്നെ ഒന്നു ഞെട്ടാതെ മനുഷ്യവർഗ്ഗത്തിൽ ആരും അക്കാലത്തുണ്ടായിരുന്നില്ല. എന്നാൽ അവിടുത്തേപ്പേരിൽ ജനങ്ങൾക്കു് എന്തെന്നില്ലാതെ ഇത്രമാത്രം ഭയം ജനിക്കത്തക്കവണ്ണമുള്ള ഭയങ്കരപ്രവൃത്തികൾ ഒന്നും അവിടുന്നു ചെയ്തിട്ടുമില്ല. ആ മഹാരാജാവു രാജ്യഭരണസംബന്ധമായി ചെയ്തിട്ടുള്ള പ്രധാനസംഗതികൾ—തിരുവനന്തപുരത്തു് ഒരു ഇംഗ്ലീഷുപള്ളിക്കൂടവും നക്ഷത്രബംഗ്ലാവും സ്ഥാപിച്ചു. ഹജൂർക്കച്ചേരിയും മററും * കൊല്ലത്തുനിന്നു തിരുവനന്തപുരത്തേക്കു മാററി. സർവ്വേ തുടങ്ങിച്ചു. ജനങ്ങൾക്കു സ്നേഹങ്ങളും ദ്രോഹങ്ങളുമായിരുന്ന അനേകം നികുതികളെ നിറുത്തൽ ചെയ്തു—എന്നിവകളാകുന്നു.

മേല്പറഞ്ഞ രാമവർമ്മമഹാരാജാവു നാടുനീങ്ങിയതിന്റെ ശേഷം 1022-ാമാണ്ടു മുതൽ 1036-ാമാണ്ടു വരെ രാജ്യം വാണിരുന്നതു് അവിടുത്തെ കനിഷ്ഠസഹോദരനായ മാർത്താണ്ഡവർമ്മമഹാരാജാവായിരുന്നു. പരോപകാരതല്പരനും ആശ്രിതവത്സലനും വിദ്വജ്ജനങ്ങൾക്കു വിശേഷിച്ചും ആശ്രയസ്ഥാനവുമായിരുന്ന ആ തിരുമനസ്സിലെ സ്വഭാവഗുണങ്ങളെപ്പററി യൂറോപ്യന്മാർ തന്നെയും അത്യന്തം ശ്ലാഘിച്ചിട്ടുണ്ട്. അവിടുത്തെക്കാലത്താണ് സർ ടി മാധവരായർ

* വേണാടിന്റെ തലസ്ഥാനം ആദ്യം കൊല്ലവും പിന്നീടു വിഴിഞ്ഞം തിരുവിതാംകോടു എന്നീ സ്ഥലങ്ങളും തിരുവനന്തപുരമാകുന്നതിനു മുമ്പു പത്മനാഭപുരവുമായിരുന്നു.

തിരുവിതാംകൂർ പ്രധാനമന്ത്രിയായിത്തീർന്നു. അടിമവ്യാപാരം നിറുത്തൽ ചെയ്കയും ക്രിസ്തുമതത്തിൽ ചേരുന്ന ഇതരജാതിക്കാർക്കു മേൽജാതിക്കാരുടെ ഇടയിൽ നടക്കുകയും അവരെപ്പോലെ വസ്ത്രം ധരിക്കുകയും ചെയ്യുന്നതിനുള്ള അവകാശവും അനുവാദവും കല്പിച്ചുകൊടുക്കുകയും മറ്റും ചെയ്തതു ഈ മഹാരാജാവാണ്. അവിടുന്നു കല്പിച്ചു ചെയ്തിട്ടുള്ള ഏർപ്പാടുകളിൽ മുഖ്യവും ജനങ്ങൾക്കു ഗുണകരവും അവിടേയ്ക്കു പ്രശംസാവഹവും ഇന്നും ജനങ്ങൾ അവിടുത്തെക്കുറിച്ചു നന്ദിപൂർവം സ്മരിക്കുന്നതിനു കാരണവുമായിത്തീർന്നിട്ടുള്ളതു നല്ലമുളകിന്മേൽ ഗവൺമെന്റിനുണ്ടായിരുന്ന അവകാശത്തെ വിട്ടുതരൽ ചെയ്തതാകുന്നു.

ഇനി നമുക്കു ആധുനികകാലത്തിലേക്കു പ്രവേശിക്കാം. കൊല്ലം 1036-ാമാണ്ടു മുതൽ 1055-ാമാണ്ടു വരെ രാജ്യം ഭരിച്ചിരുന്ന ആയില്യംതിരുനാൾരാമവർമ്മമഹാരാജാവുതിരുമനസ്സിലെ ഭരണനൈപുണ്യം, ബുദ്ധിമാഹാത്മ്യം, പൌരുഷം മുതലായ ഗുണങ്ങളെ വിവരിക്കുകയെന്നുള്ളതു അത്ര സുകരവും ക്ഷിപ്രസാദ്ധ്യവുമല്ല. അവിടുന്നു സർ ടി മാധവരായർദിവാൻജിയും കൂടിയാണ് വാസ്തവത്തിൽ തിരുവിതാംകൂറിനെ "മാതൃകാരാജ്യം" എന്ന പേരിനു അർഹമാക്കിത്തീർത്തതു. ആ തിരുമേനി മാധവരായർക്കു പകരം സർ ശേഷയ്യാശാസ്ത്രികളെ വരുത്തി നിയമിക്കുകയും രാജ്യത്തിനു അഭ്യുദയവൃദ്ധികരങ്ങളായ അനേകം ഏർപ്പാടുകളും നിയമങ്ങളും നടപ്പിൽ വരുത്തുകയും ചെയ്തു. അവിടുത്തെ യോഗ്യതകളെ അറിഞ്ഞു ബ്രിട്ടീഷുഗവൺമെന്റു അവിടേയ്ക്കു ജി സി എസ് ഐ മുതലായി അനേകം സ്ഥാനമാനങ്ങൾ കൊടുത്തതു കൂടാതെ അവിടുന്നുമായുള്ള എഴുത്തുകുത്തുകളിലെല്ലാം "മഹാരാജാവു്" എന്ന സ്ഥാനത്തെ ഉപയോഗിക്കണമെന്നു തീർച്ചപ്പെടുത്തുകയും ചെയ്തു.

ആയില്യംതിരുനാൾതിരുമനസ്സിലെ കാലാനന്തരം അവിടുത്തെ സഹോദരനായ വിശാഖംതിരുനാൾരാമവർമ്മമഹാരാജാവുതിരുമനസ്സുകൊണ്ടു 1060-ാമാണ്ടിന്റെ അവസാനം വരെ രാജ്യം ഭരിച്ചിരുന്നു. ആ തിരുമനസ്സിലെ കുശാഗ്രബുദ്ധിത്വം, മഹാമനസ്കത, ശാസ്ത്രജ്ഞത്വം, സ്വഭാഷയിലും ഇംഗ്ലീഷു, സംസ്കൃതം മുതലായ ഇതരഭാഷകളിലുമുള്ള നൈപുണ്യം, രാജ്യതന്ത്രജ്ഞത, സദാചാരനിഷ്ഠ മുത

ലായ ഗുണഗണങ്ങളെക്കുറിച്ചുള്ള ഓൎമ്മ ഇന്നും ജനങ്ങളുടെ മനസ്സിൽനിന്നു പോയിട്ടില്ല. അവിടത്തെക്കാലത്തു ഗവൎമ്മെന്റിന്റെ സകലഡിപ്പാൎട്ടുമെന്റുകളും പ്രത്യേകം പ്രത്യേകം പരിഷ്കരിക്കപ്പെട്ടുകയും ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലി മുതലായ അഴിമതികളാകുന്ന ശലഭങ്ങൾ ആ തിരുമേനിയുടെ പ്രതാപാഗ്നിയാൽ ഭസ്മീകരിക്കപ്പെട്ടുകയും ചെയ്തു. ദുഷ്ടനിഗ്രഹശിഷ്ടപരിപാലനനിരതം രാജ്യം ഭരിച്ചുകൊണ്ടിരുന്ന ആ ശ്രീരാമവൎമ്മമഹാരാജോത്തമാംശത്തിൽ ബ്രിട്ടീഷുഗവൎമ്മെന്റാകുന്ന കല്പവൃക്ഷവും യൂറോപ്പിലുള്ള സകല സുമനസ്സംഘങ്ങളും സംഖ്യയില്ലാതെകണ്ടുള്ള സ്ഥാനമാനപുഷ്പങ്ങളെ വൎഷിച്ചു. മദ്രാസ് ഗവൎണ്ണരായിരുന്ന സർ. എം. ഇ. ഗ്രാൻറ് ഡഫ് മുതലായ ഇംഗ്ലീഷുഗ്രന്ഥകാരന്മാർ അവിടത്തെ യോഗ്യതകളെപ്പറ്റി സവിശേഷം പ്രശംസിച്ചെഴുതീട്ടുണ്ട്. ആ തിരുമനസ്സിലെ പ്രധാനമന്ത്രിയായിരുന്ന രാമയ്യങ്കാരുടെ സാമൎത്ഥ്യവും യോഗ്യതകളും അപരിമിതങ്ങളായിരുന്നു എന്നുള്ളതും ഇവിടെ പ്രത്യേകം സ്മരണീയമാകുന്നു.

ഉഗ്രശാസനനായിരുന്ന ആ തിരുമനസ്സിലെ കാലാനന്തരമാണ് ഈ പുസ്തകത്തിനു വിഷയവും നമ്മുടെ അന്നദാതാവുമായ പൊന്നുതമ്പുരാൻ—ശ്രീമൂലംതിരുനാൾ രാമവൎമ്മ മഹാരാജാവു—തിരുമനസ്സുകൊണ്ടു സിംഹാസനാരോഹണം ചെയ്തതു്. ഇപ്രകാരമാകുന്നു തിരുവിതാംകൂറിന്റെ ഏതത്കാലപൎയ്യന്തമുള്ള സംക്ഷിപ്തചരിത്രം. ഇനി ഇപ്പോൾ നാടുവാഴുന്ന ശ്രീമൂലംതിരുനാൾതിരുമനസ്സിലെ ജീവിതകഥയിൽ പ്രവേശിക്കാം.

---

## രണ്ടാം അദ്ധ്യായം.

### അവതാരവും ശൈശവബാല്യങ്ങളും.

നമ്മുടെ പൊന്നുതമ്പുരാൻതിരുമനസ്സുകൊണ്ടു ക്രിസ്ത്വബ്ദം 1857 സെപ്ടംബർമാസം 25-ാംനു-ക്കു കൊല്ലം 1033-ാമാണ്ടു കന്നിമാസം 11-ാംനു-യാണ് ശ്രീമൂലംതിരുനാളിൽ തിരുവവതാരം ചെയ്തരുളിയതു്. തിരുമനസ്സിലെ മാതാവും കൊല്ലം 986 മുതൽ 990 വരെ രാജ്യം ഭരിക്കുക

യും തിരുവിതാംകൂർരാജ്യഭരണത്തിന്റെ ആധുനികരീതിക്കു് അടിസ്ഥാനമിടുകയും ചെയ്തിട്ടുള്ള റാണി ലക്ഷ്മീഭായി തിരുമനസ്സിലെ ദൌഹിത്രിയും കൊല്ലം 22 മുതൽ 36 വരെ നാടുവാണിരുന്ന മാർത്താണ്ഡവർമ്മമഹാരാജാവുതിരുമനസ്സിലെ ഭാഗിനേയിയും അശ്വതിതിരുനാൾ, വിശാഖംതിരുനാൾ എന്നീ വിശ്വവിശ്രുതന്മാരായിരുന്ന രണ്ടു തിരുമേനികളുടെയും സഹോദരിയും ആയ റാണി ലക്ഷ്മീഭായി തിരുമനസ്സുകൊണ്ടും, പിതാവു കേരളകാളിദാസനെന്നു ലോകപ്രസിദ്ധനായിരിക്കുന്ന കേരളവർമ്മവലിയകോയിത്തമ്പുരാൻ സി. എസ്. ഐ. തിരുമനസ്സിലെ മാതുലനും ഗുരുവുമായിരുന്ന രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടുമായിരുന്നു. ആ അമ്മമഹാരാജ്ഞിതിരുമനസ്സുകൊണ്ടു സൌശീല്യാദിസൽഗുണങ്ങളുടെ വിളനിലമായിരുന്നു എന്നു മാത്രമല്ല, ആ കാലസ്ഥിതിക്കും ഈ രാജകുടുംബത്തിന്റെ അവസ്ഥയ്ക്കും അനുരൂപമായ വൈദുഷ്യവും അവിടേയ്ക്കുണ്ടായിരുന്നു. ആ മഹാരാജ്ഞിതിരുമനസ്സിലേക്കു അനുരൂപനായ പ്രിയതമനും നമ്മുടെ പൊന്നുതമ്പുരാൻതിരുമനസ്സിലെ പിതാവുമായിത്തീരുവാൻ തക്ക ഭാഗ്യവും യോഗ്യതകളും പരിപൂർണ്ണമായി തികഞ്ഞിരുന്ന ആ കോയിത്തമ്പുരാൻതിരുമനസ്സിലെ വിദ്വത്വം എത്രമാത്രമുണ്ടായിരുന്നു എന്നുള്ളതിനു അവിടുന്നു സകലശാസ്ത്രപാരാവാരപാരദൃശ്വാവായിരുന്ന കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ഗുരുവായിരുന്നു എന്നു പറഞ്ഞിട്ടുള്ളതിൽ അധികമായി ഒന്നും വിവരിക്കേണമെന്നില്ലല്ലൊ. ഇപ്രകാരം സകലസൽഗുണസമ്പൂർണ്ണന്മാരായിരുന്ന ദമ്പതിമാരുടെ പുത്രനായിട്ടാണു് നമ്മുടെ കഥാനായകന്റെ അവതാരം. ആ ദമ്പതിമാരുടെ ജ്യേഷ്ഠപുത്രനും ഈ മൂലം തിരുനാൾ തിരുമനസ്സിലെ ജ്യേഷ്ഠഭ്രാതാവുമായി ക്രിസ്ത്വാബ്ദം 1854-ാമാണ്ടു തിരുവവതാരം ചെയ്തരുളിയ അത്തംതിരുനാൾ മാർത്താണ്ഡവർമ്മ തിരുമനസ്സുകൊണ്ടല്ലാതെ ആ ശാഖയിൽ വേറെ ആരും ഉണ്ടായിരുന്നില്ല.

സകലവിധഭാഗ്യങ്ങൾക്കും സുഖാനുഭൂതികൾക്കും പാത്രമായി ഭവിച്ചിരിക്കുന്ന ഈ മഹാരാജാവു തിരുമനസ്സിലേക്കു തന്റെ മാതാവിന്റെ വാത്സല്യപൂർവകമായ ലാളനത്താലുള്ള സുഖമനുഭവിക്കുന്നതിനുള്ള ഭാഗ്യം മാത്രമുണ്ടായിട്ടില്ലെന്നു വ്യസനപൂർവം പറയേണ്ടിയിരിക്കുന്നു. തിരുമനസ്സിലെ അവതാരാനന്തരം പതിനൊന്നാംദിവസം അവിടുത്തെ മാതാ

പായ റാണി ലക്ഷ്മീഭായി തിരുമനസ്സുകൊണ്ടു മൂന്നു വയസ്സു മാത്രവും പതിനൊന്നു ദിവസം മാത്രവും പ്രായമായിട്ടുള്ള തന്റെ പ്രിയപുത്രന്മാരെയും അനുരൂപനായ പ്രിയതമനേയും കരുണാനിധിയായ മാതുലനേയും ഗംഭീരന്മാരായ സഹോദരന്മാരെയും വഞ്ചീശ്വരി എന്നുള്ള സ്ഥാനത്തേയും ഐഹികങ്ങളായ സകലസുഖാനുഭവങ്ങളേയും ഇഹലോകവാസത്തേയും എന്നു വേണ്ട, തന്റെ ദേഹത്തെത്തന്നെയും ഉപേക്ഷിച്ചിട്ടു ഇരുപത്തെട്ടാമത്തെ തിരുവയസ്സിൽ സ്വർഗ്ഗാരോഹണം ചെയ്തുകളഞ്ഞു. മഹാരാജ്ഞിതിരുമനസ്സിലെ ഈ അകാലനിര്യാണം അവിടുത്തെ കുടുംബത്തിലുൾപ്പെട്ടവരേയും പ്രിയഭർത്താവിനേയും മറ്റും മാത്രമല്ല, രാജഭക്തിയിൽ അദ്വിതീയന്മാരെന്നു പ്രസിദ്ധന്മാരായ തിരുവിതാംകൂർരാജ്യവാസികളെ അശേഷവും എത്രമാത്രം പരിതപിപ്പിച്ചു എന്നുള്ളതു അവാങ്മനോഗോചരമാകുന്നു. മഹാരാജ്ഞികൾ നാടുനീങ്ങുന്ന അവസരങ്ങളിൽ ആ മഹാരാജകുടുംബത്തിലുൾപ്പെട്ടവർക്കും തൽപ്രജകളായ ജനങ്ങൾക്കും ദുസ്സഹമായ ദുഃഖമുണ്ടാവുക സാധാരണമാണ്. എന്നാൽ ഈ മഹാരാജ്ഞി തിരുമനസ്സിലെ പരലോകപ്രാപ്തി നിമിത്തമുണ്ടായ ദുഃഖത്തിനു സാധാരണയിൽ ആധിക്യം ഭവിക്കുന്നതിനു ചില വിശേഷകാരണങ്ങൾ കൂടിയുണ്ട്. ഈ ലക്ഷ്മീഭായിതിരുമനസ്സിലെ കൂടപ്പിറന്നവരായിട്ടു നാലു സഹോദരന്മാരും രണ്ടു സഹോദരികളുമാണുണ്ടായിരുന്നതു്. സഹോദരികൾ രണ്ടും ചെറുപ്പത്തിലേ നാടുനീങ്ങിപ്പോയി. സഹോദരന്മാരിൽ അയില്യംതിരുനാൾ, വിശാഖംതിരുനാൾ എന്നിങ്ങനെ രണ്ടു ഗംഭീരാശയന്മാരെക്കൂടാതെ ഉണ്ടായിരുന്ന രണ്ടു പേരും രാജ്യഭരണത്തിനൊന്നല്ല, ഒന്നിനും തന്നെ ശക്തന്മാരല്ലാത്ത നിലയിലായിത്തീർന്നു. അവിടേയ്ക്കു മേല്പറഞ്ഞ രണ്ടു പുത്രന്മാരല്ലാതെ സ്ത്രീസന്താനം ഉണ്ടായിട്ടുമില്ലല്ലോ. ഈ ഒരു മഹാരാജ്ഞി മാത്രമല്ലാതെ അക്കാലത്തു തിരുവിതാംകൂറിൽ പെൺവഴിത്തമ്പുരാക്കന്മാരാരും വേറെ ഉണ്ടായിരുന്നുമില്ല. അവിടുത്തെ ശാന്തസ്വഭാവവും മനോഗുണവും മറ്റും കൊണ്ടു് അവിടുന്നു തന്റെ മാതുലന്റെയും സഹോദരന്മാരുടെയും വാത്സല്യഭാജനവും ജനങ്ങളുടെ ബഹുമാനഭക്തിസന്തോഷങ്ങൾക്കു് ആസ്പദവും ആയിരുന്നു. ഇപ്രകാരം സകലസൽഗുണങ്ങൾക്കും ഏകനിവാസസ്ഥാനവും അന്നു നാടുവാണിരുന്ന മാർത്താണ്ഡവർമ്മമഹാരാജാവുതിരുമനസ്സിലെ ഏ

കഭാഗിനേയിയും ആയില്യംതിരുനാൾ, വിശാഖംതിരുനാൾ എന്നീ മഹാരാജാക്കന്മാരുടെ ഏകസഹോദരിയും തിരുവിതാംകൂർ മഹാരാജകുടുംബത്തിലെ ഏകസന്താനവല്ലിയുമായിരുന്ന ആ തിരുമേനിയുടെ ഈദൃശമായ അകാലവിയോഗത്തിൽ ആ കുടുംബത്തിലുള്ളവരുടെയും ജനങ്ങളുടെയും ദുഃഖം സീമാതീതമായിരിക്കാനല്ലാതെ തരമില്ലല്ലൊ. എന്നാൽ സകലസാധാരണമായ സ്വമാതൃവിയോഗദുഃഖം നമ്മുടെ മൂലംതിരുനാൾ തിരുമനസ്സിലേക്ക് (അന്ന് ഒന്നും അറിയാറായിട്ടില്ലാഞ്ഞതിനാൽ) അനുഭവിക്കേണ്ടതായി വന്നില്ല. ഏതുസ്ഥിതിയിലുള്ളവക്കും മനുഷ്യജന്മം സുഖദുഃഖസമ്മിശ്രമായിട്ടല്ലാതെയിരിക്കയില്ലെന്നുള്ള തത്വം. നളൻ, ശ്രീരാമൻ, പാണ്ഡവന്മാർ മുതലായ പുരാണപുരുഷന്മാരുടെ ചരിത്രങ്ങളെന്നപോലെ നമ്മുടെ ശ്രീമൂലംതിരുനാൾ തിരുമനസ്സിലെ ജീവിതകഥയും നമ്മെ വേണ്ടുംവണ്ണം പഠിപ്പിക്കുന്നുണ്ടെന്നുള്ളതു മേൽ വരുന്ന സംഗതികൾകൊണ്ടു കാണാം.

മഹാരാജ്ഞിതിരുമനസ്സുകൊണ്ടു നാടുനീങ്ങിയതിന്റെ ശേഷം ആ രാജകുമാരന്മാരുടെ സംരക്ഷകനായി അവരുടെ പിതാവായ രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പനപ്രകാരം നിയമിക്കപ്പെട്ടു. എന്നാൽ ആ സ്ഥിതിയും അധികകാലം നീണ്ടുനിൽക്കുന്നതിനു സർവ്വശക്തനായ ഈശ്വരൻ അനുവദിച്ചില്ല. ശ്രീമൂലംതിരുനാൾ രാജകുമാരന് ഏകദേശം ഒന്നര തിരുവയസ്സായപ്പോഴേക്കും അവിടുത്തെ പിതാവും സംരക്ഷകനുമായിരുന്ന രാജരാജവർമ്മകോയിത്തമ്പുരാൻതിരുമനസ്സുകൊണ്ടു തന്റെ പ്രേമഭാജനമായിരുന്ന മഹാരാജ്ഞിയെ അനുഗമിച്ചു. കോയിത്തമ്പുരാൻതിരുമനസ്സുകൊണ്ടും ചരമഗതിയെ പ്രാപിച്ചതിന്റെ ശേഷം രാജകുമാരന്മാരുടെ രക്ഷാധികാരിത്വം അന്നു നാടുവാണിരുന്ന ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടുതന്നെ വഹിച്ചു.

മാർത്താണ്ഡവർമ്മമഹാരാജാവുതിരുമനസ്സുകൊണ്ടു തനിക്കു ഭാഗിനേയികളും തന്റെ ഭാഗിനേയന്മാർക്കു സഹോദരികളും തന്റെ വംശത്തിൽ സന്താനവൃദ്ധ്യർത്ഥം സ്ത്രീസന്താനങ്ങളും ഇല്ലാത്തതുകൊണ്ടുള്ള ന്യൂനതയും തന്നിമിത്തം തനിക്കും തന്റെ ബാന്ധവന്മാർക്കും പ്രജകൾക്കൊട്ടുക്കുമുള്ള ദുഃഖവും ഒരു വിധം ശമിപ്പിക്കുന്നതിനായി, റസിഡെണ്ടു ജന

ൽ കല്യാണധാരയുടെ അത്യുത്സാഹം നിമിത്തം നിഷ്പ്രയാസമായി ലഭിച്ച ബ്രിട്ടീഷുഗവൎമ്മെണ്ടനുവാദപ്രകാരം മാവേലിക്കര രാജവംശത്തിൽനിന്നു രണ്ടു കുമാരികളെ ക്രിസ്ത്വാബ്ദം 1857 ഡിസംബർ മാസം 21-ാംനു ദത്തെടുത്തു. അവരിൽ മൂത്ത രാജകന്യകയെ (റാണി ലക്ഷ്മീഭായി അവറകൾ മൂത്തതമ്പുരാൻ തിരുമനസ്സിലെ) സദനുരൂപനും സകലസൽഗുണസമ്പന്നനുമായിരുന്ന കേരളവൎമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കൊണ്ടു ക്രിസ്ത്വാബ്ദം 1859-കൊല്ലം 1034-ാമാണ്ടു മേടമാസം 13-ാംനു വേളികഴിപ്പിക്കുകയും ചെയ്തു. ഇങ്ങിനെ നമ്മുടെ കഥാനായകനായ തിരുമനസ്സിലേക്കു ഗുണവതികളായ രണ്ടു സഹോദരിമാർ തന്റെ ജനനാനന്തരം നാലുമാസം തികയുന്നതിനു മുമ്പു തന്നെ വന്നുചേൎന്നതിൽ തദഭാവത്താലുള്ള ദുഃഖം അപ്പോൾ അവിടേക്കു അനുഭവിക്കേണ്ടതായി വന്നില്ല. അവിട്ടത്തെയും അവിട്ടത്തെ ജ്യേഷ്ഠന്റെയും ബാല്യദശാവസ്ഥാചരിത്രങ്ങൾ സന്താപസന്തോഷസമ്മിശ്രങ്ങളായ വികാരങ്ങൾകൊണ്ടു അവരുടെയും മനസ്സിനെ വ്യാകുലപ്പെടുത്തുന്നവയായിരുന്നു. രാജകുമാരന്മാരുടെ സകല കാൎയ്യങ്ങളിലും മാൎത്താണ്ഡവൎമ്മ മഹാരാജാവുതിരുമനസ്സിലെ സാഹചൎയ്യവും ദൃഷ്ടിയും സദാ സശ്രദ്ധമായിട്ടുണ്ടായിരുന്നു. ശ്രീമൂലംതിരുനാൾ തിരുമനസ്സിലെ ചോറൂണു കഴിയുന്നതുവരെ മഹാരാജാവു തിരുമനസ്സുകൊണ്ടു സവാരി എഴുന്നള്ളത്തുപോലും അധികമുണ്ടായിട്ടില്ല. സദാനേരവും രണ്ടു രാജകുമാരന്മാരേയും തന്റെ തിരുമടിയിലും സന്നിധിയിലും വെച്ചു ലാളിച്ചും സന്തോഷിപ്പിച്ചും സന്തോഷിച്ചുംകൊണ്ടിരുന്നു. ചെറിയതിരുമനസ്സിലെ ചോറൂണു കഴിഞ്ഞതിന്റെ ശേഷം മഹാരാജാവുതിരുമനസ്സുകൊണ്ടു സവാരിയെഴുന്നള്ളത്തുസമയത്തും മറ്റും രണ്ടു രാജകുമാരന്മാരെയും കൂടെക്കൊണ്ടെഴുന്നള്ളുകയായിരുന്നു പതിവ്. പ്രതിദിനവും പൊന്നുംശീവേലിയുള്ള ദിവസങ്ങളിൽ ആ സമയത്തും ഉത്സവകാലങ്ങളിലും മറ്റും കോവിലിലെഴുന്നള്ളുമ്പോൾ ഉന്ദിലനായ മഹാരാജാവുതിരുമനസ്സുകൊണ്ട് ഈ ശ്രീമൂലംതിരുനാൾ തിരുമനസ്സിലെ എടുത്തു തന്റെ കുടവയറിന്റെ മീതെ വെച്ച് അടക്കിപ്പിടിച്ചും അത്തംതിരുനാൾ തിരുമനസ്സിലെ തൃക്കൈക്കു പിടിച്ചു നടത്തിയും സ്വയമേവ കൊണ്ടു പുറപ്പെടുന്ന ആ എഴുന്നള്ളത്തു കാണുമ്പോൾ, മാതാപിതാക്കന്മാരില്ലാത്ത ഈ രാ

ജകുമാരന്മാരുടെ സ്ഥിതിയും അവരുടെ മേൽ കരുണാനിധിയായ മഹാരാജാവുതിരുമനസ്സിലേക്കുള്ള സ്നേഹവാത്സല്യങ്ങളും മറ്റും വിചാരിച്ചു മനസ്സലിയാതെയും കണ്ണുനീർ പൊഴിക്കാതെയും അക്കാലത്തു് ആരും ഉണ്ടായിരുന്നില്ല. ഇപ്രകാരം കരുണയോടും വാത്സല്യത്തോടും കൂടിയ ആ മഹാരാജാവുതിരുമനസ്സിലെ സംരക്ഷണസംയുക്തങ്ങളായ ലാളനസുഖങ്ങളെ അനുഭവിക്കുന്നതിനും നമ്മുടെ ശ്രീമൂലംതിരുനാൾ തിരുമനസ്സിലേക്കു മൂന്നു തിരുവയസ്സു കഴിയുന്നതുവരെയല്ലാതെ വിധിസങ്കല്പമുണ്ടായിരുന്നില്ല.

ക്രി. 1860—കൊല്ലം 1036-ാമാണ്ടു് ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മമഹാരാജാവുതിരുമനസ്സുകൊണ്ടു നാടുനീങ്ങുകയും ആയില്യംതിരുനാൾ രാമവർമ്മമഹാരാജാവുതിരുമനസ്സിലേക്കു തിരുമുല്പു സിദ്ധിക്കുകയും ചെയ്തു. അക്കാലം മുതൽ നമ്മുടെ കഥാനായകൻ ആ തിരുമനസ്സിലെ സംരക്ഷണത്തിലും മേലന്വേഷണത്തിലും ഉൾപ്പെട്ടു പൂർവ്വജസമേതം വളർന്നുവന്നു. മൂന്നു വയസ്സിനു മാത്രം പ്രായഭേദമുള്ള ആ രാജകുമാരന്മാർ പരസ്പരസ്നേഹശാലികളായി കളിച്ചും ചിരിച്ചും തകർത്തും സന്തോഷിച്ചും വളർന്നുവന്നതായ ആ ബാല്യദശ അത്യന്തം കൗതുകപ്രദവും നല്ല കല്പനാശക്തിയുള്ള കവികൾക്കു ശ്രീരാമലക്ഷ്മണന്മാരോടോ ബലരാമകൃഷ്ണന്മാരോടോ മറ്റോ സദൃശപ്പെടുത്തിയും മറ്റും വർണ്ണിക്കുന്നതിനു ധാരാളം വകയുള്ളതുമായിരുന്നു. ഒരു ബാലനു മറ്റൊരു ബാലൻ സഹവാസത്തിനില്ലാതെയിരുന്നാൽ ഒരു രസക്കുറവും ബാല്യത്തിലുണ്ടാകുന്ന സഹചരന്മാർ ഗുണവാന്മാരും ദോഷരഹിതന്മാരുമല്ലാതെയിരുന്നാൽ അനേകവിധത്തിലുള്ള ദോഷങ്ങളും ഉണ്ടാകുന്നതാണല്ലോ. എന്നാൽ നമ്മുടെ മൂലംതിരുനാൾ തിരുമനസ്സിലേക്കു തുല്യഗുണനായ തന്റെ ജ്യേഷ്ഠൻ കൂടെയുണ്ടായിരുന്നതുകൊണ്ടു മേല്പറഞ്ഞ രണ്ടുവിധ ന്യൂനതകളും ഉണ്ടാകാനിടയായില്ല. അപ്രകാരം ആ തിരുമേനി തന്നെ ആദ്യം തന്റെ പിതാവിന്റെയും തദനന്തരം മാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സിലേയും പിന്നീടു് ആയില്യംതിരുനാൾതിരുമനസ്സിലേയും സംരക്ഷണത്തിലും വിശാഖംതിരുനാൾ തിരുമനസ്സിലെ മേലന്വേഷണത്തിലും വളർന്നുവന്നതുകൊണ്ടു് അവിടേക്കു സഹവാസദോഷം സംഭവിക്കുന്നതിനു് ഒരിക്കലും ഇടയുണ്ടായിട്ടില്ല. എന്നു മാത്രവുമല്ല, സകലസൽഗുണനിധികളും ഗംഭീരന്മാ

രുമായിരുന്ന ആ മൂന്നു മഹാരാജാക്കന്മാരുടെയും സഹവാസം നിമിത്തം നമ്മുടെ തിരുമനസ്സിലേക്ക് അനേകം ഗുണങ്ങൾ സിദ്ധിക്കാനുമിടയായി. ശ്രീമൂലംതിരുനാൾ തിരുമേനിയിൽ ഇപ്പോൾ അളവില്ലാതെ വിളങ്ങിക്കാണുന്ന സകലസൽഗുണങ്ങളും ബാല്യത്തിലുണ്ടായിട്ടുള്ള ആ സഹവാസഗുണത്തിന്റെ ഫലങ്ങളാണ്. "സംസർഗ്ഗജാ ദോഷഗുണാ ഭവന്തി" എന്നുണ്ടല്ലോ.

## മൂന്നാം അദ്ധ്യായം

### കൌമാരവും യൌവനവും.

(വിദ്യാഭ്യാസം മുതൽ സിംഹാസനാരോഹണം വരെ)

ആയില്യംതിരുനാൾ തിരുമനസ്സുകൊണ്ടു തന്റെ ഭാഗിനേയന്മാരുടെ വിദ്യാഭ്യാസവിഷയത്തിൽ യഥാകാലം വേണ്ടുന്ന ഏർപ്പാടുകളെല്ലാം ചെയ്തു. അത്യന്തം ബുദ്ധിശാലികളായ രാജകുമാരന്മാർ സ്വഭാഷയിൽ സാമാന്യംപോലെ എഴുതാനും വായിക്കാനും ആദ്യപാഠങ്ങളായ കണക്കു. വാക്യം, പരല്പേരു, കാലദീപം, സ്തോത്രരൂപങ്ങളായ അഷ്ടകങ്ങൾ, അമരം, സിദ്ധരൂപം മുതലായി അക്കാലത്തു നടപ്പുള്ളവയെല്ലാം ശീലമാക്കുന്നതിന് അധികകാലം വേണ്ടിവന്നില്ല. ആ വകയ്ക്കും സംസ്കൃതത്തിൽ ചില കാവ്യങ്ങളും മറ്റും പഠിപ്പിക്കുന്നതിനും അവരുടെ ഗുരുസ്ഥാനം വഹിച്ചതു പള്ളിവായനയ്ക്കു കൊട്ടാരത്തിൽ പതിവുശമ്പളക്കാരായവർ തന്നെ ആയിരുന്നു. ഇംഗ്ലീഷും സംസ്കൃതത്തിൽ ഉപരിഗ്രന്ഥങ്ങളും പഠിപ്പിക്കുന്നതിനു പ്രത്യേകം ഗുരുനാഥന്മാരെ കല്പിച്ചു നിയമിച്ചു. നമ്മുടെ മൂലംതിരുനാൾ തിരുമനസ്സിലെ അനന്യസാധാരണമായ കുശാഗ്രബുദ്ധിതാപവും പഠിത്തത്തിലുള്ള ശ്രദ്ധയും ഗുരുഭൂതന്മാരെ അത്യധികം സന്തോഷിപ്പിക്കുകയും വിസ്മയിപ്പിക്കുകയും ചെയ്തു. അവിടത്തെ ഇംഗ്ലീഷു പഠിപ്പിക്കാനായി ആദ്യം കല്പിച്ചു നിയമിച്ചതു ദിവാൻ സർ ടി മാധവരായരവർകളുടെ മരുമകനായ അണ്ണാജിരായരെ ആയിരുന്നു. അദ്ദേഹം പരലോകഗതനായതിന്റെ ശേഷം ആ സ്ഥാനത്തിൽ നിയമിക്കപ്പെട്ടതു പ്രൊഫസ്സരായിരുന്ന രഘുനാഥരായർ ബി ഏ. അവർകളാ

ണ്. രാജകുമാരന്മാരുടെ വിദ്യാഭ്യാസവിഷയത്തിൽ ആയില്യംതിരുനാൾ തിരുമനസ്സുകൊണ്ടും വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടും പ്രത്യേകം ദൃഷ്ടിവെച്ചിട്ടുണ്ടായിരുന്നു കൂടാതെ അന്നു രാജകീയകോളജദ്ധ്യക്ഷനായിരുന്ന റോസ്സസായ്യിനെ കൂടി പ്രത്യേകം മേലന്വേഷണത്തിനു കല്പിച്ചു നിയമിച്ചിട്ടുമുണ്ടായിരുന്നു. സായ്പ് നമ്മുടെ മൂലംതിരുനാൾ തിരുമനസ്സിലേക്കു പഠിപ്പത്തിലുള്ള ഉത്സാഹവും ഏകാഗ്രചിത്തതയും ഏതു വിഷയത്തിന്റെയും സാരം മനസ്സിലാക്കുന്നതിനുള്ള പ്രയാസമില്ലായ്മയും സൂക്ഷ്മഗ്രഹണശക്തിയും പഠിക്കുന്ന പാഠങ്ങളുടെ ഉപസ്ഥിതിയും മററും കണ്ടു പലപ്പോഴും വിസ്മയിക്കുകയും പ്രസംഗവശാൽ അന്യന്മാരോടു സസന്തോഷം ഈ സംഗതികൾ പ്രസ്താവിക്കുകയും രാജകുമാരനെ അത്യന്തം പ്രശംസിക്കുകയും ചെയ്യാറുണ്ടു. മടിയന്മാരും മടയന്മാരുമായ കോളജുവിദ്യാർത്ഥികളെ ശാസിക്കുന്ന അവസരങ്ങളിലെല്ലാം സായ്പവർകൾ ഈ തിരുമേനിയുടെ കാര്യം കൂടി പറയുക പതിവായിരുന്നു. "നിങ്ങൾക്കു ഇത്രയും പ്രായമായിട്ടും ഈ സ്ഥിതിയിലിരിക്കുന്നുവല്ലൊ. ആ കൊച്ചുതമ്പുരാൻ തിരുമനസ്സുകൊണ്ടു നിങ്ങളെക്കാൾ വളരെ ചെറുപ്പമാണല്ലൊ. എന്നിട്ടും അവിടുന്നു ഇന്നിന്നപ്രകാരമിരിക്കുന്നല്ലൊ" എന്നും മററും പറഞ്ഞാണു ധാര തന്റെ ശിഷ്യരെ ശാസിക്കുക പതിവു്. "ഏതു വിഷയമെടുത്താലും അതിന്റെ ഗുണദോഷവിവേചനം ചെയ്തു ക്ഷണത്തിൽ അതിന്റെ സാരാംശം ഗ്രഹിക്കുന്നതിനുള്ള ഒരു പ്രത്യേകശക്തിയോ ബുദ്ധിസാമർത്ഥ്യമോ ഒക്കെ രാജകുമാരനു സ്വാഭാവികമായിട്ടു തന്നെയുണ്ടു" എന്നു അവിടുത്തെ ഗുരുവായിരുന്ന രാമനാഥരായരവർകൾ പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതായി കാണുന്നുണ്ടു.

നമ്മുടെ കഥാനായകനായ തിരുമേനിയുടെ ദ്വിതീയസഹോദരിയായ റാണി പാർവ്വതീഭായി ആററിങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടു ആയില്യംതിരുനാൾ തിരുമനസ്സുകൊണ്ടു ക്രിസ്താബ്ദം 1862-ാമാണ്ടു കിളിമാനൂർ കേരളവൎമ്മകൊച്ചുകോയിത്തമ്പുരാൻ തിരുമനസ്സിലെക്കൊണ്ടു കല്പിച്ചു നടത്തിച്ചു. ആ അടിയന്തിരം ആഘോഷപൂർവ്വം വളരെ കേമവും ഭംഗിയുമായിട്ടായിരുന്നു എന്നുള്ളതു പറയണമെന്നില്ലല്ലൊ. അഞ്ചു വയസ്സു മാത്രം പ്രായമുള്ള ഏതു ബാലനും ഇപ്രകാരമുള്ള ആഘോഷങ്ങൾ കാണു

നതിനും അതിൽശ്രേച്ചൻ വിനോദിക്കുന്നതിനും അനുഗ്രഹവും ഉത്സാഹവും ഉണ്ടാകാതിരിക്കയില്ലല്ലൊ. വിശേഷിച്ചും തന്റെ സഹോദരിയെസ്സംബന്ധിച്ചുള്ള അടിയന്തിരമായാൽ ചയാനമില്ല. എങ്കിലും അന്ന് ആ പ്രായമായിരുന്ന ശ്രീമൂലംതിരുനാൾ തിരുമനസ്സിലെ ശ്രദ്ധ ഈ ആഘോഷസമ്മേളനത്തിലുണ്ടായിരുന്നതിലധികം തന്റെ പഠിത്തത്തിലായിരുന്നു. അന്ന് അവിടുന്ന് സ്വഭാഷയിലുള്ള അക്ഷരങ്ങളെ (നിലത്തെഴുത്തു) പഠിക്കുകയായിരുന്നു. എങ്കിലും "ഇനി പള്ളിക്കെട്ടിന്റെ ആഘോഷങ്ങളെല്ലാം കഴിഞ്ഞിട്ടു കല്പിച്ചു പഠിച്ചാൽ മതി. അതുവരെ അനദ്ധ്യായമാണ്" എന്നു ഗുരുനാഥൻ പറഞ്ഞതിനെ അവിടുന്നു സമ്മതിച്ചതു അത്ര മനസ്സോടു കൂടിയല്ലായിരുന്നു. ഇങ്ങനെ വിദ്യാഭ്യാസവിഷയത്തിൽ ബാല്യംമുതൽക്കു തന്നെ അത്യന്തം ശ്രദ്ധയും ഉത്സാഹവുമുണ്ടായിരുന്നു എന്നുള്ളതിനു അനേകം ദൃഷ്ടാന്തങ്ങളുണ്ട്.

തിരുമനസ്സുകൊണ്ടു യൌവനാരംഭത്തിനു മുമ്പു തന്നെ മലയാളം, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അസാമാന്യമായും തമിഴ്, ഹിന്ദുസ്ഥാനി എന്നിവകളിൽ സാമാന്യമായുമുള്ള പാണ്ഡിത്യത്തെ സമ്പാദിച്ചു. തമിഴും ഹിന്ദുസ്ഥാനിയും സ്വഭാഷയായിട്ടുള്ളവരോടു കല്പിച്ചു സംസാരിക്കുന്നതു പ്രായേണ ആ ഭാഷകളിൽത്തന്നെയാണ് പതിവ്. അതിനൊരു തടസ്സവും പ്രയാസവും സംശയവും അവിടേയ്ക്കു ഇല്ലതാനും. സംസ്കൃതത്തിൽ കാവ്യനാടകാദികളായ ഏതു പുസ്തകത്തിന്റെ ഏതു ഭാഗം നോക്കിയാലും അവിടേയ്ക്കു അർത്ഥം മനസ്സിലാകാതെ വരികയില്ല. ഇംഗ്ലീഷിൽ അവിടേയ്ക്കുള്ള വ്യുൽപത്തിക്കു ഒരു മാറ്റു കൂടുതലുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഇംഗ്ലീഷു സ്വഭാഷയായിട്ടുള്ള കേമന്മാർക്കുപോലും ദുസ്സാധമായിട്ടുള്ള വിധത്തിൽ ആ ഭാഷയെ സംഭാഷണത്തിലും എഴുത്തുകുത്തുകളിലും ഉപയോഗിക്കുന്നതിനു തിരുമനസ്സിലേക്കുള്ള പാടവം ഒന്നുവേറെ തന്നെയാണ്. റസിഡന്റായിരുന്ന മിസ്റ്റർ ജെ. ഡി. റീസ്സ്. "ക്വാറൻസിലേയും അവൺഡയിലേയും പ്രഭുവിന്റെ ദക്ഷിണയിൻഡ്യാ സന്ദർശനവിവരണം" എഴുതിയിട്ടുള്ളതിൽ "അവിടുന്ന് (ശ്രീമൂലംതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു) ഇംഗ്ലീഷുഭാഷ അനന്യസാധാരണമാകുംവണ്ണം എഴുതുകയും വായിക്കുകയും ചെയ്യുന്നു" എന്നു പ്രസ്താവിച്ചിരി

കുന്നു. ഒരു യൂറോപ്യൻ ഇത്രയും പറയണമെങ്കിൽ തിരുമനസ്സിലേക്ക് ആ ഭാഷയ്ക്കുള്ള പാണ്ഡിത്യം എത്രമാത്രമുണ്ടായിരിക്കണമെന്നുള്ളതു പറയണമെന്നില്ലല്ലോ.

നമ്മുടെ തിരുമേനിക്കു യൗവനം ആരംഭിക്കുന്നതിനു മുമ്പു തന്നെ അചിരേണ നാലു ഭാഗിനേയന്മാരെക്കണ്ടു സന്തോഷിക്കുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചു. അവിടുത്തെ പ്രഥമസഹോദരിയായ ആററിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടു തിരുവയർവാഴുക (പ്രസവിക്കുക) ഉണ്ടായിട്ടില്ലെങ്കിലും ദ്വിതീയസഹോദരിയായ ആററിങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലേക്കു അചിരേണ നാലു പുത്രസന്താനങ്ങൾ ഉത്ഭവിച്ചു. ക്രി. 1864-കൊല്ലം 1040-ാമാണ്ടു ചിങ്ങമാസം 6-ാംനു രേവതിതിരുനാളിലും ക്രി. 1866-കൊല്ലം 1041-ാമാണ്ടു മേടം 8-ാംനു മകയിരം തിരുനാളിലും ക്രി. 1867-കൊല്ലം 1043-ാമാണ്ടു വൃശ്ചികം 19-ാംനു ചതയം തിരുനാളിലും ക്രി. 1871-കൊല്ലം 1047-ാമാണ്ടു വൃശ്ചികം 9-ാംനു അശ്വതിതിരുനാളിലും തിരുവവതാരം ചെയ്തരുളിയ കൊച്ചുതമ്പുരാക്കന്മാരാണ് ഈ സന്താനങ്ങൾ എന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ. തന്റെ സഹോദരിമാർക്കു യൗവനം ക്ഷയിച്ചിട്ടില്ലാത്തതിനാൽ സ്ത്രീസന്താനങ്ങളും ധാരാളമുണ്ടാകുമെന്ന് ആഗ്രഹിക്കാൻ വേണ്ടുവോളം ന്യായമുള്ള ആ അവസരത്തിൽ ഇപ്രകാരം ഏഴ കൊല്ലങ്ങൾക്കിടയിൽ നാലു ഭാഗിനേയന്മാരെ തൃക്കൺപാർക്കുന്നതിന് ഇടയായതിൽ നമ്മുടെ തിരുമനസ്സിലെ തിരുമനസ്സിൽ അമിതമായ സന്തോഷമുണ്ടായതു് അത്ഭുതമല്ലല്ലോ. അതിഗംഭീരന്മാരായ മാതുലന്മാരോടും സൽഗുണനിധിയായ ജ്യേഷ്ഠഭ്രാതാവിനോടും ഗുണവതികളായ രണ്ടു സഹോദരിമാരോടും കോമളന്മാരായ നാലു ഭാഗിനേയന്മാരോടും കൂടി വാണരുളിയ ആക്കാലം നമ്മുടെ തിരുമേനിയുടെ ഒരു പ്രധാനമായ സന്തോഷഘട്ടമായിരുന്നു എന്നുള്ളതിനു സംശയമില്ല.

ക്രിസ്താബ്ദം 1873-ാമാണ്ടു തിരുമനസ്സിലെ 16-ാമത്തെ തിരുവയസ്സിൽ യഥാവിധി തിരുമാടമ്പു നടത്തപ്പെട്ടു. അന്നും അവിടുന്നു വിദ്യാസമ്പാദനത്തിൽത്തന്നെ പരിശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. തിരുമനസ്സിലേക്കു ജ്ഞാനസമ്പാദനത്തിനുള്ള ഉത്സാഹം കേവലം നിന്നുപോവുകയോ

ആ വിഷയത്തിൽ തിരുമനസ്സിൽ അലംഭാവം വന്നുപോവുകയോ ഒരുകാലത്തും ഉണ്ടായിട്ടില്ല. ഗുരുമുഖേന അല്ലെങ്കിലും ഇന്നും അവിടുന്നു ജ്ഞാനപ്രദങ്ങളായി ഇംഗ്ലീഷിലും സംസ്കൃതത്തിലുമുള്ള നല്ല നല്ല പുസ്തകങ്ങളെ യഥാവസരം വായിച്ചു്. അവയിലുള്ള സാരാംശങ്ങളെ ഗ്രഹിച്ചു. തന്റെ സൎവ്വതോമുഖമായ അറിവിനെ വൎദ്ധിപ്പിച്ചുകൊണ്ടുതന്നെയാണു് ഇരിക്കുന്നതു്. എങ്കിലും തിരുമാടമ്പിനു ശേഷം ഒന്നു രണ്ടു കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ ഉണ്ടായ ഒരു കഠിനസംഭവംനിമിത്തം തിരുമനസ്സിലേക്കു പള്ളിവായനയിൽ പ്രബലമായ ഒരുത്സാഹക്ഷയം വന്നുകൂടി.

ക്രിസ്ത്വാബ്ദം 1875-ാമാണ്ടു, പ്രകൃത്യാ തന്നെ ദുർബലഗാത്രനും രോഗിയുമായിരുന്ന അത്തംതിരുനാൾ തിരുമനസ്സുകൊണ്ടു തന്റെ 21-ാമത്തെ തിരുവയസ്സിൽ നാടുനീങ്ങി. തന്റെ സഹപാഠിയും വിനോദാദികളിൽ പ്രിയസഖനുമായിരുന്ന ആ പ്രിയപൂൎവ്വജന്റെ അകാലവിയോഗത്താലുണ്ടായ ദുസ്സഹദുഃഖം നമ്മുടെ തിരുമേനിയുടെ കോമളതരമായ ഹൃദയകമലത്തെ അത്യധികം സന്തപിപ്പിച്ചു. ഏതു വിഷയവും വായിക്കുന്നതോടുകൂടിത്തന്നെ അതിന്റെ സാരതത്വം മനസ്സിൽ ഉദിച്ചുകൊണ്ടിരുന്ന നമ്മുടെ തിരുമനസ്സിലേക്കു് അക്കാലം മുതൽ പള്ളിവായനയ്ക്കു് എഴുന്നള്ളിയിരുന്നു വല്ലതും വായിച്ചുതുടങ്ങുമ്പോൾ അതിന്റെ അൎത്ഥത്തെ പശ്ചാൽകരിച്ചുകൊണ്ടു തന്റെ സബ്രഹ്മചാരിയായിരുന്ന പ്രിയഭ്രാതാവിനെക്കുറിച്ചുള്ള ഓൎമ്മയും തന്നിമിത്തം ഉണ്ടാകുന്ന ദുസ്സഹദുഃഖവും, പെട്ടെന്നു തിരുമനസ്സിൽ അങ്കുരിച്ചുകൊണ്ടിരുന്നു. തന്നിമിത്തം നമ്മുടെ തിരുമേനിക്കു പിന്നീടു വിദ്യാസമ്പാദനത്തിലുള്ള പരിശ്രമം മിക്കവാറും മാന്ദ്യത്തെ അവലംബിച്ചു എന്നു തന്നെ പറയാം.

1880 ഏപ്രിൽമാസത്തിൽ നമ്മുടെ തിരുമനസ്സുകൊണ്ടു തന്റെ മാതുലനായ ആയില്യംതിരുനാൾ തിരുമനസ്സിലെ സന്തോഷപൂൎവ്വമായ പൂൎണ്ണാനുവാദത്തോടു കൂടി അവിടുത്തെ ദത്തുപുത്രിയും ഗുണവതിയും രൂപവതിയുമായിരുന്ന സൌഭാഗ്യവതിയെ പട്ടും കച്ചയുമിട്ടു പ്രിയതമയാക്കി വരിച്ചു. ആ വധൂവരന്മാരുടെ ആനുരൂപ്യവും പരസ്പരാനുരാഗബന്ധത്തിന്റെ ദൃഢതയും എത്രമാത്രമുണ്ടായിരുന്നു എന്നുള്ളതു പറഞ്ഞവസാനിപ്പിക്കാൻ പ്രയാസം.

ക്രി. 1880—കൊല്ലം 1055-ാമാണ്ട് ഇടവമാസത്തിൽ ആയില്യംതിരുനാൾ രാമവൎമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു നാട്ടുനീങ്ങി. ആ തിരുമനസ്സിലെ ലോകാന്തരഗമനം മഹാരാജകുടുംബത്തിനു മാത്രമല്ല. തിരുവിതാംകൂർരാജ്യത്തിനൊട്ടുക്കും അത്യന്തം വ്യസനകാരണമായിത്തീൎന്നു. അനന്തരം വിശാഖംതിരുനാൾതിരുമനസ്സിലേക്കു തിരുമുപ്പും നമ്മുടെ ശ്രീമൂലംതിരുനാൾ തിരുമനസ്സിലേക്കു യുവരാജസ്ഥാനവും സിദ്ധിച്ചു. നമ്മുടെ തിരുമനസ്സിലേക്ക് ആ ഉന്നതസ്ഥാനലബ്ധികൊണ്ടു വാസ്തവത്തിൽ സന്തോഷമല്ല, തന്റെ പ്രിയമാതുലന്റെ വിയോഗത്തെക്കുറിച്ചുള്ള സന്താപമാണ് അധികമുണ്ടായതു്. എങ്കിലും തിരുമേനിക്കു തന്റെ പ്രിയപ്രേയസിയുടെ സഹവാസവും സന്താനങ്ങളും ആ സന്താപത്തിനു ശമനകാരണങ്ങളായിത്തീൎന്നു. എന്നു തന്നെയുമല്ല, അവിടേക്ക് അവിടുത്തെ പ്രതിഛായയോ എന്നു തോന്നുമാറു ഒരു പുത്രനെ അചിരേണ തന്റെ പ്രിയതമയിൽനിന്നു ലഭിക്കാനിടയായതു സകലസന്താപങ്ങളേയും ശമിപ്പിക്കുന്നതിനു മാത്രമല്ല. അത്യന്തമായ സന്തോഷത്തെ ഉദിപ്പിക്കുന്നതിനും ഒരു സിദ്ധൌഷധമായിത്തീൎന്നു. തിരുമനസ്സിലേക്കു ഉണ്ടായ ആ പ്രഥമപുത്രനാണ് ഇപ്പോൾ "നാഗരുകോവിൽ ശ്രീനാരായണൻതമ്പി അവർകൾ" എന്നുള്ള പ്രസിദ്ധിയോടു കൂടി വിളങ്ങുന്നതെന്ന് എല്ലാവൎക്കും അറിയാവുന്നതാണല്ലൊ. എന്നാൽ യുവരാജാവുതിരുമനസ്സിലെ പ്രിയപുത്രന് ആകൃതിയിൽ മാത്രം പോര, ദുഃഖാനുഭവത്തിലും കൂടി തുല്യത നൽകണമെന്ന് ഈശ്വരൻ നിശ്ചയിച്ചു. തിരുമനസ്സുകൊണ്ടു പട്ടും കച്ചയുമിട്ടിട്ടു രണ്ടു കൊല്ലം തികയുന്നതിനു മുമ്പു തന്നെ ആ പുണ്യവതി പ്രാണാധികപ്രിയതമനായിരുന്ന തന്റെ ഭൎത്താവിനേയും തന്റെ വാത്സല്യഭാജനമായ പുത്രനേയും ഇഹലോകത്തിൽ ഉപേക്ഷിച്ചിട്ടു പരലോകത്തെ പ്രാപിച്ചു. ഈ സംഭവം നമ്മുടെ തിരുമേനിക്ക് അതുവരെയും അതിൽപ്പിന്നെയും ഉണ്ടായിട്ടുള്ള സകലദുഃഖകാരണങ്ങളേയും അതിശയിക്കുന്നതായിരുന്നു. തിരുമനസ്സിലേക്കു തന്റെ പ്രിയതമയുടെ അകാലവിയോഗത്താലുണ്ടായ ദുഃഖം അളവററതായിരുന്നു എന്നുള്ളതിനു് അവിടുന്ന് അതിൽപ്പിന്നെ ഒരു പ്രേയസിയെ കൈക്കൊള്ളുന്നതിനുണ്ടായ കാലവിളംബം തന്നെ മതിയായ ലക്ഷ്യമാണ്. അക്കാലത്തു നമ്മുടെ തിരുമേനി ഒരു വിധം കാല

യാപനം ചെയ്തുകൊണ്ടിരുന്നതു തൻെറ ഏകപുത്രൻെറ സാന്നിദ്ധ്യം ഒന്നുകൊണ്ടു മാത്രമാണ്. തൻെറ പ്രിയതമയെക്കുറിച്ചുള്ള ഓർമ്മ നിമിത്തം സദാനേരവും സന്തപിച്ചുകൊണ്ടിരുന്ന അവിടുത്തെ തിരുമനസ്സിനു് ആകാലത്തു് ആശ്വാസപ്രദമായി ആ പ്രിയപുത്രൻെറ മന്ദസ്മിതാർദ്രവും മൃദുലമനോഹരവുമായ മുഖാരവിന്ദം മാത്രമേ ഉണ്ടായിരുന്നുള്ളു. സദാനേരവും തിരുമനസ്സുകൊണ്ടു ആ ശിശുവിനെ അടുക്കൽവെച്ചു ലാളിച്ചുകൊണ്ടിരുന്നു. "മാലൊക്കെത്തീരുമല്ലോ സുതമുഖകമലം പ്രത്യഹം പാർത്തിരുന്നാൽ". എങ്കിലും തിരുമനസ്സിനു പൂർണ്ണസമാധാനമുണ്ടാകുന്നതിനു ചുരുക്കത്തിലെങ്കിലും ഒരു ദേശാടനം തന്നെ വേണമെന്നു കല്പിച്ചു നിശ്ചയിച്ചു.

തദനന്തരം അധികം താമസിയാതെ തന്നെ തിരുമനസ്സുകൊണ്ടു തൻെറ മാതുലനായ വിശാഖംതിരുനാൾ തിരുമനസ്സിലെ അനുവാദവും വാങ്ങി, ക്രിസ്ത്വാബ്ദം 1882-ൽ ബാങ്കളൂർ, മദ്രാസ് മുതലായ സ്ഥലങ്ങളിലെല്ലാം ഒരു സഞ്ചാരം കഴിച്ചു.

1885-ാമാണ്ടു കൊച്ചിത്തമ്പുരാൻെറ ക്ഷണമനുസരിച്ചു തിരുമനസ്സുകൊണ്ടു് അവിടെ എഴുന്നള്ളി, ആ രാജ്യവും സന്ദർശിച്ചു. ഇതു ചരിത്രസംബന്ധമായ ഒരു വിശേഷസംഭവമായി വിചാരിക്കാം. എന്തുകൊണ്ടെന്നാൽ അതിനു മുമ്പൊരിക്കലും തിരുവിതാംകൂർമഹാരാജകുടുംബത്തിലെ അംഗങ്ങളിലാരും ഇപ്രകാരം സൌഹാർദ്ദപൂർവ്വം കൊച്ചിരാജാവിൻെറ ക്ഷണപ്രകാരം ആ രാജ്യം സന്ദർശിക്കയുണ്ടായിട്ടില്ല. തിരുമനസ്സുകൊണ്ടു് അവിടെനിന്നു കോഴിക്കോടു മുതലായ നഗരങ്ങളിലും മലബാറിലുള്ള എല്ലാ പുണ്യസ്ഥലങ്ങളിലും സഞ്ചരിച്ചു. ഈ ദേശാടനങ്ങൾകൊണ്ടു തിരുമനസ്സിലേക്കു പ്രിയതമാവിയോഗദുഃഖശമനം മാത്രമല്ല സിദ്ധിച്ചതു്. അവിടേക്കു വിദ്യാഭ്യാസം നിമിത്തമുണ്ടായിട്ടുള്ള അറിവിനെ സമഗ്രീകരിക്കുന്നതിനും അന്യദേശീയന്മാരായ അനേകം മഹാന്മാരുമായി പരിചയപ്പെടുന്നതിനും തിരുമനസ്സിലെ വിശിഷ്ടഗുണങ്ങളേയും യോഗ്യതകളേയും അവരും ഗ്രഹിക്കുന്നതിനും ഈ സഞ്ചാരങ്ങൾ കാരണമായിത്തീർന്നു. അതിനും പുറമെ രാജ്യഭരണസംബന്ധങ്ങളായ അനേകമറിവുകളേയും തിരുമനസ്സുകൊണ്ടു് അതിൽനിന്നു സമ്പാദിച്ചു.

തിരുമേനി ദേശസഞ്ചാരം കഴിഞ്ഞു സുഖമായി തിരിയെ തിരുവനന്തപുരത്തെഴുന്നള്ളിയതിന്റെ ശേഷം അധികം താമസിയാതെ അവിടുത്തെ മാതുലനായ വിശാഖം തിരുനാൾമഹാരാജാവു തിരുമനസ്സിലേക്കു ശീലായ്മ ആരംഭിച്ചു. ഗംഭീരാശയനും പ്രജാവത്സലനും സകലശാസ്ത്രാബ്ധികുംഭോത്ഭവനും രാജ്യതന്ത്രപാരഗനുമായിരുന്ന ആ മഹാരാജാവു തിരുമനസ്സുകൊണ്ടു കൊല്ലം 1060 കർക്കടകമാസം—ക്രി. 1885 മാണ്ടു അഗസ്റ്റ് മാസം 4-ാംനു നാടുനീങ്ങുകയും ചെയ്തു. തിരുവിതാംകൂർമഹാരാജകുടുംബത്തിലെന്നല്ല, രാജ്യവാസികൾക്കും ഈ സംഭവംപോലെ ദുഃഖകരമായി മറ്റൊന്നുമുണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ തിരുമനസ്സിലെ കാര്യം പറയാനുമില്ലല്ലോ. അവിടേക്കു ഈ മാതുലനെക്കുറിച്ചുള്ള ഭക്ത്യാദരബഹുമാനങ്ങൾ സീമാതീതങ്ങളായിരുന്നു. നാടുവാഴുന്ന മഹാരാജാക്കന്മാർ തങ്ങളുടെ മാതുലാദികളുടെ സംവത്സരദീക്ഷ ഇളമുറക്കാരിൽ ഒരാളെക്കൊണ്ടു നടത്തിക്കുകയാണല്ലോ സാധാരണ പതിവു്. എന്നാൽ നമ്മുടെ തിരുമേനി സ്വമാതുലന്റെ പള്ളിദീക്ഷ സ്വയമേവ വഹിക്കുകയാണ് ചെയ്തതു്. അതുതന്നെ അവിടേക്കു തന്റെ മാതുലനെക്കുറിച്ചുണ്ടായിരുന്ന ഭക്തിബഹുമാനാദരങ്ങൾക്ക് ഒരുത്തമദൃഷ്ടാന്തമാണല്ലോ. പ്രിയതമാവിയോഗദുഃഖാഗ്നികൊണ്ടു പൊള്ളി വ്രണപ്പെട്ടിരുന്ന തിരുമനസ്സിലെ ഹൃദയത്തിന് ഈ മാതുലവിയോഗദുഃഖം ഒരു തീക്കൊള്ളിപോലെയാണ് പരിണമിച്ചതു്. എങ്കിലും അതും നമ്മുടെ തിരുമേനിക്കു സീമാതീതങ്ങളായി മുമ്പേ തന്നെ ഉണ്ടായിരുന്ന മനോഗുണങ്ങൾക്ക് ഔജ്ജ്വല്യകാരണമായി ഭവിച്ചു. സ്വർണ്ണം വറുക്കുംതോറും മാറ്റും പ്രകാശവും വർദ്ധിച്ചുവരുമല്ലോ. എന്നു മാത്രമല്ല, ലോകത്തിൽ നടക്കുന്ന സകലസംഗതികളെയും വിധിക്കുന്നതും നടത്തുന്നതും സർവ്വശക്തനും പരമകാരുണികനുമായ ജഗദീശ്വരനാണെന്നും ഈശ്വരന്റെ ചില പ്രവൃത്തികൾ നമ്മുടെ അജ്ഞത ഹേതുവായി കഠിനതകളെന്നു നമുക്കു തോന്നിപ്പോയേക്കാമെങ്കിലും അവയിലും നമുക്കു ജ്ഞേയങ്ങളോ അജ്ഞേയങ്ങളോ ആയ എന്തെങ്കിലും ചില സദുദ്ദേശങ്ങളും ഉപയോഗങ്ങളും ഉണ്ടായിരിക്കുമെന്നും കരുണാനിധിയായ ഈശ്വരൻ നമുക്കു നന്മയ്ക്കായിട്ടല്ലാതെ യാതൊന്നും ചെയ്യുകയില്ലെന്നും ഈശ്വരവിധി എവനാലും അലംഘനീയമാണെന്നുമുള്ള പരമാർത്ഥജ്ഞാ

നം തത്വജ്ഞനായ തിരുമനസ്സിലേക്കുണ്ടാകാതെയിരുന്നുമില്ല. ഈ സമാധാനംകൊണ്ടു നമ്മുടെ തിരുമേനി തന്റെ മനസ്സിലുള്ള വ്യാകുലതകളെ ഒരുവിധം അടക്കിക്കൊണ്ടു, പരേതനായ മാതുലനെ സംബന്ധിച്ച് അനന്തരകരണീയങ്ങളായ കൃത്യങ്ങളെ യഥാവിധി ആചരിക്കുകയും പുണ്യാഹമടിയന്തിരം കേമമായും ഭംഗിയായും കല്പിച്ചു നടത്തിക്കുകയും ചെയ്തു.

---

## നാലാം അദ്ധ്യായം

---

### സിംഹാസനാരോഹണം.

വിശാഖംതിരുനാൾമഹാരാജാവു തിരുമനസ്സിലെ കാലാനന്തരം രാജ്യവാഴ്ച്ചാവകാശം മൂലംതിരുനാൾ തിരുമനസ്സിലേക്കാണെന്നു മുമ്പേ തന്നെ തീൎച്ചപ്പെട്ടിട്ടുണ്ടായിരുന്നു. അതനുസരിച്ചു നമ്മുടെ തിരുമനസ്സിലെ സിംഹാസനാരോഹണമഹോത്സവം 1885 അഗസ്റ്റ് 19-ാംനു-ക്കു കൊല്ലം 1061-ാമാണ്ടു ചിങ്ങമാസം 2-ാംനു- നടത്തുന്നതിനു നിശ്ചയിച്ചു. അതിനുള്ള ശുഭമുഹൂൎത്തം അന്നു കാലത്തു് എട്ടു മണിക്കു ശേഷമായിരുന്നു. ആ സമയത്തിനു മുമ്പു തന്നെ അതിലേക്കു വേണ്ടുന്ന ഒരുക്കങ്ങളെല്ലാം കല്പനപ്രകാരം ചെയ്തിരുന്നു. ഇപ്രകാരമുള്ള വിശേഷദിവസങ്ങളിൽ കൊല്ലത്തു കിടക്കുന്ന ബ്രിട്ടീഷുപട്ടാളത്തെ തിരുവനന്തപുരത്തു ക്ഷണിച്ചുവരുത്തുക മുമ്പിനാലെ പതിവുള്ളതാകയാൽ അതിൻപ്രകാരം ഈ ദിവസവും ക്ഷണിച്ചുവരുത്തിയിരുന്നു. സിംഹാസനാരോഹണം സംബന്ധിച്ചുള്ള കൂടിക്കാഴ്ച മുതലായ കാൎയ്യങ്ങൾ നടത്തുന്നതിനു മുൻ പതിവനുസരിച്ചു വേണ്ടുന്ന ഒരുക്കങ്ങളെല്ലാം കൊട്ടാരത്തോടു ചേൎന്ന തെക്കെത്തെരുവിലുള്ള കൂടിക്കാഴ്ചമുറിയിലും തയാറാക്കപ്പെട്ടു.

ഏഴേകാൽ മണിക്കു മുമ്പായി ബ്രിട്ടീഷുപട്ടാളവും ബാൻറുവാദ്യസഹിതം നായർപട്ടാളം രണ്ടാം കമ്പനിയും തെക്കെത്തെരുവുമൈതാനത്തിൽ അണിയിട്ടു നിരന്നുകഴിഞ്ഞു. പീരങ്കിസൈന്യം കോട്ടവാതിൽക്കലും എത്തി സ്ഥിതി ചെയ്തു. കൊട്ടാരം ഗാട്ടുകാരും തുരുപ്പുകാരും വന്നു തിരുമനസ്സുകൊ

ണ്ടു കൊട്ടാരത്തിൽനിന്നു കൂടിക്കാഴ്ചസ്ഥലത്തെക്കെഴുന്നള്ളുന്ന വഴിയുടെ രണ്ടു വശങ്ങളിലും അണിയിട്ടു നിരന്നുനിന്നു. അമ്പാരിയാനകൾ മുതലായവ വന്നു മുറപ്രകാരം പട്ടാളക്കാരുടെ പിൻഭാഗത്തായി നിരന്നു. ലഹളകളും മററുമുണ്ടാകാതെയിരിക്കാൻതക്കവണ്ണം സൂക്ഷിക്കുന്നതിനായി ഒട്ടുവളരെ പോലീസുഭടന്മാരും അവിടെയെത്തി യഥാസ്ഥാനം സ്ഥിതിചെയ്തു. ദിവാൻജി മുതലായ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരും വന്നുചേർന്നു.

ഏഴു മണി ഇരുപതു മിനിട്ടായപ്പോൾ തിരുമനസ്സുകൊണ്ടു കൊട്ടാരത്തിൽനിന്നു കൂടിക്കാഴ്ചസ്ഥലത്തേക്കു എഴുന്നള്ളി. പിന്നാലെ കൊച്ചുതമ്പുരാക്കന്മാരും എഴുന്നള്ളി. മഹാരാജാവുതിരുമനസ്സുകൊണ്ടു കൂടിക്കാഴ്ചസ്ഥലത്തു പ്രവേശിച്ചപ്പോൾ ആചാരവെടികൾ വെക്കപ്പെടുകയും പട്ടാളക്കാർ ആചാരങ്ങൾ ചെയ്കയും ചെയ്തു. ഏഴരമണിയായപ്പോഴെക്കു ബ്രിട്ടീഷ് റസിഡെണ്ടു മിസ്റ്റർ ഹാനിംഗ്ടൻ മഹാരാജാവുതിരുമനസ്സിലെ ഉറുപ്പുകാരുടെ അനയാനത്തോടു കൂടി വന്നുചേർന്നു. ഉടനെ പതിവിൻപ്രകാരം ആചാരവെടി വെയ്ക്കുകയും പട്ടാളക്കാർ ആചാരം ചെയ്കയും ചെയ്തു. റസിഡെണ്ടുസായ്പ് വണ്ടിയിൽനിന്നിറങ്ങിയ ഉടനെ ദിവാൻ രാമയ്യങ്കാരവർകൾ ചെന്നെതിരേററു് അദ്ദേഹത്തെ കൂടിക്കാഴ്ചമാളികമുറിയിലേക്കുള്ള ഗോവണിയുടെ മുകളിൽവരെ കൊണ്ടുചെന്നാക്കി. അവിടെനിന്നു രണ്ടാംമുറ യുവരാജാവുതിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ മുറിയുടെ വാതിൽക്കലേയ്ക്കു വഴി കാണിച്ചുകൊണ്ടുപോയി. അവിടെ ചെന്നപ്പോൾ മഹാരാജാവുതിരുമനസ്സുകൊണ്ടു സായ്പവർകൾക്കു കൈ കൊടുത്തു സാദരം കൂട്ടിക്കൊണ്ടുപോയി ആസനസൽക്കാരം ചെയ്യിരുത്തി. ഉടനെ ബ്രിട്ടീഷുപട്ടാളത്തിന്റെ നായകനായ കർണ്ണൽ ബ്രൂണിനേയും ഇരുത്തിയതിന്റെ ശേഷം അവരുടെ രണ്ടുപേരുടെയും മദ്ധ്യത്തിലായി തിരുമനസ്സുകൊണ്ടും ഇരുന്നു. അപ്പോഴെക്കും കൊച്ചുതമ്പുരാക്കന്മാരും ദിവാൻജി മുതലായ ഉദ്യോഗസ്ഥന്മാരും എല്ലാം അവിടെ എത്തുകയും യഥാസ്ഥാനം സ്ഥിതിചെയ്യുകയും ചെയ്തു. പിന്നെ എല്ലാവരും കൂടി കുശലപ്രശ്നാദികളും സ്വൈരസല്ലാപങ്ങളും ചെയ്തു കുറച്ചുനേരം വിശ്രമിച്ചതിന്റെ ശേഷം എല്ലാവരും എഴുനേററു. റസിഡെണ്ടവർകളും കർണ്ണൽ ബ്രൂണും കൂടി നമ്മുടെ അന്നദാ

ത്സവായ പൊന്നുതിരുമേനിയെ സിംഹാസനത്തെ പ്രാപിപ്പിക്കുകയും റസിഡെണ്ടുസായ്പവർകൾ രാജചിഹ്നമായ പൊന്നിൻകിരീടമെടുത്തു പൊന്നുതമ്പുരാൻ തിരുമനസ്സിലെ തൃക്കയ്യിൽ കൊടുക്കുകയും തിരുമനസ്സുകൊണ്ടു അതിനെ ആദരപൂർവ്വം വാങ്ങി ഭക്തിയോടുകൂടി ശ്രീപത്മനാഭസ്വാമിയെയും തന്റെ മാതുലന്മാർ മുതലായ ഗുരുജനങ്ങളെയും തിരുമനസ്സിൽ ധ്യാനിച്ചുകൊണ്ടു ശിരസ്സിൽ ധരിക്കുകയും ചെയ്തു. തദനന്തരം എല്ലാവരും യഥാസ്ഥാനം ഇരുന്നു. സ്വല്പസമയം കഴിഞ്ഞു് എല്ലാവരും വീണ്ടും എഴുന്നേറ്റു നിൽക്കുകയും റസിഡെണ്ടുസായ്പവർകൾ ബ്രിട്ടീഷ്ഗവൎമ്മെണ്ടിന്റെ പ്രതിനിധിയുടെനിലയിൽ ഒരുവിളംബരം ആ സദസ്സിൽ വായിക്കുകയും ചെയ്തു. ആ വിളംബരത്തിന്റെ സാരാംശം, ബ്രിട്ടീഷ്ഗവൎമ്മെന്റു നമ്മുടെ തിരുമേനിയെ തിരുവിതാംകൂർമഹാരാജാവായി സ്വീകരിച്ചിരിക്കുന്നു എന്നും പ്രജകളെല്ലാം അവശ്യം അവിടുത്തെ കല്പനയനുസരിച്ചു നടന്നുകൊള്ളേണ്ടതാകുന്നു എന്നുമായിരുന്നു. ഈ വിളംബരം വായിച്ചു തീൎന്നപ്പോൾ അവിടെയുണ്ടായ കോലാഹലവും ആ സദസ്സിന്റെ ഒരു ഗൌരവവും കേവലം വാചാമഗോചരങ്ങളാകുന്നു. പീരങ്കികളിലും ചെറിയ തോക്കുകളിലും നിന്നുള്ള ആചാരവെടികളും പട്ടാളക്കാരുടെ ആചാരവചനങ്ങളും ബാൻറുവാദ്യഘോഷങ്ങളും എല്ലാം കൂടി കുറച്ചുനേരത്തേക്കു് ഒരു ഭൂകമ്പം തന്നെയായിരുന്നു. ഇതിനിടക്കു മഹാരാജാവുതിരുമനസ്സുകൊണ്ടും റസിഡെണ്ടുസായ്പവർകളും പരസ്പരമുണ്ടായ സമ്മാനങ്ങളെ രണ്ടുപേരും സ്വീകരിക്കുകയും കല്പനപ്രകാരം മുപ്പത്താറു ജയിൽപ്പുള്ളികളെ കൂടിക്കാഴ്ചമുറിയുടെ താഴെ വെച്ചു വിലങ്ങു വെട്ടി വിടുകയും ചെയ്തു.

അനന്തരം തിരുമനസ്സുകൊണ്ടു റസിഡെണ്ടുസായ്പവർകളോടും ശേഷമുണ്ടായിരുന്ന സദസ്യന്മാരോടും കൂടി കൂടിക്കാഴ്ചമുറിയിൽനിന്നു തെക്കേ വരാന്തയിൽ എഴുന്നള്ളി. അപ്പോൾ പല ദേശങ്ങളിൽനിന്നുമായി തിരുമനസ്സിലെ പ്രജകളായ അസംഖ്യം ജനങ്ങൾ ആ മൈതാനത്തു വന്നുകൂടിയിട്ടുണ്ടായിരുന്നു. അവരെ കേൾപ്പിക്കുന്നതിനായി റസിഡെണ്ടുസായ്പവർകൾ മുൻപു വായിച്ചതായ വിളംബരം വീണ്ടും വായിച്ചു. അതിന്റെ ശേഷം മഹാരാജാവുതിരുമനസ്സിലെ വക ഒരു തിരുവെഴുത്തുവിളംബരവും താഴെ വരുന്നപ്രകാരം വായിച്ചു ജനങ്ങളെ കേൾപ്പിച്ചു.

"ശ്രീപത്മനാഭദാസവഞ്ചിബാലരാമവൎമ്മ

കുലശേഖരകിരീടപതിമന്നെസുൽത്താൻ

മഹാരാജരാജരാമരാജ

ബഹദൂർ ഷംഷർ ജംഗ്

# മഹാരാജാ അവർകൾ

സകലമാനപേൎക്കും പ്രസിദ്ധപ്പെടുത്തുന്ന

## വിളംബരം:—

എന്തെന്നാൽ, നമ്മുടെ അമ്മാവൻ ശ്രീപത്മനാഭദാസ വഞ്ചിബാലരാമവൎമ്മ കുലശേഖരകിരീടപതി മന്നെ സുൽത്താൻ മഹാരാജരാജ രാമരാജ ബഹദൂർ ഷംഷർ ജംഗ്; നൈററ് ഗ്രാൻററ് കമ്മാൻഡർ ആഫ് ദി മോസ്റ്റ് എക്സാൾട്ടഡ് ആർഡർ ആഫ് ദി സ്റ്റാർ ആഫ് ഇൻഡ്യാ ഫെല്ലൊ ആഫ് ദി മദ്രാസ് യൂണിവേഴ്സിററി. ഫെലൊ ആഫ് ദി റായൽ ഏഷ്യാററിക് സൊസൈററി ലണ്ടൻ, ഫെല്ലൊ ആഫ് ദി റായൽ ജോഗ്രഫിക്കൽ സൊസൈററി ലണ്ടൻ, ഫെല്ലൊ ആഫ് ദി ലീനിയൻസൊസൈററി ലണ്ടൻ, ഫെല്ലൊ ആഫ് ദി സ്റ്റാററിററിക്കൽ സൊസൈററി ലണ്ടൻ. ആഫീസർ ഡി ലാ ഇൻസ്ട്രക്ഷൻ പബ്ലിക്, മെംബർ ഡിലാസൊസൈററി ഡസ്സ് എററ്യൂഡിസ്സ് കളോണിയലിസ്സ് എററമാരിട്ടയിമിസ്സ് പാരിസ്സ്, മഹാരാജാഅവർകൾ ഈ കഴിഞ്ഞ കൎക്കടകമാസം 21-ാംനു- നാടുനീങ്ങിപ്പോകകൊണ്ടും രാജ്യകാൎയ്യങ്ങൾ നാം വിചാരിപ്പാനുള്ളതെന്നു നിശ്ചയപ്പെട്ടിരിക്കകൊണ്ടും കീഴ്മൎയ്യാദപ്രകാരവും ബഹുമാനപ്പെട്ട ബ്രിട്ടീഷ്ഗവൎമ്മെൻറാർ അവൎകളുടെ അനുമതിയോടു കൂടിയും രാജ്യകാൎയ്യങ്ങൾ ഒക്കയും നാം വഹിച്ചിരിക്കുന്നതാകകൊണ്ട് ആയതു സകലമാനപേരും അറിഞ്ഞു നടന്നുകൊള്ളുകയും വേണം.

എന്നു 1061-ാമാണ്ടു ചിങ്ങമാസം 2-ാംനു-."

ഈ തിരുവെഴുത്തു വിളംബരം വായിച്ചതിന്നു സമയത്തും പീരങ്കിയിലും ചെറിയതോക്കുകളിലും നിന്നുള്ള ആചാരവെടികളുണ്ടായി. ആനന്ദപരവശന്മാരായ ജനങ്ങളുടെ ഇടയിലുണ്ടായ കോലാഹലവും തിരുമനസ്സിലേക്കു സർവ്വവിധമംഗളങ്ങളേയും വിജയങ്ങളേയും ആശംസിച്ചുകൊണ്ടുള്ള ആശീർവ്വചനങ്ങളും മററും ഒട്ടും ചില്ലറയല്ലായിരുന്നു. ആനന്ദാശ്രു പൊഴിക്കാതെ ആ ജനക്കൂട്ടത്തിൽ ആരും തന്നെ ഉണ്ടായിരുന്നില്ല. കരുണാനിധിയായ പൊന്നുതിരുമേനിയ്ക്കും, തന്റെ മാതുലനേക്കുറിച്ചുള്ള സ്മരണ ആ സമയം വീണ്ടും പ്രബലീഭവിച്ചതുകൊണ്ടോ താൻ കയ്യേററിരിക്കുന്ന മഹത്തായ ഭാരത്തിന്റെ ഗൌരവം വിചാരിച്ചിട്ടോ എന്തോ തൃക്കണ്ണുകളിൽ ബാഷ്പപൂരം ഉണ്ടായതുപോലെ കാണപ്പെട്ടു.

തദനന്തരം തിരുമനസ്സുകൊണ്ടു വീണ്ടും സിംഹാസനത്തെ പ്രാപിച്ചു. റസിഡണ്ടു മുതലായവരും അവിടെ സന്നിഹിതന്മാരായി. അപ്പോൾ റസിഡെണ്ടസായ്പവർകൾ, തിരുമനസ്സിലെ സിംഹാസനാരോഹണത്തെ അഭിനന്ദിച്ചു മദ്രാസ് ഗവർണ്ണർ ഗ്രാൻഡ് ഡഫ് അവർകൾ അയച്ചിരുന്നതായ ഒരെഴുത്തു തൃക്കയ്യിൽ കൊടുത്തു. തിരുമനസ്സുകൊണ്ട് അതിനെ വാങ്ങി പൊട്ടിച്ചു നോക്കിയതിന്റെ ശേഷം എല്ലാവരും കേൾക്കത്തക്കവണ്ണം വായിക്കുന്നതിനായി ദിവാൻജിയെ ഏല്പിക്കുകയും ദിവാൻ രാമയ്യങ്കാരവർകൾ വിശദമായി വായിക്കുകയും ചെയ്തു. ആ എഴുത്തിലെ അവസാനഭാഗം താഴെ പറയുംപ്രകാരമായിരുന്നു.—അവിടുത്തെ രാജ്യഭരണം ദീർഘവും മംഗളവും അവിടേക്കു ബഹുമാനപ്രദവും പ്രജകൾക്കു് ഒരനുഗ്രഹവുമായിരിക്കട്ടെ എന്നുള്ള എന്റെ നിഷ്കളങ്കമായ ആശയത്തെ പ്രസ്താവിച്ചുകൊള്ളുന്നു.— ഈ വാചകത്തിലെ സംഗതികൾ വിചാരിക്കുമ്പോൾ ഗ്രാൻഡ് ഡഫ് ഒരു ദീർഘദർശി (ഭവിഷ്യൽ ഫലങ്ങളെ മുൻകൂട്ടികാണുന്ന ദിവ്യൻ) ആയിരുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഈ ആശംസകളിൽ ഏതൊന്നാണ് ഇവിടെ സഫലീഭവിക്കാതെയുള്ളതു്. ഓരോ സംഗതിക്കും അദ്ദേഹം വിചാരിച്ചിരുന്നതിലധികം ഫലസിദ്ധി ഉണ്ടായിട്ടുണ്ടെന്നുള്ളതു് എല്ലാവർക്കും അറിയാവുന്നതാണല്ലോ. ഗവർണ്ണരവർകളുടെ എഴുത്തു വായിച്ചു കഴിഞ്ഞപ്പോഴും ആചാരവെടികൾ വെയ്ക്കപ്പെട്ടു.

അതിന്റെ ശേഷം മഹാരാജാവു തിരുമനസ്സുകൊണ്ടു താൻ കൃതജ്ഞതാബഹുമാനപുരസ്സരം വന്ദനം പറഞ്ഞിരിക്കുന്നതായി ഗവർണ്ണരവർകളെ അറിയിക്കണമെന്നു റസിഡെണ്ടു സായ്പവർകളോടു കല്പിച്ചതിന്റെ ശേഷം അവിടുന്നു് ആ സദസ്സിൽ ഇംഗ്ലീഷിൽ ഒരു പ്രസംഗം ചെയ്തു. ആ പ്രസംഗത്തിന്റെ ചുരുക്കമോ അതിനെക്കുറിച്ചുള്ള അഭിപ്രായമോ ഇവിടെ പറയുന്നതായാൽ എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നവയായി അതിലുള്ള സംഗതികളൊന്നും വെളിപ്പെടുകയില്ലല്ലോ എന്നു വിചാരിച്ചു് അതിന്റെ ഒരു തർജ്ജമ തന്നെ താഴെ ചേർത്തുകൊള്ളുന്നു. ഇംഗ്ലീഷിൽ അസാമാന്യമായ പാണ്ഡിത്യവും നല്ല കല്പനാശക്തിയുമുള്ള തിരുമനസ്സുകൊണ്ടു പരിഷ്കൃതയായ ആ ഭാഷയിൽ കല്പിച്ചെഴുതീട്ടുള്ള സാരഗർഭവും സരസവും ഹൃദയംഗമവുമായ ആ പ്രസംഗം നമ്മുടെ അപൂർണ്ണയായ മലയാളഭാഷയിൽ തർജ്ജമ ചെയ്താൽ അതിന്റെ ചമൽക്കാരവും ആസ്വാദ്യതയും വരികയില്ലെന്നുള്ളതു് എല്ലാവർക്കും അറിയാവുന്നതാണല്ലോ. പിന്നെ ആ പ്രസംഗത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള സംഗതികൾ ഇംഗ്ലീഷറിഞ്ഞുകൂടാത്ത വായനക്കാർക്കു കൂടി അറിയാറാകണമെന്നല്ലാതെ അതിന്റെ ശരിയായ അനുപദതർജ്ജമയ്ക്കായി ശ്രമിച്ചിട്ടില്ലെന്നും താഴെ ചേർക്കുന്ന തർജ്ജമ ഒരു ഏകദേശതർജ്ജമ മാത്രമെ ആകുന്നുള്ളു എന്നും വായനക്കാരെ മുൻകൂട്ടി അറിയിച്ചുകൊള്ളുന്നു.

"ഈ ചെറുപ്രായമായ ഇരുപത്തെട്ടാമത്തെ വയസ്സിൽ ഭാരവും ഗൌരവവുമുള്ളതായ രാജ്യധുരന്ധരത്വം വഹിക്കുന്നതിനു ഞാൻ നിർബന്ധിതനാകുമെന്നുള്ള വിചാരം എനിക്കു് ഒട്ടും തന്നെ ഉണ്ടായിരുന്നില്ല. പാരമ്പര്യമുറയ്ക്കു രാജ്യം വാണിരുന്ന വിശ്വവിശ്രുതന്മാരായ പൂർവ്വികന്മാർ (എന്റെ അടുത്ത മുൻഗാമികളായ രണ്ടു മാതുലന്മാരും ഉൽകർഷംകൊണ്ടും വിജ്ഞാനംകൊണ്ടും അവരിൽ ഒട്ടും കുറഞ്ഞവരല്ലായിരുന്നു) ശ്രേയസ്കരമാകുംവണ്ണം ഭരിച്ചുപോന്നതായ ആ സ്ഥാനത്തെ യഥായോഗ്യം വഹിക്കുന്നതിൽ അവരുടെ പിൻഗാമിയായി തീർന്നിരിക്കുന്ന എന്നെ, എന്റെ ചെറുപ്പം കൊണ്ടുള്ള അപ്രാഗത്ഭ്യത്തെക്കാളധികം വ്യാകുലീകരിക്കുന്നതു് അനഭിജ്ഞതനിമിത്തമുള്ള അപ്രൌഢിമയാണ്. എന്റെ പ്രാബല്യക്കുറവിനെക്കുറിച്ചുള്ള പൂർണ്ണബോധം എനിക്കുണ്ടെങ്കിലും ഇപ്പോഴത്തെ സ്ഥിതി അകപ്പാടെ ആലോചിച്ചുനോക്കിയാൽ

എനിക്കു ധൈൎയ്യത്തിനും സന്തോഷത്തിനുമുള്ള കാരണങ്ങ
ളും ഞാൻ ധാരാളമായി കാണുന്നുണ്ടു്. ആ സംഗതികളെ
ക്കുറിച്ചും എനിക്കു തന്നിമിത്തമുള്ള കൃതജ്ഞതയെപ്പററിയും
കൂടി ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പുരാതനമാ
യ ഈ രാജ്യം എൻെറ പൂൎവ്വന്മാരുടെ അശ്രാന്തശ്രദ്ധാന്വി
തമായ ഭരണം നിമിത്തം ഉത്തരോത്തരം അഭിവൃദ്ധിപ്രദമാ
യ മാൎഗ്ഗത്തെ പ്രാപിച്ചു പ്രചരിക്കാൻ തുടങ്ങിയിരിക്കുന്നു.
രാജ്യത്തിലെ ആദായകരങ്ങളായ കാൎയ്യങ്ങളെല്ലാം ക്ഷേമാ
വസ്ഥയിൽ ഇരിക്കുകയും ചെയ്യുന്നു. ഭാവിശ്രേയസ്സിൻെറ അ
ടിസ്ഥാനം അത്യഗാധതയോടും വിസ്തീൎണ്ണതയോടും ഉറപ്പിക്കു
ക കഴിഞ്ഞിട്ടുമുണ്ടു്. അതിനാൽ എൻെറ പൂൎവ്വഗാമികൾ
സ്വാഗമനത്താൽ എനിക്കായിട്ടു തെളിച്ചു തന്നിട്ടുള്ള മാൎഗ്ഗങ്ങ
ളിൽക്കൂടി നടക്കേണ്ടുന്നതിനുള്ള ഭാരം മാത്രമേ ഇനി എ
നിക്കുള്ളു. എന്നു മാത്രമല്ല, ഇങ്ങനെ ചെയ്വാൻ (എൻെറ
മുൻഗാമികൾ ഇട്ടിട്ടുള്ള വഴികളിൽക്കൂടി നടക്കുവാൻ) യ
ഥാശക്തി ഞാൻ ശ്രമിക്കുന്ന വിഷയത്തിൽ, എൻെറ പു
രിയിൽത്തന്നെ സന്നിഹിതനായിരിക്കുന്ന ബ്രിട്ടീഷു പ്രതിനി
ധിയുടെ സൌഹാൎദ്ദസംയുതമായ സാഹായ്യവും ഉപദേശവും
മേക്കോയ്മയുടെ തുണയും രക്ഷയും ഉണ്ടായിരിക്കുമെന്നുള്ള
തുകൊണ്ടുള്ള ആശ്വാസവും എനിക്കു അസാമാന്യമായിട്ടു
ണ്ടു്. ഈശ്വരകാരുണ്യംകൊണ്ടു് എൻെറ വംശത്തിൻെറ
ഷ്യച്ഛുഭാശുഭങ്ങൾ ഈ മേക്കോയ്മയുടെ ഭാവിസ്ഥി
തിയോടു് അഭേദ്യമാകുംവണ്ണം സംഘടിതങ്ങളായിട്ടാണല്ലോ
ഇരിക്കുന്നതു്. ആ മേലാവുമായി അസ്മൽകുലത്തിനു ഭാവുക
ഹേതുവായിട്ടുള്ള ഈ പരമ്പരാസംബന്ധം ഇത്രയും ദീൎഘ
മായി നിലനിന്നുപോന്നിട്ടുള്ള ഈ കാലത്തിനിടയിൽ എ
ന്നും ഒരേസ്ഥിതിയിലുള്ള ദയയും സ്നേഹവുമല്ലാതെ ഞങ്ങ
ൾക്കിതേവരെ അനുഭവിക്കാനിടയായിട്ടില്ല. നിശ്ചഞ്ചല
യായ രാജഭക്തിയോടു കൂടി അവരെ (ആ മേക്കോയ്മയെ)
അനുവൎത്തിക്കയെന്നുള്ളതു ഞങ്ങളുടെ കൃത്യമാണെന്നു ഞങ്ങ
ൾ ഏതൽക്കാലപൎയ്യന്തം വിചാരിച്ചുപോന്നതുപോലെ മേ
ലാലും വിചാരിക്കുന്നതാണു്.

വളരെ ഉപയോഗമുള്ളതും വിലയേറിയതുമായ ഒരു
ജീവിതം അത്യന്തം ഫലപ്രദമായി ശോഭിച്ചുകൊണ്ടു നി
ജകൃത്യങ്ങളെ വിജയസമേതം നിൎവ്വഹിച്ചു പ്രസരിക്കുന്ന മ
ധ്യേ യാവനൊരുത്തൻ അതിനെ നഷ്ടീകരിക്കുന്നതു്; അ

ത്യഗാധവും നമ്മുടെ മനസ്സിന് അവിഷയവുമായ സ്വകീയ ദിവ്യജ്ഞാനത്തിന് അനുരൂപങ്ങളായ ആവശ്യങ്ങൾക്കായിട്ടൊ കാരണങ്ങൾ കൊണ്ടോ ആയിരിക്കണമല്ലൊ. സകലനന്മകളുടേയും പ്രവാഹമൂലസ്ഥാനവും മേല്പറഞ്ഞ സംഭവത്തിനു നിദാനവുമായ ആ സർവ്വേശ്വരൻ എന്നിൽ തമോമയങ്ങളായിട്ടുള്ളവയെ തേജോമയങ്ങളാക്കുകയും അബലങ്ങളായിട്ടുള്ളവയെ പ്രബലപ്പെടുത്തി സ്ഥിരീകരിക്കയും ചെയ്യുമെന്നും കർത്തവ്യകർമ്മങ്ങളാകുന്ന ഊടുവഴികളിൽക്കൂടി വഴികാണിച്ചുതന്ന് എന്നെ നടത്തുമെന്നും യാതൊരാളുടെ അല്ലായ്മയെപ്പററി നാമിപ്പോൾ ദുഃഖിക്കുന്നുവോ ആ മഹാനുഭാവൻെറ കാൽച്ചുവടുകളിൽക്കൂടി നടക്കുന്നതിനുള്ള മനസ്സും ശക്തിയും എനിക്കു നൽകുമെന്നും ആകസ്മികമായ ഈ വിധത്തിൽ ഇപ്പോൾ എൻെറ ഭരണത്തിലേക്ക് ഏല്പിക്കപ്പെട്ടിട്ടുള്ളവരും സംഖ്യകൊണ്ടു ഏകദേശം 25 ലക്ഷത്തോളം വരുന്നവരും ശാന്തന്മാരും പരിശ്രമശീലന്മാരുമായ എൻെറ പ്രജകളുടെ ഐശ്വര്യത്തേയും ക്ഷേമത്തേയും വർദ്ധിപ്പിക്കുന്നതിനായി, എനിക്കു നൽകപ്പെട്ടിട്ടുള്ള ജ്ഞാനത്തിൻെറ അളവനുസരിച്ച് എന്നാൽ ശക്യമായിട്ടുള്ള വിധത്തിലെല്ലാം പരിശ്രമിക്കുന്നതിന് എന്നെ ശക്തനാക്കിത്തീർക്കുമെന്നുള്ള പരിപൂർണ്ണമായ ദൃഢവിശ്വാസവും ആകാംക്ഷയും മററുള്ള സകലത്തിലും മേലായി എന്നിൽ സ്ഥിതിചെയ്യുന്നതു കൂടാതെ ഈ വിധത്തിലെല്ലാം എനിക്കു സാധിച്ചുതരണമെന്നു ഞാൻ ജഗന്നിയന്താവോടു ഹൃദയപൂർവ്വം പ്രാർത്ഥിക്കുകയും ചെയ്യുന്നു".

പ്രസംഗം കഴിഞ്ഞതിൻെറ ശേഷം മഹാരാജാവുതിരുമനസ്സുകൊണ്ടു സ്വയമേവ റസിഡെണ്ടുസായ്പവർകൾക്കും മദാമ്മയ്ക്കും . ബ്രിട്ടീഷുപട്ടാളത്തിൻെറയും നായർപട്ടാളത്തിൻെറയും നായകന്മാക്കും പുഷ്പമാല്യങ്ങൾ കല്പിച്ചുകൊടുക്കുകയും മാന്യന്മാരായ മററു സദസ്യക്കു കൊച്ചുതമ്പുരാക്കന്മാരെക്കൊണ്ടു കല്പിച്ചു കൊടുപ്പിക്കുകയും ചെയ്തു. ഉടനെ റസിഡണ്ടുസായ്പ് മുതലായവർ യഥായോഗ്യം ഉപചാരങ്ങളോടുകൂടി യാത്രയറിയിച്ചു പിരിഞ്ഞു. മഹാരാജാവുതിരുമനസ്സുകൊണ്ടു അവരെ ഒക്കെ യാത്രയയച്ചതിൻെറ ശേഷം വീണ്ടും സിംഹാസനത്തെ പ്രാപിച്ചു. അപ്പോൾ ദിവാൻജി മുതലായ ഉദ്യോഗസ്ഥന്മാർ തിരുമുമ്പാകെ യഥായോഗ്യം തിരുമുൽക്കാഴ്ചകൾ വെച്ച് ആചാരം ചെയ്തു. ഉടനെ ആചാ

രവെടികൾ വെക്കപ്പെട്ടുകയും തിരുമനസ്സുകൊണ്ടു കൊട്ടാരത്തിലേക്കു തിരിച്ചെഴുന്നള്ളുകയും ചെയ്തു.

കുറച്ചു വിശ്രമിച്ചതിന്റെ ശേഷം തിരുമനസ്സുകൊണ്ടു അമ്പാരി മുതലായ ആഡംബരങ്ങളോടും നായർപട്ടാളം മുതലായ അകമ്പടിയോടും കൂടി പള്ളിപ്പല്ലക്കിൽ കയറിയെഴുന്നള്ളി കോട്ടയ്ക്കകത്തുള്ള തെരുവീഥികളിൽ കൂടി ഒരു പട്ടണപ്രവേശം കഴിച്ചു. ആ സമയം വഴികളിൽ വെള്ളമണൽ വിരിച്ചു ഇരുവശങ്ങളും കുലവാഴ മുതലായവകൊണ്ടു അലങ്കരിച്ചും വളരെ ഭംഗിയാക്കിയിരുന്നു. കാഴ്ചക്കാരായി കൂടിയിരുന്ന ജനങ്ങളുടെ സംഖ്യയും ഒട്ടും ചില്ലറയല്ലായിരുന്നു. ജനങ്ങളുടെ ജയഘോഷങ്ങൾകൊണ്ടും ആശിർവ്വചനങ്ങൾകൊണ്ടും ആ പ്രദേശം മുഴുവനും മാറൊലികൊണ്ടു. ഇങ്ങനെ അതികോലാഹലത്തോടു കൂടിയുള്ള പട്ടണപ്രദക്ഷിണം കഴിഞ്ഞതിന്റെ ശേഷം തിരുമനസ്സുകൊണ്ടു വീണ്ടും കൊട്ടാരത്തിലെഴുന്നള്ളി ഇതരകൃത്യങ്ങളിൽ പ്രവേശിക്കുകയും ചെയ്തു.

വൈകുന്നേരം തിരുമനസ്സുകൊണ്ടു വീണ്ടും പുറത്തെഴുന്നള്ളുകയും കൊച്ചുതമ്പുരാക്കന്മാരോടും പരിവാരങ്ങളോടും കൂടി റസിഡണ്ടുസായ്പവർകളുടെ വാസസ്ഥലത്തുചെന്നു അദ്ദേഹത്തെ പ്രതിസന്ദർശിക്കുകയും ചെയ്തു. തിരുവിതാംകൂർനിവാസികൾ ഇപ്പോൾ അനുഭവിക്കുന്ന അഭ്യുദയസൌധത്തിന്റെ അടിസ്ഥാനക്കല്ലിടുന്നതിനുള്ള മഹോത്സവം ഇപ്രകാരം മംഗളമായി അവസാനിച്ചു. ഇതുസംബന്ധമായി അനേകം വൈദികകർമ്മങ്ങളുള്ളവയും കല്പിച്ചു യഥാകാലം നടത്തിയെന്നല്ലാതെ അവയെല്ലാം പ്രത്യേകം പ്രത്യേകം വിവരിച്ചു ഗ്രന്ഥവിസ്താരം വരുത്തണമെന്നു വിചാരിക്കുന്നില്ല. എങ്കിലും തിരുമനസ്സുകൊണ്ടു ഈ മംഗളാവസരത്തിൽ ജനങ്ങളുടെ ഗുണത്തിനും സന്തോഷത്തിനുമായി കല്പിച്ചു ചെയ്തിട്ടുള്ള ചില സംഗതികൾ ഇവിടെ പ്രത്യേകം പ്രസ്താവയോഗ്യങ്ങളാകുന്നു. 36 ജയിൽപ്പുള്ളികളെ വിലങ്ങു വെട്ടിവിട്ടതിനെക്കുറിച്ചു മുൻപു പറഞ്ഞിട്ടുണ്ടല്ലൊ. പിന്നെ 1. കരക്കുടിശ്ശിക വകയിൽ മൂന്നര ലക്ഷം രൂപാ കല്പിച്ചിളവു ചെയ്തു. 2. കുടിപ്പാൻ ജലദൌർല്ലഭ്യമുള്ള ദിക്കുകളിൽ കിണറുകൾ പുതുതായി കുഴിപ്പിക്കുന്നതിനും പഴയ കിണറുകൾ നന്നാക്കുന്നതിനുമായി പ്രതിവത്സരം 1500 രൂപാ

ഷിതം വിശേഷാൽ അനുവദിച്ചു. 3. ദേവാലയങ്ങൾ നന്നാക്കുന്ന വിഷയത്തിൽ ഗവൎമ്മെണ്ടു സശ്രദ്ധമായിരിക്കേണ്ടതാണെന്നു പ്രത്യേകം ആജ്ഞാപിച്ചു. ഇത്രയുമാണ് തിരുമനസ്സുകൊണ്ടു ആ ശുഭദിവസത്തിൽ കല്പിച്ചു ചെയ്തിട്ടുള്ള പ്രധാനസംഗതികൾ.

സിംഹാസനാരോഹണത്തെക്കുറിച്ചു പറഞ്ഞുകഴിഞ്ഞാൽ പിന്നെ മുറയ്ക്കു വേണ്ടതു രാജ്യഭരണത്തെക്കുറിച്ചു വിവരിക്കുകയാണല്ലൊ. എന്നാൽ അതിനു മുമ്പായി തിരുമനസ്സിലെ സംബന്ധിച്ചു ചില പ്രത്യേകസംഗതികൾ കൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നതിനാൽ അടുത്ത ചില അദ്ധ്യായങ്ങളിലായി അവയെ വിവരിച്ചുകൊള്ളുന്നു.

---

## അഞ്ചാം അദ്ധ്യായം.

## ദിനചൎയ്യ.

തിരുമനസ്സിലെ ദിനചൎയ്യയുടെ രീതിയും അതിനെ നിൎവ്വിഘ്നമായും ശരിയായും നടത്തിക്കൊണ്ടുപോകുന്നതിലുള്ള നിഷ്ഠയും അത്യന്തം പ്രശംസനീയങ്ങളാണ്. ഈ വിഷയത്തിൽ രാജാക്കന്മാരെന്നല്ല, സാധാരണ ജനങ്ങൾ തന്നെയും നമ്മുടെ തിരുമേനിയെ ഗുരുവായി സ്വീകരിക്കേണ്ടിയിരിക്കുന്നു. വേനലായാലും വൎഷമായാലും മഞ്ഞായാലും മറെറന്തു തന്നെ ആയാലും വെളുപ്പാൻകാലത്തു മണി നാലടിച്ചാൽ തിരുമനസ്സുകൊണ്ടു പള്ളിക്കുറുപ്പുണരുമെന്നുള്ളതു തീൎച്ചയാണ്. ഇതിനു് ഒരു ദിവസംപോലും കടുകിടയ്ക്കു വ്യത്യാസം വന്നുപോവുകയില്ല. പള്ളിക്കുറുപ്പുണൎന്നെഴുന്നേററാലുടനെ കടവിലെഴുന്നള്ളത്തായി. അതും തിരുമുത്തുവിളക്കുക മുതലായവയുമെല്ലാം കഴിഞ്ഞു് അഞ്ചു മണിയോടു കൂടി തിരുമനസ്സുകൊണ്ടു മുഖം കാണിക്കാനായി വരുന്നവരെ പ്രതീക്ഷിച്ചുകൊണ്ടു് എഴുന്നള്ളിയിരിക്കും. നാട്ടുകാർ ചെല്ലുമ്പോൾ നാട്ടുരീതിയിലും യൂറോപ്യന്മാർ ചെല്ലുമ്പോൾ യൂറോപ്യൻരീതിയിലുമായിരിക്കും തിരുമനസ്സിലെ വസ്ത്രധാരണം. അഞ്ചു മണി മുതൽ ആറര മണി വരെയാണ് മുഖംകാണിക്കാൻ വരുന്നവൎക്കായി കല്പിച്ചു നിശ്ചയിച്ചിട്ടുള്ള സമയം. ഇതിനിടയ്ക്കു തിരുമനസ്സുകൊണ്ടു സമ

യംപോലെ അത്യാവശ്യകങ്ങളായ അനേകമെഴുത്തുകൾ കല്പിച്ചെഴുതുകയും വായിക്കുകയും ചെയ്യുന്നുണ്ട്. ആറര മണിക്കു തിരുമേനിയുടെ ദേഹസ്ഥിതി പരിശോധിക്കുന്നതിനായി കൊട്ടാരംവൈദ്യൻ ഹാജരാകും. ഒരു ദിവസം ഇംഗ്ലീഷുവൈദ്യനാണെങ്കിൽ പിറേറദിവസം നാട്ടുവൈദ്യനായിരിക്കും. അങ്ങനെ ഒന്നരാടൻദിവസം അവർ മാറി മാറി വരണമെന്നാണ് ഏർപ്പാട്. വൈദ്യൻെറ പരിശോധനയിൽ തിരുമേനിക്കു് ആലസ്യലക്ഷണങ്ങളൊന്നും ഇല്ലെന്നും നീരാട്ടുകുളി കഴിക്കുന്നതിനു വിരോധമില്ലെന്നും കണ്ടാൽ ഏഴ മണിയോടു കൂടി കല്പിച്ചു നീരാട്ടുകുളിക്കെഴുന്നള്ളും. എണ്ണക്കാപ്പ് ഒന്നരാടൻദിവസവും അങ്കംചാത്തു മാസത്തിൽ രണ്ടു ദിവസവുമാണ് പതിവ്. നീരാട്ടുകുളിയും അന്തിചാത്തും നിത്യകർമ്മാനുഷ്ഠാനങ്ങളുമെല്ലാം കഴിഞ്ഞു തിരുമേനി എട്ടു മണിയോടു കൂടി തേവാരപ്പുരയിലെഴുന്നള്ളി ദർശനം കഴിക്കുകയും തീർത്ഥവും പ്രസാദവും വാങ്ങി ധരിക്കുകയും ചെയ്യും. അവിടെ അടുത്തുള്ള ക്ഷേത്രങ്ങളിൽനിന്നെല്ലാം തീർത്ഥവും പ്രസാദവും കൊണ്ടുവന്നിരിക്കും. അപ്പോൾ അവിടെവെച്ചു തന്നെ ബ്രാഹ്മണർക്കു പതിവുള്ള നിത്യദാനങ്ങളും കല്പിച്ചു ചെയ്യും. വാവു, ദ്വാദശി, തിരുവോണം, തിരുനാൾ മുതലായ വിശേഷദിവസങ്ങളിൽ ദാനങ്ങൾ പതിവിലധികമുണ്ടായിരിക്കും. അതും കഴിഞ്ഞ് എട്ടര മണിക്കു കോവിൽ (ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ) എഴുന്നള്ളത്തായി. സ്വാമിദർശനം കഴിച്ചു തീർത്ഥവും പ്രസാദവും വാങ്ങി ധരിച്ച് ഒമ്പതു മണിക്കു തിരുമനസ്സുകൊണ്ടു തിരിയെ കൊട്ടാരത്തിൽ എഴുന്നള്ളും. ഉടനെ അമൃതത്തായി. ബ്രാഹ്മണരുടെ സാക്ഷിഭോജനത്തോടു കൂടി ഒമ്പതര മണിക്ക് അമൃതത്തു കഴിയും. അമൃതത്തിനുള്ള വട്ടങ്ങളൊക്കെ പതിവായിട്ടു തന്നെ വളരെ കേമവും നാനാവിഭവങ്ങളോടു കൂടിയതുമാണ്. എങ്കിലും തിരുമനസ്സുകൊണ്ടു വളരെ പഥ്യമായും മിതമായുമല്ലാതെ അമൃതത്തു കഴിക്കുക പതിവില്ല. ഒമ്പതര മണി മുതൽ പത്തു മണി വരെ തിരുമനസ്സുകൊണ്ടു വിശ്രമിക്കും. ആ സമയത്തു വല്ല എഴുത്തുകളോ മറേറാ വായിക്കുകയല്ലാതെ വിശേഷിച്ചൊന്നും കല്പിച്ചു ചെയ്യുക പതിവില്ല.

പത്തു മണി മുതൽ സർവ്വാധികാര്യക്കാരുടെ റിപ്പോർട്ടാണ്. ഇതിനുള്ള സമയം ഒന്നര മണിക്കൂറോളം കല്പി

ച്ചനുവദിച്ചിട്ടുണ്ട്. പതിനൊന്നര മണിക്കു തിരുമനസ്സുകൊണ്ടു രാജ്യഭരണസംബന്ധമായി കല്പിച്ചു സ്വയമേവ ചെയ്യേണ്ടുന്ന ജോലിയിൽ പ്രവേശിക്കും. ആപ്പീസുമുറിയിൽ എഴുന്നള്ളിയിരുന്ന് അന്നന്നു വന്നുചേരുന്ന സകല എഴുത്തുകുത്തുകളും അവിടുന്ന് അവധാനതയോടു കൂടി പ്രത്യക്ഷരം പരിശോധിക്കുകയും സംഗതികളെ സൂക്ഷ്മമായി ധരിക്കുകയും അനുവദിക്കേണ്ടുന്നവയും തീർച്ചപ്പെടുത്തേണ്ടുന്നവയുമായ സംഗതികൾക്കുള്ള കല്പന അതതു കേസ്സുകളുടെ പുറത്തു സ്വയമേവ കല്പിച്ചെഴുതി തുല്യം ചാർത്തുകയും കൂടുതൽ വിവരങ്ങൾ അറിയേണ്ടുന്ന കേസ്സുകളെ വിവരമെഴുതി കല്പിച്ചു മടക്കിയയക്കുകയും ചെയ്യും. അന്നന്നത്തെ ജോലികൾ അന്നന്നു തന്നെ തീർക്കണമെന്നുള്ള നിർബന്ധം തിരുമനസ്സിലേക്കു സാമാന്യത്തിലധികമുള്ളതുകൊണ്ടു നിവൃത്തിയുണ്ടെങ്കിൽ എഴുത്തുകുത്തുകൾ കുടിശ്ശിക കിടക്കാൻ അവിടുന്ന് ഇടയാക്കുകയില്ല. ഒരു മണിയോടു കൂടി ആപ്പീസുജോലികൾ മുഴുവനും തീർക്കുകയാണ് തിരുമനസ്സിലെ സാധാരണ പതിവ്.

ഒരു മണി മുതൽ രണ്ടു മണി വരെ ഒരു മണിക്കൂറു നേരം തിരുമനസ്സുകൊണ്ടു വിശ്രമസുഖത്തിലേക്കായിട്ടാണ് ഉപയോഗപ്പെടുത്തിവരുന്നതു്. ആ സമയം പള്ളിക്കുറുപ്പാകുന്നതും സാധാരണയാണ്. രണ്ടു മണിക്കു കാപ്പിയമൃതത്തായി. കാപ്പിയമൃതത്തിനു പലവിധത്തിലുമുള്ള പലഹാരങ്ങൾ ധാരാളമായിട്ടുണ്ടായിരിക്കും. എങ്കിലും കല്പിച്ച് അവയൊന്നും അധികമായി അമൃതത്തു കഴിക്കാറില്ല. മിക്ക പലഹാരങ്ങളും തൃക്കൈകൊണ്ടു തൊടുക തന്നെ പതിവില്ലെന്നു പറയാം. പിന്നെ ഇതെല്ലാം പതിവായി ഇത്രവളരെ ഉണ്ടാക്കണമെന്നു വെച്ചിരിക്കുന്നതു തിരുമനസ്സിലെ ഉച്ഛിഷ്ടഭോക്താക്കളുടെ പേരിൽ അവിടേക്കുള്ള കരുണകൊണ്ടു തന്നെ ആയിരിക്കാം.

കാപ്പിയമൃത്തു കഴിഞ്ഞാൽ മൂന്നേമുക്കാൽ മണി വരെ രാജ്യകാര്യസംബന്ധമായും മററും ഉദ്യോഗസ്ഥന്മാർക്കു മുഖംകാണിക്കാനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയമാണ്. തലസ്ഥാനത്തുള്ള പ്രധാനപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാരും ആഴ്ചയിലൊരിക്കലെങ്കിലും മുഖംകാണിക്കാൻ ചെല്ലണമെന്നാണ് ഏർപ്പാട്. ഈ ഏർപ്പാടുകൊണ്ടു രാജ്യകാര്യസംബന്ധമായി നടക്കുന്ന എല്ലാ സംഗതികളും അപ്പഴപ്പോൾ

വിവരമായും വാസ്തവമായും മനസ്സിലാക്കുന്നതിനും അവശ്യമുള്ളതിലെല്ലാം തൻെറ ബുദ്ധിയെക്കൂടി പ്രവേശിപ്പിക്കുന്നതിനും വേണ്ടതുപോലെ ഉപദേശിക്കുന്നതിനും ചട്ടം കെട്ടുന്നതിനും തിരുമനസ്സിലേക്കു സാധിക്കുന്നു. തിങ്കളാഴ്ചയും വെള്ളിയാഴ്ചയുമായി ഒരു വാരത്തിൽ രണ്ടു ദിവസം ദിവാൻജിയുടെ റിപ്പോർട്ടു വേണമെന്നു വെച്ചിട്ടുള്ളതും ഈ സമയത്തു തന്നെയാണ്. ദിവാൻജിയുടെ റിപ്പോർട്ടിന് ഓരോ ദിവസവും ഒന്നര മണിക്കൂറോളം സാധാരണ വേണ്ടിവരാറുണ്ട്. ഇങ്ങനെ പത്തു മണി മുതൽ മൂന്നേമുക്കാൽ മണിയാകുന്നതുവരെ ഇടവിടാതെ ഓരോ കാര്യങ്ങൾക്കായി തിരുമനസ്സുകൊണ്ടു കല്പിച്ചു സമയനിശ്ചയം ചെയ്തിട്ടുണ്ടെങ്കിലും ഇതിനിടയ്ക്കു രാജ്യകാര്യങ്ങൾക്കൊന്നും വിഘാതം കൂടാതെ അവിടുന്നു യൂറോപ്യന്മാരിലും നാട്ടുകാരിലും അവിടത്തെ സ്നേഹിതന്മാരും ആശ്രിതന്മാരുമായുള്ളവർക്ക് അയയ്ക്കാനായി അനേകം തിരുവെഴുത്തുകൾ സ്വയമേവ എഴുതുകയും മുഖംകാണിക്കാനായി വരുന്നവർക്കു കല്പിച്ച് അനുവാദവും സമയവും കൊടുക്കുകയും ചെയ്യുന്നുമുണ്ട്. മേല്പറഞ്ഞ സമയത്തിനു (പത്തു മണി കഴിഞ്ഞു മൂന്നേമുക്കാൽ മണിക്കു)ള്ളിൽ മുഖംകാണിക്കാനായി ചെല്ലുന്നവരിൽ ഒരുത്തർക്കും ഇച്ഛാഭംഗത്തിന് അവിടുന്ന് ഇടയാക്കുന്നില്ല.

മൂന്നേമുക്കാൽ മണി കഴിഞ്ഞാൽ തിരുമേനി പരിവട്ടം മാറി, സവാരിയെഴുന്നള്ളത്തിനു തയ്യാറാകും. മണി നാലടിക്കുന്നതും സവാരിക്കെഴുന്നള്ളത്തു പുറപ്പെടുന്നതും ഒരുമിച്ചു തന്നെ ആയിരിക്കും. സവാരി പ്രായേണ പട്ടണത്തിന്റെ നാനാഭാഗങ്ങളിലുമുള്ള ഉപകാരികകളിൽ ഏതെങ്കിലും ഒന്നുള്ള സ്ഥലത്തേക്കായിരിക്കും. തക്കതായ കാരണം കൂടാതെ തിരുമനസ്സുകൊണ്ടു സവാരിയെഴുന്നള്ളത്തു മുടക്കുകയില്ല. വ്യായാമത്തിൽ അവിടേക്കുള്ള പ്രതിപത്തി ബാല്യംമുതൽക്കു തന്നെ ഉള്ളതാണ്. കൌമാരകാലം മുതൽ അവിടുന്നു പതിവായി കുതിരസ്സവാരിയും ടെനിസ്സുകളിയും ശീലിച്ചുകൊണ്ടിരുന്നു. ടെനിസ്സുകളിയിൽ തിരുമനസ്സിലേക്കുള്ള പരിചയവും സാമർത്ഥ്യവും മററുള്ള വിഷയങ്ങളിലെന്നപോലെ അന്യാദൃശങ്ങളാണെന്നു സർവസമ്മതമാണ്. ഇപ്പോഴും പലയവസരങ്ങളിൽ തിരുമേനി അവിടത്തെ യൂറോപ്യൻസ്നേഹിതന്മാരുടെ കൂട്ടത്തിൽ ചേർന്നു ടെനിസ്സ്. ഗോൾഫ് മുതലായവ കളിക്കാറുണ്ട്. തിരു

മനസ്സിലെപ്പേരിൽ റസിഡണ്ടു മുതലായ വലിയ ധ്വരമാർക്കൊക്കെ അസാമാന്യമായി സ്നേഹമുണ്ടായിരിക്കുന്നതിന്റെ പ്രധാനങ്ങളായ ആന്തരകാരണങ്ങൾ അവിടേയ്ക്കു ഈ വകക്കാളികളിലുള്ള പരിചയവും പാടവവും ഇംഗ്ലീഷിൽ സംസാരിക്കുന്നതിനും എഴുത്തുകുത്തു ചെയ്യുന്നതിനുമുള്ള അനന്യസാധാരണമായ പാണ്ഡിത്യവും സാമർത്ഥ്യവുമാണ്.

സവാരി കഴിഞ്ഞു തിരിയെ കൊട്ടാരത്തിലെഴുന്നള്ളുമ്പോൾ മണി അഞ്ചേമുക്കാലായിരിക്കും. ഉടനെ കടവിലെഴുന്നള്ളത്തായി. ആറേമുക്കാൽ മണിയാകുമ്പോഴേയ്ക്കും നീരാട്ടുകുളി, അന്തിചാർത്തു (സന്ധ്യാവന്ദനം) മുതലായവ സകലതും കഴിഞ്ഞു അത്താഴമമൃത്തിനെഴുന്നള്ളും. ഏഴുമണിക്കു അത്താഴമമൃത്തു കഴിയും. പിന്നെ ഏകദേശം അരമണിക്കൂറു നേരം കൊട്ടാരത്തിനകത്തു തന്നെ "മിതം ഭുക്ത്വാ ശതം ജപ്ത്വാ ഗത്വാ ശതപാദം ശനൈഃ" എന്നുള്ള പ്രമാണപ്രകാരം മന്ദമന്ദമായിലാത്തിക്കൊണ്ടിരിക്കും. ഏഴരമണി മുതൽ ഒൻപതുമണി വരെ വർത്തമാനപത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ മുതലായവ കല്പിച്ചു വായിച്ചുകൊണ്ടിരിക്കും. ഒൻപതുമണി അടിച്ചാലുടനെ പള്ളിക്കുറുപ്പിനു എഴുന്നള്ളുകയും ചെയ്യും.

ഇപ്രകാരമാകുന്നു നമ്മുടെ തിരുമനസ്സിലെ ദിനചര്യകൾ. ഇവയിൽ ഒന്നിനെങ്കിലും വിഘ്നമോ നേരനീക്കമോ വരാതെ അവിടുന്നു സുസ്ഥിരതയോടു കൂടി നിർവഹിച്ചുപോരുന്നുണ്ടു. ദിനചര്യാക്രമത്തിൽനിന്നു തിരുമനസ്സിലേക്കുള്ള ഈശ്വരഭക്തി, മതവിശ്വാസം, ആചാരപ്രതിപത്തി, കൃത്യനിഷ്ഠ, മിതഭോഗം, ആശ്രിതവാത്സല്യം മുതലായ സൽഗുണങ്ങൾ പ്രത്യക്ഷമാകുന്നുണ്ടല്ലൊ.

---

## ആറാം അദ്ധ്യായം

---

### സ്വഭാവം.

തിരുമനസ്സിലെ സൽഗുണങ്ങളിൽ പ്രധാനങ്ങളായിട്ടുള്ളവയെ പ്രത്യേകമെടുത്തു പറയാമെന്നു വിചാരിക്കുമ്പോൾ അഹമഹമികയോടു കൂടി പ്രഥമസ്ഥാനത്തു മുൻപിട്ടു നിൽക്കുന്നവ ഈശ്വരഭക്തി, നിഷ്കളങ്കത, ശാന്തത, പ്രജാവത്സ

ലത, കൃത്യനിഷ്ഠ മുതലായവയാണ്. ഈശ്വരഭക്തി എന്നതു തിരുവിതാംകൂർ മഹാരാജവംശത്തിനു പൂർവ്വകാലം മുതൽക്കു തന്നെ സ്ഥായിയായി നിലനിന്നു പോരുന്ന ഒരു വിശിഷ്ടഗുണമാകുന്നു. തന്റെ രാജ്യം, ഭണ്ഡാരം മുതലായ സർവ്വസ്വവും. തന്നെത്തന്നെയും ശ്രീപത്മനാഭസ്വാമിക്കായി സമർപ്പിച്ചിട്ട് ആ നിന്തിരുവടിയുടെ ദാസനായി രാജ്യം വാണുകൊള്ളാമെന്നു തീർച്ചപ്പെടുത്തി, അപ്രകാരം ചെയ്തു—ആ രാജകേസരിയായിരുന്ന (933-ൽ നാടുനീങ്ങിയ) മാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സിലെ ഈശ്വരഭക്തി എത്രമാത്രമെന്നു പറയണമെന്നില്ലല്ലൊ. ആ തിരുമേനിയുടെ പിൻഗാമികളും പേരിനു മാത്രമല്ല, കാര്യത്തിലും ശ്രീപത്മനാഭദാസന്മാരായിട്ടാണിരുന്നിട്ടുള്ളതു്. എന്നാൽ നമ്മുടെ തിരുമനസ്സുകൊണ്ടു് ഈ വിഷയത്തിൽ അവിടുത്തെ പൂർവ്വന്മാരെ ജയിക്കുന്നു എന്നു തന്നെ പറയാം. സ്വമതസിദ്ധാന്താചാരങ്ങളിൽ തിരുമനസ്സിലേക്കുള്ള നിഷ്ഠ അന്യാദൃശമാകുന്നു. പാശ്ചാത്യപരിഷ്കാരത്തിന്റെ ഗന്ധമാത്രപ്രാപ്തന്മാരായ ചില ചില്ലറപ്പരിഷ്കാരികൾ മൂഢവിശ്വാസങ്ങളെന്നു പറഞ്ഞു പോരുന്ന ചില ആചാരങ്ങളിലും സാരവത്തരങ്ങളായ അനേകതത്വങ്ങൾ അന്തർഭവിച്ചിട്ടുണ്ടെന്നു മഹാവിദ്വാന്മാരായ മിക്കവരും ഇപ്പോൾ സമ്മതിക്കുന്നുണ്ടല്ലൊ. ഈ വാസ്തുവം തിരുമനസ്സുകൊണ്ടു ബാല്യത്തിലെ ഗ്രഹിച്ചിട്ടുള്ളതാണ്. കോവിലെഴുന്നള്ളത്തും പത്മനാഭസ്വാമിദർശനവും നിശ്ചിതസമയത്തു തന്നെ പതിവായി നടക്കണമെന്നുള്ള നിർബന്ധം തിരുമനസ്സിലേക്ക് ഒട്ടും ചില്ലറയല്ല. സ്വാമിദർശനം കഴിയാതെ ഒരു ദിവസമെങ്കിലും അവിടുന്ന് അമൃതത്തു കഴിക്കുക പതിവില്ല. അല്ലെങ്കിൽ കോവിലെഴുന്നള്ളത്തു പാടില്ലാത്തതായ വല്ല വിശേഷകാരണങ്ങളുമുണ്ടായിരിക്കണം. തിരുമനസ്സിലേക്കു തിരുമൂപ്പു സിദ്ധിച്ചതിന്റെ ശേഷം സർക്കാർചിലവിന്മേൽ മാത്രമല്ല, തൃക്കൈച്ചിലവായിട്ടു കൂടിയും ജീർണ്ണോദ്ധാരണം ചെയ്തിട്ടുള്ള ദേവാലയങ്ങൾ അസംഖ്യങ്ങളാകുന്നു. അപ്രകാരം തന്നെ അനേകം സ്ഥലങ്ങളിൽ ധ്വജപ്രതിഷ്ഠയും കല്പിച്ചു നടത്തിച്ചിട്ടുണ്ട്. അവയിൽ പലതും സ്വർണ്ണധ്വജങ്ങളുമാണ്. ക്ഷേത്രം പണിക്കായി കുടികൾക്കു കല്പിച്ചനുവദിച്ചു കൊടുത്തിട്ടുള്ളതും കൊടുത്തുവരുന്നതുമായ സഹായധനത്തിന്റെ സംഖ്യയും ഒട്ടും ചില്ലറയല്ല. ഇങ്ങനെ ഇതിനേക്കുറിച്ചു പറഞ്ഞാൽ വ

ളരെയുണ്ടു്. ഇവയെല്ലാം ഈശ്വരഭക്തിയുടെ ലക്ഷണങ്ങളാണല്ലോ.

ഈശ്വരഭക്തിയുടെ ഒരു പ്രകാരാന്തരമായിട്ടാണ് തിരുമനസ്സുകൊണ്ടു ഗുരുജനഭക്തിയെ ഗണിച്ചിരിക്കുന്നതു്. തന്റെ പൂർവികന്മാരെക്കുറിച്ചു തിരുമേനിക്കുള്ള ഭക്തിബഹുമാനങ്ങൾ നിസ്തുല്യങ്ങളാകുന്നു. ഇതിനു ദൃഷ്ടാന്തമായി വിശാഖംതിരുനാൾ തിരുമനസ്സിലെ സംവത്സരദീക്ഷ രാജ്യഭാരത്തോടു കൂടി ഈ തിരുമനസ്സുകൊണ്ടു നിർവ്വഹിച്ചു എന്നുള്ള സംഗതി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. തിരുമനസ്സുകൊണ്ടു ദിവസത്തിലൊരിക്കൽ ഒരു നിശ്ചിതസമയത്തു മുൻപു നാടുവാണിരുന്നവരായ തന്റെ പൂർവ്വികന്മാരുടെ പ്രതിച്ഛായകൾ കൊട്ടാരത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളവയെ എല്ലാം കണ്ടു വന്ദിക്കണമെന്നു നിശ്ചയിച്ചിട്ടുള്ളതും അങ്ങനെ നടത്തിപ്പോരുന്നതും അവരിൽ തിരുമനസ്സിലേക്കുള്ള ഭക്തിബഹുമാനങ്ങൾകൊണ്ടല്ലെങ്കിൽ പിന്നെ എന്തുകൊണ്ടായിരിക്കും?

തിരുമനസ്സിലെ നിഷ്കളങ്കതയും സുപ്രസിദ്ധമാണ്. അതു കണ്ടോ കേട്ടോ അനുഭവിച്ചോ അറിഞ്ഞിട്ടില്ലാത്തവർ ചുരുക്കമാണ്.

"ക്ഷത്രപനാകുമിവൻ ന-
ക്ഷത്രപനായിട്ടുതിരെന്നു ചിന്തിച്ചോ
അദ്ദേഹിണ്ണനരുളിടാത്തതു
ഹൃത്തട്ടിങ്കൽക്കളങ്കസമ്പർക്കം".

എന്നു "വഞ്ചീശഗീതി"യുടെ നിർമ്മാതാവു പറഞ്ഞിട്ടുള്ളതിൽ അതിശയോക്തിയുടെ ലേശം പോലുമില്ലെന്നു തീർച്ചയായി പറയാം.

തിരുമേനിയുടെ ശാന്തതയെക്കുറിച്ചു് അടുത്തറിയാൻ കഴിഞ്ഞിട്ടുള്ളവരിലാരും അതു "മരിച്ചാലും മറക്കില്ല". തിരുമുൻപാകെ ചെന്നു മുഖം കാണിക്കാൻ ഭാഗ്യമുണ്ടായിട്ടുള്ള ഓരോരുത്തരും അവിടുത്തെ ശാന്തസ്വഭാവത്തെപ്പററി പറയുന്നതു കേട്ടാൽ ആരും വിസ്മയിച്ചുപോകും. തിരുമുൻപാകെ ചെല്ലുന്നവരോടു ശാന്തതയോടു കൂടി ഓരോന്നു കല്പിച്ചു ചോദിക്കുകയും മററും ചെയ്യുന്ന ഒരു രീതി ഒന്നു വേറെ തന്നെയാണ്. തിരുമനസ്സിലെ ഗുരുനാഥൻ, അവിടു

ത്തെക്കുറിച്ച് എഴുതീട്ടുള്ളതിൽ "ഏററവും ശാന്തമായ സ്വഭാവവും അസാധാരണമായ കാരുണ്യവുംകൊണ്ട് അവിടുന്ന്" (മഹാരാജാവു തിരുമനസ്സുകൊണ്ട്) "തന്റെ മാതുലന്മാരുടെയും പ്രീതിക്കു പാത്രീഭവിച്ചിരിക്കുന്നു. 'ഈ രാജകുടുംബത്തിലുള്ളവരിൽ എനിക്കു യാതൊരുപദ്രവവും ഉണ്ടാകാതെ നിങ്ങളുടെ ശിഷ്യൻ മാത്രമേ ഉള്ളു' എന്നു അയില്യംതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ട് എന്നോടു പലപ്പോഴും കല്പിക്കാറുണ്ട്" എന്നു പ്രസ്താവിച്ചിരിക്കുന്നു.

നമ്മുടെ തിരുമനസ്സിലെ പ്രജാവാത്സല്യത്തെക്കുറിച്ച് ഒരു മഹാൻ—തിരുമേനി തന്റെ പ്രജകളെ തന്നെക്കാൾ സ്നേഹിക്കുന്നു—എന്നു പറഞ്ഞിരിക്കുന്നു. ഇതു എത്രയും വാസ്തവമായിട്ടുള്ളതാണെന്നു വാത്സല്യസഹിതം തിരുമേനിയാൽ ഭരിക്കപ്പെടുന്ന സകലജനങ്ങൾക്കും അറിയാവുന്നതാണ്. നാനാജാതിമതസ്ഥരായ സകലപ്രജകളും ആബാലവൃദ്ധം തിരുമനസ്സിലേപ്പേരിൽ അത്യന്തം ഭക്തിവിശ്വാസബഹുമാനസ്നേഹസന്തോഷങ്ങളോടു കൂടി വർത്തിക്കുന്നതിന്റെ മുഖ്യകാരണം ഇതു തന്നെയായിരിക്കണം. വൈസ്രോയി കഴ്സൺപ്രഭു ഈ രാജ്യത്തെ സന്ദർശിച്ചതിനെക്കുറിച്ചു തിരുമനസ്സുകൊണ്ടു നന്ദി പറഞ്ഞിട്ടുള്ളതിൽ പ്രസ്താവിച്ചിരിക്കുന്നതു്—എനിക്കും അത്യന്തം രാജഭക്തിയുള്ളവരായ എന്റെ പ്രജകൾക്കും താങ്കൾ ഉണ്ടാക്കിത്തീർത്ത ബഹുമാനം ഒരിക്കലും മറക്കത്തക്കതല്ല—എന്നാകുന്നു.

തിരുമനസ്സിലെ കൃത്യനിഷ്ഠയും കൃത്യബോധവും സർവ്വസമ്മതങ്ങളാകയാൽ അതിനെക്കുറിച്ച് അധികമൊന്നും പറയണമെന്നു തോന്നുന്നില്ല.

നമ്മുടെ തിരുമേനിയുടെ ദാതൃത്വത്തെക്കുറിച്ചു പറയുകയാണെങ്കിൽ അതും അത്യന്തം വിസ്മയനീയമായിട്ടാണിരിക്കുന്നതു്. സ്മാരകങ്ങൾ, ക്ഷാമനിവാരണം മുതലായ ഓരോ സംഗതിക്കായി ഇൻഡ്യയിലും മററു രാജ്യങ്ങളിലുമുണ്ടാകുന്ന ധനശേഖരങ്ങളിലേക്കു നമ്മുടെ തിരുമേനി കല്പിച്ചുകൊടുത്തിട്ടുള്ള സംഖ്യകൾ ഈ രാജ്യത്തിന്റെയും അന്യരാജാക്കന്മാർ കൊടുത്തിട്ടുള്ള സംഖ്യകളുടേയും സ്ഥിതിക്കു വളരെ അധികം തന്നെയാണ്. ഈ രാജ്യത്തു തന്നെ ധനസഹായം ആവശ്യമുള്ളവയായ ഓരോ സംഗതികൾക്കും കല്പിച്ചുകൊടുത്ത സംഖ്യകൾ അപേക്ഷകന്മാർ വിചാരിക്കുന്നതിൽ വ

ളരെ അധികമായിട്ടല്ലാതെ ഒരിക്കലും ഉരിക്കാറില്ല. അകപ്പാടെ വിചാരിച്ചാൽ "അത്യൌദാൎയ്യനിധി" എന്നു തിരുമേനിയെ ജനങ്ങൾ പുകഴ്ത്തുന്നതിൽ അത്ഭുതപ്പെടാനില്ല.

തിരുമനസ്സിലേക്ക മേൽകോയ്മയോടുള്ള ഭക്തിവിശ്വാസബഹുമാനങ്ങളും അപരിമിതങ്ങളാകുന്നു. തിരുമേനിയുടെ പേരിൽ അവിടുത്തെ പ്രജകൾക്കുള്ള ഭക്തിവിശ്വാസാദികൾ എത്രത്തോളമുണ്ടോ അതിൽ ഒട്ടും കുറയാതെ നമ്മുടെ തിരുമനസ്സിലേക്ക തന്റെ മേലാവായ ബ്രിട്ടീഷ് രാജസ്ഥാനത്തോടുമുണ്ട്. ആ രാജസ്ഥാനത്തുണ്ടാകുന്ന സന്തോഷസന്താപങ്ങളെ ഏതു പ്രകാരം ഇവിടെ നമ്മുടെ തിരുമേനി ആചരിക്കുന്നു എന്നും ബ്രിട്ടീഷ് രാജപ്രതിനിധികളായ ഗവൎണ്ണർമാർ മുതലായവർ ഈ രാജ്യം സന്ദൎശിക്കാനായി വരുന്ന സമയങ്ങളിൽ തിരുമനസ്സുകൊണ്ട് അവരെ ഏതുപ്രകാരം ആദരിക്കുകയും സൽക്കരിക്കുകയും ചെയ്യുന്നു എന്നും വിചാരിച്ചുനോക്കിയാൽ തിരുമനസ്സിലേക്ക തന്റെ മേൽകോയ്മയെക്കുറിച്ചുള്ള ഭക്തിവിശ്വാസാദരങ്ങൾ എത്രമാത്രമുണ്ടെന്ന് ഏവൎക്കും അറിയാവുന്നതാണ്.

മതാചാരനിഷ്ഠയും കീഴ്നടപ്പിലുള്ള പ്രതിപത്തിയും നമ്മുടെ തിരുമനസ്സിലേക്ക സാമാന്യത്തിലധികമുണ്ടെങ്കിലും കാലത്തിനടുത്ത മനഃപരിഷ്കാരവും അവിടേക്ക ധാരാളമായിട്ടുണ്ട്. ഹിന്തുക്കൾ കപ്പൽയാത്ര ചെയ്കയോ ശീമയ്ക്കു പോവുകയോ ചെയ്താൽ ഭ്രഷ്ടു കല്പിക്കണമെന്നുള്ള വിചാരവും നിൎബന്ധവും അവിടേക്കില്ല. പ്രത്യുത ഇംഗ്ലണ്ടു മുതലായ സ്ഥലങ്ങളിൽ പോയി വിദ്യാഭ്യാസം ചെയ്യുവതിന്നാന മനസ്സും ശക്തിയുമുള്ളവരെ നമ്മുടെ തിരുമേനി ധനംകൊണ്ടും മറ്റും വേണ്ടുന്ന സഹായങ്ങളെല്ലാം ചെയ്ത് അയയ്ക്കുകയാണ് ചെയ്യുന്നതു്. കുടുമ വെട്ടുക, തലമുടി വളൎത്തുക, അൎദ്ധക്ഷൌരം ചെയ്യിക്കുക മുതലായ നിസ്സാരകാൎയ്യങ്ങളിൽ തിരുമനസ്സുകൊണ്ടു തന്റെ മനസ്സിനെ പ്രവേശിപ്പിക്കുക പതിവില്ല. അവരവരുടെ ഹിതംപോലെയുള്ള ഭാഷാവേഷങ്ങളെ സ്വീകരിക്കുന്നതിൽ അവിടേക്കു യാതൊരു വിരോധവുമില്ല. അങ്ങനെയൊക്കെ നടക്കുന്നവരെ ക്ഷേത്രവിരോധം ചെയ്യേണ്ടതാണെന്നു നിൎബന്ധിക്കയും അതിനായിട്ടു മുക്കടമുഷ്ടി പിടിക്കുകയും മറ്റും നമ്മുടെ തിരുമേനിക്കു പതിവില്ല. എന്നു മാത്രമല്ല. ശ്രീപത്മനാഭസ്വാമിയെ എഴുന്നള്ളിക്കുന്ന സമയങ്ങളിൽ "പത്തുനൂറു നവസുന്ദരാം

ഗികൾ വിളക്കെട്ടത്തു പുറകേ മുദാ അകമ്പടി സേവിക്കുക പതിവുണ്ടല്ലൊ. ആ സുന്ദരാംഗികൾ വിളക്കെട്ടുകുന്ന സമയങ്ങളിൽ മാറുമറച്ചുകൂടാ എന്നാണ് പഴയ ഏർപ്പാട്. എന്നാൽ അതു് ഈ കാലത്തിനു ചേർന്നതല്ലെന്നും നമ്മുടെ തിരുമനസ്സിലേക്കു തോന്നുകയാൽ മാറുമറയ്ക്കാതെ ആരും വിളക്കെട്ടത്തുകൂടാ എന്നു കല്പനകൊടുത്തു. ഇതെല്ലാം അവിടുത്തെ മ[illegible]പരിഷ്കാരത്തിന്റെ ഫലങ്ങളാണെന്നു തീർച്ചയാണല്ലൊ. എന്നാൽ ഹിന്ദുമതാചാരപ്രകാരമുള്ള വ്രതാനുഷ്ഠാനങ്ങളിലും പുരാതനങ്ങളായ ആചാരങ്ങളിലും മററും തിരുമനസ്സിലേക്കുള്ള നിഷ്ഠയും പ്രതിപത്തിയും സാമാന്യമൊന്നുമല്ല താനും.

നിസ്തുല്യ നമ്മുടെ മഹാരാജാവുതിരുമനസ്സിലേപ്പോലെ രാജാക്കന്മാരിലെന്നല്ല. സാധാരണന്മാരിൽത്തന്നെയും അക്കമുണ്ടെന്നു തോന്നുന്നില്ല. മുഷിഞ്ഞിരുന്നു ജോലി ചെയ്യുമെന്നു മാത്രമല്ല. ജോലികൾ ക്ഷണത്തിൽ ചെയ്തു തീക്കുന്നതിനുള്ള സാമർത്ഥ്യവും അവിടേയ്ക്കു സാമാന്യമൊന്നുമല്ല. ഏതു സംഗതിയുടേയും സാരം ക്ഷണത്തിൽ ഗ്രഹിക്കുന്നതിനും ഗ്രഹിക്കുന്നതെല്ലാം ഓർമ്മയിൽ വെച്ചുകൊണ്ടിരിക്കുന്നതിനും അവിടേയ്ക്കു പ്രത്യേകമായി ഒരു ശക്തിയുണ്ടു്. തന്നിമിത്തമാണ് അവിടുന്നു പ്രതിദിനം ഇത്ര വളരെ ജോലികൾ കുറച്ചു സമയംകൊണ്ടു ചെയ്തു തീക്കുന്നതു്.

തിരുമനസ്സിലെ സമചിത്തത അന്യാദൃശിയാണെന്നുള്ളതിനു നാനാജാതിമതസ്ഥന്മാരായ സ്വപ്രജകളെ എല്ലാം ഒരുപോലെ വിചാരിച്ചു രക്ഷിച്ചുപോരുന്നതിലധികം തെളിവൊന്നും വേണമെന്നു തോന്നുന്നില്ല. എങ്കിലും അതിനെക്കുറിച്ച് ഒരു സംഗതി കൂടി പറയാനുണ്ടു്. തിരുമുമ്പാകെ മുഖംകാണിക്കാനായി ചെല്ലുന്നവർ പല സ്ഥിതിയിലുള്ളവരായിരിക്കുമല്ലൊ. സമ്പന്നനായാലും ദരിദ്രനായാലും ബ്രാഹ്മണനായാലും ശൂദ്രനായാലും ഹിന്ദുവായാലും ക്രിസ്ത്യാനിയായാലും എല്ലാവരോടും അവിടുത്തെ അനുകമ്പ ഒന്നുപോലെ തന്നെയിരിക്കും. ആക്കെങ്കിലും സമയം അനുവദിക്കാതെയിരിക്കുകയൊ ആരോടെങ്കിലും കല്പിച്ച് ഒന്നും സംസാരിക്കാതെയിരിക്കുകയൊ ഒന്നും ചെയ്യുക നമ്മുടെ തിരുമേനിക്കു പതിവില്ല. ഇങ്ങനെ അവിടുത്തെ സ്വഭാവഗുണങ്ങൾ പറഞ്ഞുതുടങ്ങിയാൽ അവ അവസാനമില്ലാതെ ഉണ്ടു്.

## ഏഴാം അദ്ധ്യായം.

---

### വിശേഷസംഗതികൾ.

തിരുമനസ്സിലെ സിംഹാസനാരോഹണാനന്തരം രാജ്യഭരണസംബന്ധങ്ങളല്ലാതെ ഉണ്ടായിട്ടുള്ള ചില വിശേഷസംഗതികളെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പറയാൻ ഭാവിക്കുന്നത്. അവയിൽ സർവ്വപ്രകാരേണയും പ്രഥമഗണനീയമായിട്ടുള്ളത് ഇൻഡ്യാചക്രവർത്തിനിയായിരുന്ന ശ്രീമതി വിക്ടോറിയാ മഹാരാജ്ഞി അവർകളുടെ രാജ്യഭരണം അൻപതു സംവത്സരം തികഞ്ഞതിന്റെ സിൽവർജൂബിലി (ഉത്സവാഘോഷം) ആകകൊണ്ട് അതിനെത്തന്നെ ഇവിടെ ആദ്യമായി പറഞ്ഞുകൊള്ളുന്നു. ഇതിനെ തിരുവിതാംകൂറിൽ കൊണ്ടാടിയത് 1885 ഫെബ്രുവരിമാസം 16-ം 17-ം (1062 കുംഭം 5-ം 6-ം) തീയതികളിലായിരുന്നു. ആ ദിവസങ്ങളിൽ നമ്മുടെ മഹാരാജാവുതിരുമനസ്സുകൊണ്ട് ഈ രാജ്യത്തുള്ള കച്ചേരികൾ, പള്ളിക്കൂടങ്ങൾ മുതലായവയ്ക്കെല്ലാം കല്പിച്ച് ഇളവ് അനുവദിച്ചിരുന്നു. നാട്ടുകാരെല്ലാം തങ്ങളുടെ സൌഹാർദ്ദസംയുക്തമായ സന്തോഷത്തെയും ഭക്തിബഹുമാനങ്ങളേയും പ്രദർശിപ്പിക്കുന്നതിനായി രാജ്യമൊട്ടുക്ക് അത്യന്തം ആഘോഷപൂർവ്വം ആ ദിവസങ്ങളെ ആചരിക്കുകയും ആദരിക്കുകയും ചെയ്തു. എല്ലാ താലൂക്കുകളിലും അഗതികൾക്കു മൃഷ്ടാന്നഭോജനവും പള്ളിക്കൂടക്കുട്ടികൾക്കു പലഹാരങ്ങളും സർക്കാർചിലവിന്മേൽ കൊടുക്കപ്പെട്ടു. മഹാരാജ്ഞിയവർകൾക്കു മംഗളാർത്ഥമായി അനേകവിധഗാനങ്ങളോടും ആശീർവ്വചനങ്ങളോടും ജയഘോഷശബ്ദങ്ങളോടും കൂടി കുട്ടികളുടെ ഘോഷയാത്രകളും കുട്ടികൾ കൂടി പല തരത്തിലുള്ള മത്സരക്കളികളും ജയിക്കുന്നവർക്കു സമ്മാനദാനങ്ങളും മററും ഈ രാജ്യത്തുള്ള പ്രധാനസ്ഥലങ്ങളിലെല്ലാം നടത്തപ്പെട്ടു. ഈ വകയ്ക്കുള്ള ചിലവുകളും സർക്കാരിൽനിന്നു തന്നെയായിരുന്നു. തലസ്ഥാനമായ തിരുവനന്തപുരത്തു നാട്ടുകാരായ എല്ലാ ഉദ്യോഗസ്ഥന്മാർക്കും കോട്ടയ്ക്കകത്തു ദിവാൻജിയുടെ വാസസ്ഥലമായ പത്മവിലാസത്തുവെച്ചു വിരുന്നുസൽക്കാരവും ധാരമാക്കെല്ലാം ഹജൂർക്കച്ചേരിയോടുചേർന്നുള്ള തീൻമുറിയിൽവെച്ചു വലിയമേശയും ഉണ്ടായി. വിശേഷിച്ചും ഗവർണ്ണർ ജനറലിന്റെ പക്കൽനിന്നു വന്ന

റായ കർത്താവിനെ സ്വീകരിക്കുന്നതിനായി ഒരു കുടിക്കാഴ്ചയും കാഴ്ചബംഗ്ലാവിന്റെ വളപ്പിനകത്തുവെച്ചു പലവിധം കളികളും രാത്രിയിൽ വെടിക്കെട്ടു, ദീപക്കാഴ്ച മുതലായ ആഘോഷങ്ങളുമുണ്ടായിരുന്നു. വലിയമേശസമയത്തും കുടിക്കാഴ്ചസമയത്തും നമ്മുടെ തിരുമനസ്സുകൊണ്ടു കല്പിച്ചു ചെയ്ത പ്രസംഗങ്ങൾ ഗംഭീരരമണീയങ്ങളും ഹൃദയംഗമങ്ങളുമായിരുന്നു. അവയിൽ തിരുമനസ്സിലേക്കു മഹാരാജ്ഞിയവർകളെക്കുറിച്ചുള്ള ഭക്തിബഹുമാനവിശ്വാസങ്ങൾ വിശദീകൃതങ്ങളായിരുന്നതു കൂടാതെ തിരുമേനിക്കു ഇംഗ്ലീഷിലുള്ള പാണ്ഡിത്യവും പാടവവും സ്പഷ്ടീഭവിക്കുകയും ചെയ്തിരുന്നു. ആ പ്രസംഗങ്ങൾ തർജ്ജമ ചെയ്തു ഇവിടെ ചേർക്കാമെന്നു വെച്ചാൽ അവയുടെ ഗാംഭീര്യവും മാധുര്യവും മറ്റും സഹസ്രാംശമെങ്കിലും തർജ്ജമയിൽ വരുത്താൻ പ്രയാസമാകയാൽ അതിന്നായി ശ്രമിക്കുന്നില്ല. എങ്കിലും ഒരു ഭാഗം മാത്രം താഴെ ചേർക്കുന്നു.

"ഇന്നു 'മാലൈദ്വ്യ വിജയിക്കണം സുചിരമാ വിച്യൂതാ വിക്ടോറിയാ,' എന്ന് ആദീർഘവും അത്യുച്ചവുമായുള്ള ആശീർവ്വചനഘോഷംകൊണ്ടു ഈ ഭാരതഖണ്ഡം മുഴുവനും മുഴങ്ങുന്നു. ഈ ഗംഭീരനിനാദം ഇപ്പോൾ ഹിമവൽപാർശ്വങ്ങളിലെത്തി മാറ്റൊലിക്കൊണ്ടു, അതിനപ്പുറത്തുള്ള രാജ്യങ്ങളിലും വ്യാപിക്കുകയും അങ്ങനെ ലോകമെല്ലാം അതു കേൾക്കപ്പെടുകയും തന്നിമിത്തം ഉർവ്വിയിലുള്ള രാജാക്കന്മാരും ജനങ്ങളുമെല്ലാം തങ്ങളുടെ പ്രിയപ്പെട്ട മഹാരാജ്ഞിയിലുള്ള ദൃഢപ്രേമത്തിലും രാജഭക്തിയിലും യോജിച്ചിരിക്കുന്നുവെന്നു സകലജനങ്ങളും അറിയുകയും ചെയ്യും".

മേല്പറഞ്ഞവ കൂടാതെ ഈ ജൂബിലി സംബന്ധിച്ചു പല സംഗതികളും തിരുമനസ്സുകൊണ്ടു കല്പിച്ചു ചെയ്തിട്ടുണ്ട്. സ്ത്രീകളെ സൂതികക്രിയ അഭ്യസിപ്പിക്കുന്നതിനായിട്ടു കൊല്ലത്തു ഒരാസ്പത്രി ജൂബിലിസ്മാരകമായി സ്ഥാപിക്കുകയും, ജനങ്ങൾക്കു ദുർവ്വഹങ്ങളായ ചില നികുതികളെ നിറുത്തൽ ചെയ്തു രണ്ടു തിരുവെഴുത്തുവിളംബരങ്ങൾ പ്രസിദ്ധപ്പെടുത്തുകയും 12 ജയിൽപ്പുള്ളികളെ വിലങ്ങുവെട്ടി വിടുകയും ചെയ്തതു കൂടാതെ ഈ ജൂബിലി സംബന്ധിച്ചു ലണ്ടനിൽ ഏർപ്പെടുത്തിയ "ഇമ്പീരിയൽ ഇൻസ്റ്റിട്യൂട്ടി"ന്നു പതിനായിരവും മദ്രാസിലെ "ടെക്നിക്കൽ ഇൻസ്റ്റിട്യൂട്ടി"ന്നു രണ്ടായിര-

വും രൂപാ വീതം തിരുമനസ്സുകൊണ്ടു കല്പിച്ചു സംഭാവന ചെയ്യുകയും ചെയ്തു. ഇതുകൾക്കും പുറമെ തിരുവനന്തപുരം കരകൌശലശാലയിലുള്ള ശില്പിവര്യന്മാരാൽ ദന്തംകൊണ്ടും കരിന്താളികൊണ്ടും ഉണ്ടാക്കപ്പെട്ടവയും അത്യന്തം കൌതുകപ്രദങ്ങളുമായ ചില സാമാനങ്ങൾ നമ്മുടെ തിരുമേനി മഹാരാജ്ഞിയവർകൾക്കു അയച്ചുകൊടുക്കുകയും ചെയ്തു. മഹാരാജ്ഞിയവർകൾ ആ സാധനങ്ങളെ കൃതജ്ഞതാപൂർവ്വം സ്വീകരിക്കുകയും സന്തോഷസമന്വിതം നമ്മുടെ തിരുമനസ്സിലെയ്ക്ക് അവിടെനിന്നു ഒരു മറുപടി അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടു.

കൊച്ചിയിലെ അന്നത്തെ യുവരാജാവുതിരുമനസ്സുകൊണ്ടു 1887-ൽ തിരുവിതാംകൂറിനെ സന്ദർശിക്കാനായി ഇവിടെ എഴുന്നള്ളുകയും നമ്മുടെ മഹാരാജാവുതിരുമനസ്സിലെ അതിഥിയായി തിരുവനന്തപുരത്തെഴുന്നള്ളി ചില ദിവസം താമസിക്കുകയും യഥായോഗ്യം സൽക്കരിക്കപ്പെടുകയും ചെയ്തു. നമ്മുടെ തിരുമേനി മുമ്പൊരിക്കൽ കൊച്ചിയിലെഴുന്നള്ളിയതു മുതൽ ഈ രണ്ടു രാജകുടുംബങ്ങളും തമ്മിൽ അങ്കുരിച്ചു വളർന്നു തുടങ്ങിയ മൈത്രി ഈ സംഭവം നിമിത്തം ഒന്നുകൂടി പ്രബലീഭവിച്ചു.

ഈ ആണ്ടിൽ തന്നെ മദ്രാസുഗവൎണ്ണർ ലാഡ് കാണിമേറാ അവർകൾ ഇവിടെ വരികയും തിരുമനസ്സിലെ അതിഥിയായി രണ്ടു മൂന്നു ദിവസം തിരുവനന്തപുരത്തു താമസിക്കുകയും ചെയ്തു. അത്യൌദാര്യനിധിയായ തിരുമനസ്സിലെ സൽക്കാരബഹുമാനങ്ങളാൽ സായ്പവർകൾ അത്യന്തം സന്തുഷ്ടനായി ഭവിച്ചു എന്നുള്ളതു പറയേണ്ടതില്ലല്ലൊ. സായ്പവർകൾക്കു തിരുമേനിയേയും പ്രജകളെയും കുറിച്ചു വളരെ നല്ല അഭിപ്രായമാണുണ്ടായതെന്നു്. അദ്ദേഹം വലിയതിൻ സമയത്തു ചെയ്ത പ്രസംഗത്തിൽനിന്നു് അറിയാവുന്നതാണു്. അതിന്റെ ഒരു ഭാഗത്തിന്റെ തർജ്ജമ താഴെ ചേർക്കുന്നു.

“ഈ രാജ്യവാസികളിൽ അനന്യസാധാരണമായി വിളങ്ങിക്കൊണ്ടിരിക്കുന്നതും എത്രയും സ്വാഭാവികവും ഉൽകൃഷ്ടവും വിവേകയുക്തവുമായ വിനയസ്വഭാവം കണ്ടിട്ടു ഞാൻ വിസ്മയഭരിതഹൃദയനായിത്തീർന്നിരിക്കുന്നു. ഇങ്ങനെയുള്ള പ്രജകളുടെ ഒരു നേതാവായിരിക്കാൻ ഈ മഹാരാജാവു് അവർകൾ സർവ്വഥാ അർഹനായിരിക്കുന്നു എന്നാണു്

എന്റെ അഭിപ്രായമെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലൊ. രാജ്യഭരണസംബന്ധമായി അവിടുന്ന് അടുത്ത കാലങ്ങളിൽ ചെയ്തിട്ടുള്ള ശ്രമങ്ങൾ ഏററവും സഫലങ്ങളായിത്തീർന്നിട്ടുണ്ടെന്ന് എനിക്കറിയാം. അവിടുത്തെ രാജ്യഭരണത്തിന്റെ ശാഖകളിൽ മിക്കവാറും എല്ലാത്തിനെപ്പററിയുമുള്ള വിവരണങ്ങൾ വായിക്കുന്നതിനും (കച്ചേരികൾ, ആസ്പത്രികൾ, പാഠശാലകൾ മുതലായവയായി) രാജ്യത്തുള്ള പൊതുസ്ഥാപനങ്ങളിൽ പലതും സന്ദർശിക്കുന്നതിനും ഇക്കഴിഞ്ഞ സ്വല്പദിവസങ്ങൾക്കുള്ളിൽ എനിക്കിടയായിട്ടുണ്ട്. ഇവയെല്ലാം ഏററവും അഭിവൃദ്ധിയോടു കൂടിയ സ്ഥിതിയിലാണ് ഞാൻ കണ്ടിട്ടുള്ളതെന്നു കൂടി പ്രസ്താവിച്ചുകൊള്ളുന്നു. ഇക്കഴിഞ്ഞ സ്വല്പസംവത്സരങ്ങൾക്കിടയിൽ രാജ്യത്തിനുണ്ടായിട്ടുള്ള അഭിവൃദ്ധിയെപ്പററി അവിടേക്കു (മഹാരാജാവവർകൾക്കു) കൃതാർത്ഥതയ്ക്കു ധാരാളം അവകാശമുണ്ടെന്നാണ് എന്റെ അഭിപ്രായം”.

ഗവർണ്ണരവർകൾ ഇവിടെ വന്നിരുന്നതായ ആ കാലത്ത് ഇവിടെ സർക്കാരുദ്യോഗാവകാശത്തെപ്പററി ജനങ്ങളുടെ ഇടയിൽ വലിയ തർക്കവും വഴക്കുമൊക്കെയുമുണ്ടായിരുന്നു. സ്വദേശികളും പരദേശികളുമായ രണ്ടു കക്ഷികളും സംഘങ്ങൾ കൂട്ടുകയും ഇതുസംബന്ധിച്ച് അനേകം ബഹളങ്ങളുണ്ടാക്കുകയും ഈ രാജ്യത്തും അന്യരാജ്യങ്ങളിലുമുള്ള വർത്തമാനപ്പത്രങ്ങളിൽ ലേഖനരൂപേണ വാദപ്രതിവാദങ്ങൾ നടത്തുകയും മററും ചെയ്തു കൂടാതെ ഇരുകക്ഷികളും ഗവർണ്ണർസായ്പുവർകളുടെ അടുക്കൽ ഹർജ്ജികൾ കൊടുക്കുകയും ചെയ്തു. എന്നാൽ സായ്പവർകൾ. മന്ത്രിമാർ നിമിത്തം രാജ്യഭരണവിഷയത്തിൽ വല്ല അനീതികളൊ കുഴപ്പങ്ങളൊ ഉണ്ടാകുന്നതായാൽ അവ നീതിമാനും പ്രജാവത്സലനും സമചിത്തനുമായ മഹാരാജാവുതിരുമനസ്സിലെ ദൃഷ്ടിയിൽപ്പെടുന്ന മാത്രയിൽ പരിഹരിക്കപ്പെടുമെന്നുള്ള വിശ്വാസത്താൽ ഈ സംഗതിയെക്കുറിച്ചു പറയത്തക്കവണ്ണമൊന്നും ഗൌനിക്കാതെയാണ് മടങ്ങിപ്പോയത്. ഗവർണ്ണരവർകളുടെ ആഗമനത്തിന്റെ സ്മാരകമായി തിരുവനന്തപുരത്തു “കാണിമേറാച്ചന്ത” ഏർപ്പെടുത്തപ്പെട്ടത് ഇതിനു വളരെ അടുത്തുതന്നെ 1063-ാമാണ്ടു വൃശ്ചികമാസത്തിലാണ്.

ക്രി. 1888-നു കൊല്ലം 1063-ൽ തിരുമനസ്സുകൊണ്ടു ബോംബെ പട്ടണം സന്ദർശിക്കുന്നതിനായി എഴുന്നള്ളി. ഈ

യാത്രയിൽ തിരുമേനി പുളുശ്ശേരി, പൂന മുതലായ പട്ടണങ്ങളെയും സന്ദർശിച്ചു. മദ്ധ്യേമാർഗ്ഗം തിരുമനസ്സുകൊണ്ടു് എഴുന്നെള്ളിത്താമസിച്ച സ്ഥലങ്ങളിലൊക്കയും ജനങ്ങൾ കൂടി തങ്ങൾക്കു "ധർമ്മരാജ്യ"ത്തെ മഹാരാജാവിനോടുള്ള ഭക്തിബഹുമാനാദരങ്ങളെ മംഗളപത്രസമർപ്പണം മുതലായതുകൊണ്ടു സ്പഷ്ടീകരിച്ചു. ബോമ്പയിലും പല മഹാന്മാർ തിരുമേനിയെ യഥായോഗ്യം സൽക്കരിച്ചു. അവയിൽ പ്രഥമഗണനീയമായിട്ടുള്ളതു് അവിടത്തെ പ്രസിദ്ധവർത്തകനായ ടാട്ടാവിന്റെ സൽക്കാരമായിരുന്നു. പിന്നീടൊരിക്കൽ ആ മഹാൻ ഈ രാജ്യത്തെ സന്ദർശിക്കാനായി വന്നതു് അന്നു നമ്മുടെ തിരുമേനിയുമായി ഉണ്ടായിട്ടുള്ള മൈത്രിയുടെ ഫലമാകുന്നു. ഇങ്ങനെ ആ യാത്രയിൽ നമ്മുടെ തിരുമനസ്സുകൊണ്ടു അനേകം മഹാന്മാരുടെ സൽക്കാരാദികളെ സ്വീകരിക്കുകയും പല യോഗ്യന്മാരുടെ പരിചയത്തെ സമ്പാദിക്കുകയും ചെയ്തു രണ്ടു മാസത്തിനകം കൊച്ചിമാർഗ്ഗം ഇവിടെ തിരിച്ചെഴുന്നള്ളുകയും ചെയ്തു.

1888 ഡിസംബർമാസത്തിൽ തിരുമനസ്സിലേക്കു ലഭിച്ച ജി. സി. എസ്. ഐ. എന്ന സ്ഥാനത്തിന്റെ ഉടുപ്പു മുതലായവയെ സ്വീകരിക്കുന്നതിനായി അവിടുന്നു മദ്രാസിലേക്കു് എഴുന്നെള്ളി. രാജ്യഭരണം ആരംഭിച്ചിട്ടു വളരെക്കാലം കഴിയുന്നതിനു മുമ്പു തന്നെ ഈ സ്ഥാനം ലഭിക്കാനിടയായതു തിരുമനസ്സിലെ രാജ്യഭരണനൈപുണ്യത്തിനു തക്കതായ ലക്ഷ്യമാകുന്നു. ഈ യാത്രയിൽ തിരുമനസ്സുകൊണ്ടു പുതുക്കോട്ടയിലെഴുന്നെള്ളുകയും അത്യന്തം ബഹുമാനാദരപൂർവ്വം അവിടെ സൽക്കരിക്കപ്പെടുകയും ചെയ്തു.

ഇനി ഇവിടെ പ്രസ്താവിക്കാൻപോകുന്നതു് ഒരു അസാധാരണസംഭവത്തെപ്പറ്റിയാകുന്നു. ഇൻഡ്യാസാമ്രാജ്യകിരീടത്തിനു് അവകാശിയായ ഒരു രാജകുമാരനെ സൽക്കരിക്കാനുള്ള ഭാഗ്യം എതദ്ദേശീയരാജാക്കന്മാർക്കു് അത്ര സുലഭമായിട്ടുള്ളതല്ലല്ലോ. അതിനാൽ അതിനു സംഗതിയായാൽ ഈ രാജാക്കന്മാർക്കുണ്ടാകുന്ന ചാരിതാർത്ഥ്യം അപരിമിതമായിരിക്കുന്നതുമാണല്ലോ.

അവൺഡയിലെ പ്രഭുവായ രാജകുമാരൻ ഇൻഡ്യയെ സന്ദർശിക്കുന്നതിനായി പുറപ്പെടുന്നു എന്നുള്ള വിവരമറിയുകയാൽ നമ്മുടെ മഹാരാജാവുതിരുമനസ്സുകൊണ്ടു പ്രഭുവി

ിനെ ഈ രാജ്യത്തേക്കും ക്ഷണിച്ചു. തിരുവിതാംകൂറിലുള്ള അതിമനോഹരങ്ങളായ വനാന്തരങ്ങളിൽ വന്യമൃഗങ്ങൾ ധാരാളമുണ്ടെന്ന് അറിയുകയാൽ നായാട്ടിൽ വളരെ ഉത്സാഹമുള്ള പ്രഭു നമ്മുടെ തിരുമനസ്സിലെ ക്ഷണത്തെ ക്ഷണേന സ്വീകരിച്ചു. പ്രഭുവിന്റെ ആഗമനത്തിനു വേണ്ടുന്ന ഒരുക്കങ്ങളെല്ലാം യഥായോഗ്യം ഇവിടെ മുൻകൂട്ടി തയാർ ചെയ്തു. പ്രഭുവിനു നായാട്ടു സുകരമായിത്തീരുവാൻ തക്ക ഏൎപ്പാടുകളും ഇവിടെ വേണ്ടതുപോലെ ചെയ്തിരുന്നു. 1889 ഡിസംബർ 3-ാംനു പ്രഭു കുറ്റാലത്തെത്തി. മഹാരാജാവു തിരുമനസ്സുകൊണ്ടു അവിടെ എഴുന്നള്ളി പ്രഭുവിനെ സന്ദർശിച്ചു. പ്രഭു നായാട്ടുചെയ്തു രണ്ടു ദിവസം അവിടെ താമസിച്ചു. അതിനിടകൊണ്ടു പ്രഭുവിനു നമ്മുടെ രാജ്യത്തെയും മഹാരാജാവുതിരുമനസ്സിലേയും കുറിച്ചു വളരെ സന്തോഷവും സംതൃപ്തിയും ജനിച്ചു. പ്രഭുവിനു തിരുവനന്തപുരം വരെ വരുന്നതിന് ആഗ്രഹവും സമ്മതവുമുണ്ടായിരുന്നു. എങ്കിലും സമയദൗർലഭ്യത്താൽ അദ്ദേഹം ഉടനെ മടങ്ങിപ്പോവുകയും ചെയ്തു. ആ പ്രഭു തിരിയെ ഇംഗ്ലണ്ടിൽ എത്തിയതിന്റെ ശേഷം അധികം താമസിയാതെ തന്നെ ചരമഗതിയെ പ്രാപിച്ചു എന്നുള്ള ദുഃഖവൎത്തമാനം നമ്മുടെ തിരുമനസ്സിലേക്കെന്നല്ല, സകലജനങ്ങൾക്കും അത്യന്തം വ്യസനകാരണമായി ഭവിച്ചു എന്നുള്ളതു പറയേണ്ടതില്ലല്ലോ.

ദേശസഞ്ചാരം ചെയ്ത് ഇതരരാജ്യങ്ങളിലെ രാജ്യഭരണക്രമങ്ങളേയും വിവിധങ്ങളായ ജനസമുദായങ്ങളുടെ സ്ഥിതിഭേദങ്ങളേയും സ്വയമേവ കണ്ടറിയുന്നതു നാടുവാഴുന്ന മഹാരാജാക്കന്മാൎക്കു സ്വകൃത്യനിർവഹണത്തിൽ അത്യന്തം ഉപകാരപ്രദമായിരിക്കുമെന്നുള്ള ബോധം നമ്മുടെ തിരുമനസ്സിലേക്കു വേണ്ടതുപോലെ ഉള്ളതിനാൽ ഈ വിഷയത്തിൽ അവിടേക്കു ചെറുപ്പകാലം മുതൽക്കു തന്നെ പ്രത്യേകം ഒരു പ്രതിപത്തി ഉണ്ടായിട്ടുണ്ട്. കപ്പൽയാത്ര ചെയ്യുന്നതു സ്വമതാചാരവിരുദ്ധമാണല്ലോ എന്നു വിചാരിച്ച് അതിനായി അവിടുന്നു സന്നദ്ധനാകുന്നില്ല എന്നേയുള്ളു. എങ്കിലും ഇൻഡ്യയിലുള്ള എല്ലാ രാജ്യങ്ങളേയും സന്ദർശിക്കണമെന്ന് അവിടുന്നു തീർച്ചപ്പെടുത്തി. ഈ വിചാരത്തോടു കൂടി ഉത്തരയിൻഡ്യ ഒഴിച്ചുള്ള സ്ഥലങ്ങളിലെല്ലാം തിരുമനസ്സുകൊണ്ട് ഓരോ അവസരങ്ങളിലായി സഞ്ചരിച്ചിട്ടുള്ള വിവ

രം മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ബാക്കിയുള്ള സ്ഥലങ്ങളേയും സന്ദർശിക്കുന്നതിനായി തിരുമനസ്സുകൊണ്ടു ക്രി. 1890 ജനുവരി (1065 മകര) മാസത്തിൽ യാത്രപുറപ്പെട്ടു. ഈ യാത്രയിൽ തിരുമനസ്സുകൊണ്ടു ദക്ഷിണയിൻഡ്യയിൽ മുൻപു താൻ എഴുന്നള്ളീട്ടുള്ള പല സ്ഥലങ്ങളിലും വീണ്ടും എഴുന്നള്ളിയതു കൂടാതെ നാസിക്ക് മുതലായി മദ്ധ്യയിൻഡ്യയിലുള്ള പ്രധാനപ്പെട്ട പല സ്ഥലങ്ങളേയും സന്ദർശിച്ചു. അവിടെനിന്നും കാശിയിൽ എഴുന്നള്ളി ഗംഗാസ്നാനം, വിശ്വനാഥദർശനം മുതലായവയും കഴിച്ചു തിരുമേനി ഗയ എന്ന പുണ്യസ്ഥലത്തെഴുന്നള്ളി. അവിടെയും വിധിപ്രകാരമുള്ള സൽകർമ്മങ്ങളെല്ലാം കഴിച്ചതിന്റെ ശേഷം അവിടെനിന്നും പട്നാ നഗരിമാർഗ്ഗം കൽക്കട്ടാവിൽ എഴുന്നള്ളി. അവിടെവെച്ചു വൈസ്രോയിയെ സന്ദർശിച്ചതിന്റെ ശേഷം പുരാണപ്രസിദ്ധമായ അയോദ്ധ്യാപട്ടണത്തിലേക്കു പുറപ്പെട്ടു. തിരുമനസ്സുകൊണ്ടു് അയോദ്ധ്യയെ സന്ദർശിച്ചതിന്റെ ശേഷം ലൿനോപട്ടണത്തിലും മഹമ്മദുചക്രവർത്തികളുടെ പ്രധാനസ്ഥലമായിരുന്ന ഡൽഹിയിലും എഴുന്നള്ളി. ആ സ്ഥലങ്ങളെ സന്ദർശിച്ചതിന്റെ ശേഷം തിരുമേനി "ടാജ്മഹാൽ" എന്ന വിശേഷപ്പെട്ട കെട്ടിടത്താൽ വിശ്വവിശ്രുതമായിരിക്കുന്ന അഗ്രാപട്ടണത്തിലും എഴുന്നള്ളി. ഇങ്ങനെ നമ്മുടെ തിരുമനസ്സുകൊണ്ടു് ആ യാത്രയിൽ അനേകസ്ഥലങ്ങളെ സന്ദർശിച്ചതിന്റെ ശേഷം സസുഖം തിരുവനന്തപുരത്തു തിരിച്ചെഴുന്നള്ളുകയും ചെയ്തു. ഈ എഴുന്നള്ളത്തു തിരുവനന്തപുരത്തുനിന്നു പുറപ്പെട്ടതിന്റെ 58-ാംദിവസമാണ് തിരിയെ ഇവിടെ എത്തിയതു്.

ആ ആണ്ടിൽത്തന്നെ നവമ്പർ (1066 തുലാം) മാസത്തിൽ തിരുമനസ്സുകൊണ്ടു രാമേശ്വരത്തേയ്ക്കെഴുന്നള്ളി സേതുസ്നാനവും നിർവഹിച്ചു. ഈ ആണ്ടത്തെ ബി എ. പരീക്ഷയിലാണ് തിരുമനസ്സിലെ പ്രിയഭാഗിനേയനായിരുന്ന അശ്വതിതിരുനാൾ കൊച്ചുതമ്പുരാൻ തിരുമനസ്സുകൊണ്ടു വിജയിയായി ഭവിച്ചതു്. ഇൻഡ്യയിലുള്ള രാജവംശജന്മാരിൽ ഇദംപ്രഥമമായി ഈ ഉൽകൃഷ്ടവിജയത്തെ ലഭിച്ചതു നമ്മുടെ കൊച്ചുതമ്പുരാൻ തിരുമനസ്സുകൊണ്ടാണെന്നുള്ളതു തിരുവിതാംകൂർ മഹാരാജകുടുംബത്തിനു മാത്രമല്ല, ഈ രാജ്യത്തിനു തന്നെയും ഒരു ബഹുമാനഹേതുവാണല്ലൊ. ഇതു നിമിത്തം നമ്മുടെ മഹാരാജാവുതിരുമനസ്സിലേയ്ക്കുണ്ടായ സന്തോ

ഷം അപരിമിതമായിരുന്നു. തിരുമനസ്സുകൊണ്ടു തൻെറ സന്തോഷസൂചകമായി വിജയിയായ ഭാഗിനേയനു വിലയേറിയ ഒരു ജോടി വജ്രക്കടുക്കനും അനേകം പുസ്തകങ്ങളും കല്പിച്ചു കൊടുത്തതു കൂടാതെ വിദ്യാധനത്തെ മേൽ വൎദ്ധിപ്പിക്കുന്നതിനുള്ള ഉത്തമമാൎഗ്ഗങ്ങളെ ഉപദേശിക്കുകയും ചെയ്തു.

ഇനി ഇവിടെ അടുത്തതായി പറയേണ്ടുന്ന വിശേഷസംഗതി തിരുമനസ്സിലെ തുലാപുരുഷദാനോത്സവമാകുന്നു. ഈ മംഗളകൎമ്മം 1892 ഏപ്രിൽ 29-ാംനു-കൊല്ലം 1067-ാമാണ്ടു മേടമാസം 18-ാംനു-വരെ ഭംഗിയായിട്ടു കഴിഞ്ഞു.

ഈ ആണ്ടിൽ തിരുമനസ്സിലെ അതിഥികളായി അനേകം മഹാന്മാർ ഇവിടെ വരികയുണ്ടായി. അവരിൽ പ്രധാനഗണനീയന്മാർ മദ്രാസ് ഗവൎണ്ണർ വെൻലക്ക് സായ്പവൎകൾ, മദ്രാസിലെ പ്രധാനസേനാനായകനായ സർ ജെയിംസ് ഡാർമർ, പുതുക്കോട്ടരാജാവ് എന്നിവർ ആകുന്നു. ഗവൎണ്ണർസായ്പവർകൾ പത്നീസമേതം ഇരുപത്തിമൂന്നു ദിവസം ഇവിടെ താമസിക്കുകയും യഥായോഗ്യം നമ്മുടെ തിരുമേനിയാൽ സൽക്കരിക്കപ്പെടുകയും അത്യന്തം സന്തുഷ്ടനായി തിരിച്ചുപോവുകയും ചെയ്തു. പുതുക്കോട്ടരാജാവു നാലു ദിവസം തിരുവനന്തപുരത്തു താമസിച്ചു നമ്മുടെ തിരുമനസ്സിലെ ആതിഥ്യം സ്വീകരിച്ച് ഏററവും സന്തൃപ്തനായിട്ടാണ് മടങ്ങിപ്പോയതു്.

1893-ാമാണ്ടു ജനുവരിമാസത്തിൽ മഹാരാജാവുതിരുമനസ്സുകൊണ്ടു മദ്രാസിൽ എഴുന്നള്ളി ഗവൎണ്ണർസായ്പവൎകളെ പ്രതിസന്ദൎശിച്ചു. ആ ആണ്ടിൽത്തന്നെ ജൂലായിമാസം 29-ാംനു തിരുമനസ്സുകൊണ്ടു കുററാലം, പാപനാശനം, ബാണതീൎത്ഥം മുതലായ പുണ്യസ്ഥലങ്ങളിലേയ്ക്കു എഴുന്നള്ളത്തു പുറപ്പെട്ടു. സ്നാനകൎമ്മാദികളെല്ലാം കഴിഞ്ഞു് ആഗസ്റ്റ് മാസം 2-ാംനു തിരിയെ തിരുവനന്തപുരത്തെഴുന്നള്ളുകയും ചെയ്തു.

ആ ആണ്ടു് ഒക്ടോബർ (1069 കന്നി) മാസത്തിൽ റാണി പാൎവതീഭായി ആററുങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു നാടുനീങ്ങി. ഈ സംഭവം നമ്മുടെ തിരുമനസ്സിലേക്കു അത്യന്തം സന്താപകരമായിത്തീൎന്നു എന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ.

അടുത്ത കൊല്ലത്തെ വിശേഷസംഗതികളിൽ പ്രധാനമായി പറയാനുള്ളവ മദ്രാസിലെ അന്നത്തെ പ്രധാന സേനാനായകൻ തിരുവിതാംകൂറിനെ സന്ദർശിച്ചതും ആററങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടു രാമേശ്വരത്തേക്കെഴുന്നള്ളിയതുമാകുന്നു. അതിനടുത്ത കൊല്ലത്തിൽ നടന്ന സംഗതികളിൽ പ്രധാനങ്ങൾ മദ്രാസിൽ വന്നിരുന്ന വൈസ്രോയിയെ കാണാനായി മഹാരാജാവുതിരുമനസ്സുകൊണ്ട് അവിടേയ്ക്കെഴുന്നള്ളി എന്നുള്ളതും രേവതിതിരുനാൾ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു നാടുനീങ്ങിയതുമാണ്.

1897-ൽ വിക്ടോറിയാമഹാരാജ്ഞി അവർകളുടെ രാജ്യഭരണം അറുപതുകൊല്ലം തികഞ്ഞതു സംബന്ധിച്ചുള്ള ഡയമൻഡ് ജൂബിലിമഹോത്സവം യഥായോഗ്യം ഇവിടെയും കൊണ്ടാടി. മുൻപു നടന്നതായ സിൽവർജൂബിലിയെക്കാൾ ഇതു വളരെ അധികം കേമമായിട്ടാണ് ഇവിടെ നടത്തിയതു്. ഇതിന്റെ സ്മാരകങ്ങളായി ഈ രാജ്യത്തു് അനേകം സംഗതികൾ ചെയ്യപ്പെട്ടിട്ടുണ്ടു്. തിരുവനന്തപുരത്തുള്ള "വിക്ടോറിയാ ഡയമൻഡ് ജൂബിലി ലൈബ്രറി" (പബ്ളിക് ലൈബ്രറി) ഈ ശേഖരത്തിൽ ഉൾപ്പെട്ടതാണെന്നു് അതിന്റെ നാമമാത്രത്താൽ സ്പഷ്ടമാകുന്നുണ്ടല്ലോ.

1897 ഒക്ടോബർ (1073 തുലാം)മാസത്തിൽ മദ്രാസ് ഗവർണ്ണർ സർ എ. ഇ. ഹാവലോക് സായ്പവർകൾ തിരുവിതാംകൂറിനെ സന്ദർശിക്കുന്നതിനായി വന്നിരുന്നു. തിരുവനന്തപുരത്തുവെച്ചു നടന്ന വലിയമേശ (ഡിന്നർ) സമയത്തു സായ്പവർകൾ ചെയ്ത പ്രസംഗംകൊണ്ടു് അദ്ദേഹത്തിനു നമ്മുടെ തിരുമനസ്സിലെ രാജ്യഭരണത്തെപ്പററിയുള്ള അഭിപ്രായം ഏതു പ്രകാരമായിരുന്നു എന്നു നല്ലതുപോലെ സ്പഷ്ടമാകുന്നുണ്ടു്. ആ പ്രസംഗത്തിലെ ഒരു വാചകം ഇവിടെ ചേർക്കുന്നു. "തിരുമനസ്സിലെ രാജ്യഭരണത്തിന്റെ സൽഫലങ്ങളെക്കുറിച്ചു മദ്രാസ് ഗവർമ്മെന്റിനു് അണ്ടുതോറും ശ്ലാഘിച്ചു പറയേണ്ടതായി വരുന്നുണ്ടു്."

1898 ജനുവരി മാസത്തിൽ തിരുമനസ്സുകൊണ്ടു മദ്രാസിലെഴുന്നള്ളി ഗവർണ്ണർസായ്പവർകളെ പ്രതിസന്ദർശിച്ചു. നമ്മുടെ തിരുമേനി മദ്രാസിലെഴുന്നള്ളുന്ന സമയങ്ങളിലെല്ലാം അവിടെയുള്ള പട്ടണനിവാസികളിൽ പ്രധാനന്മാരെല്ലാം ചേർന്നു തിരുമനസ്സിലേക്കു മംഗളപത്രസമർപ്പണം മുത

ലായ ആചാരങ്ങൾ ചെയ്യുക പതിവാണ്. ഈ പ്രാവശ്യവും ആ വക ആചാരങ്ങൾ ഒട്ടും കുറവല്ലായിരുന്നു. തിരുമനസ്സിലേക്കുറിച്ചുള്ള ഭക്തിബഹുമാനങ്ങൾ അവിടെയുള്ള പ്രധാനന്മാരായ മാന്യന്മാൎക്കുള്ളതിൽ പതിന്മടങ്ങധികം അവിടെയുള്ള സാധാരണന്മാരും പാവപ്പെട്ടവരുമായ ജനങ്ങൾക്കുണ്ട്. "ധൎമ്മരാജ്യത്തെ മഹാരാജാവു" എന്നു വെച്ചാൽ ഒരു പ്രത്യക്ഷദൈവമെന്നു തന്നെയാണ് അവരുടെ വിശ്വാസം. അനാവൃഷ്ടികൊണ്ടു ജനങ്ങൾ അത്യന്തം സന്തപ്തന്മാരായിരിക്കുന്ന അവസരങ്ങളിൽ നമ്മുടെ തിരുമനസ്സുകൊണ്ട് അവിടെ എഴുന്നള്ളിയാൽ ഉടനെ മഴയുണ്ടാകുമെന്നാണ് അവിടെയുള്ള സാധാരണജനങ്ങൾ വിശ്വസിച്ചിരിക്കുന്നതു. ഇതു ശരിയായി പലപ്പോഴും കണ്ടുവരുന്നുമുണ്ട്. തിരുമനസ്സുകൊണ്ട് അവിടെ എഴുന്നള്ളിത്താമസിക്കുന്ന ബംഗ്ലാവിൽ, തിരുമേനി സ്വദേശത്തേക്കു തിരിച്ചെഴുന്നള്ളിയതിന്റെ ശേഷം ചെന്നു തറയിൽത്തൊട്ടു നെററിക്കുവെച്ചു വന്ദിക്കുന്നവർ അവിടെ അസംഖ്യമുണ്ട്. ഇതുകൊണ്ടു തന്നെ അവൎക്കു തിരുമനസ്സിലേക്കുറിച്ചുള്ള ഭക്തി എത്രമാത്രമുണ്ടെന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ.

ആണ്ടുതോറും വത്സരാരംഭദിവസം (ജനുവരി 1-ാംനു-) ഇൻഡ്യയിൽ യോഗ്യന്മാരായവൎക്കു ബ്രിട്ടീഷ് ഗവൎമ്മെന്റിൽനിന്നു ചില സ്ഥാനമാനങ്ങൾ കൊടുക്കുക പതിവുണ്ടല്ലൊ. 1899-ാമാണ്ടു ആ കൂട്ടത്തിൽ പ്രധാനസ്ഥാനം ലഭിച്ചതു നമ്മുടെ തിരുമനസ്സിലേക്കാണ്. എങ്ങനെയെന്നാൽ തിരുമനസ്സിലേക്കു പതിവുള്ള ആചാരവെടിയുടെ സംഖ്യ രണ്ടു കൂടി അനുവദിച്ചു. തിരുമനസ്സുകൊണ്ടു തന്റെ രാജ്യത്തെ ഉത്തമരീതിയിൽ ഭരിച്ചുപോരുന്നു എന്നുള്ള വാസ്തവസ്ഥിതി മഹാരാജ്ഞി അവർകൾ അറിഞ്ഞിരുന്നു എന്നുള്ളതിന് ഇതു തക്കതായ ലക്ഷ്യമാണല്ലൊ. ഇങ്ങനെ ആചാരവെടി 21 ആക്കിയതു തിരുമനസ്സിലേക്ക് അത്യന്തം ബഹുമാനകരമാണെന്നുള്ളതു പറയേണ്ടതില്ലല്ലൊ. ഇൻഡ്യയിൽ 21 ആചാരവെടി നമ്മുടെ തിരുമനസ്സിലേക്കും ഹൈദരബാദു, മൈസൂർ, ബറോഡാ എന്നീ മൂന്നു രാജ്യങ്ങളിലെ മഹാരാജാക്കന്മാൎക്കും മാത്രമേ അനുവദിക്കപ്പെട്ടിട്ടുള്ളു എന്നുള്ളതുകൊണ്ടു തന്നെ ഇതിന്റെ മാഹാത്മ്യവും ബഹുമാനവും എത്രമാത്രമുണ്ടെന്ന് എല്ലാവൎക്കും അറിയാവുന്നതാണല്ലൊ. തിരുമനസ്സിലേക്ക് ഈ ബഹുമതി നൽകുന്നതിനായി അന്നത്തെ വൈ-

ശ്രോയി അവർകൾ പ്രത്യേകം ശുപാശ ചെയ്തിരുന്നു എന്നുള്ളതും ഇവിടെ വക്തവ്യമാകുന്നു.

മേല്പറഞ്ഞ സ്ഥാനം ലഭിച്ചിട്ട് അധികകാലം കഴിയുന്നതിനു മുൻപു തന്നെ തിരുമനസ്സിലെ വിദ്യാപ്രചാരതല്പരതയെ അറിഞ്ഞു ഫ്രഞ്ചുഗവർമ്മെൻറ നമ്മുടെ തിരുമേനിയെ ഒരു "ആഫീസർ ഡിലാ ഇൻസ്റ്റ്രക്ഷൻ പബ്ലിക്ക്" ആക്കി. ഇതും ഒട്ടും ചില്ലറയായിട്ടുള്ള സ്ഥാനമല്ലല്ലൊ.

മഹാരാജകുടുംബത്തിൽ സന്താനാഭിവൃദ്ധിയ്ക്കു മാർഗ്ഗമില്ലാതെ വരികയാൽ ഒരു ദത്തെടുക്കേണ്ടുന്ന സംഗതിക്ക് 1900-ാമാണ്ടിൻെറ ആദ്യം ബ്രിട്ടീഷ് ഗവർമ്മെൻറുമായി എഴുത്തുകുത്തുകൾ നടത്തി അനുവാദം വാങ്ങുകയും മഹാരാജാവുതിരുമനസ്സിലെ അഭിപ്രായപ്രകാരം മാവേലിക്കരരാജകുടുംബത്തിൽനിന്നു തന്നെ ആ ആണ്ട് ആഗസ്റ്റ് മാസം 31-ാംനു-കു കൊല്ലം 1076-ാമാണ്ടു ചിങ്ങമാസം 16-ാംനു- രണ്ടു രാജകന്യകമാരെ ദത്തെടുക്കുകയും ചെയ്തു. അവർ നമ്മുടെ ഇപ്പോഴത്തെ സേതുലക്ഷ്മീഭായി ആററുങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടും സേതുപാർവ്വതീഭായി ആററുങ്ങൽ ഇളയതമ്പുരാൻ തിരുതിരുമനസ്സുകൊണ്ടുമാണെന്നുള്ളതു് എല്ലാവർക്കും അറിയാവുന്നതാണല്ലൊ.

ഈ ആണ്ടിൽത്തന്നെ നവമ്പർമാസത്തിൽ വൈശ്രോയി കഴ്സൺപ്രഭു അവർകൾ അദ്ദേഹത്തിൻെറ ദക്ഷിണയിൻഡ്യായാത്രയിൽ ഇവിടെയും വന്നിരുന്നു. തിരുവിതാംകൂറിനെ സന്ദശിക്കണമെന്നുള്ള ആഗ്രഹം അദ്ദേഹത്തിനുണ്ടായിരിക്കുകയും നമ്മുടെ തിരുമനസ്സുകൊണ്ടു ക്ഷണിക്കുകയും ചെയ്തതിനാലാണ് അദ്ദേഹം ഇവിടെ വന്നതു്. ഇതു് ഒരു അഭൂതപൂർവമായ സംഭവമാകുന്നു. കഴ്സൺപ്രഭു അവർകൾക്കല്ലാതെ ഒരു വൈശ്രോയിക്കും തിരുവിതാംകൂറിനെ സന്ദശിക്കുന്നതിനും നമ്മുടെ ഇപ്പോഴത്തെ തിരുമനസ്സിലേക്കല്ലാതെ ഒരു തിരുവിതാംകൂർമഹാരാജാവിനും ഒരു വൈശ്രോയിയെ സ്വരാജ്യത്തു വരുത്തി സൽക്കരിക്കുന്നതിനും ഇതിനു മുൻപു സാധിച്ചിട്ടില്ല.

വൈശ്രോയി അവർകൾ നവമ്പർമാസം 20-ാംനു- (1076-ാമാണ്ടു വൃശ്ചികമാസം 5-ാംനു-) രാവിലെ "ക്ലൈവു്" എന്ന ആവിക്കപ്പലിൽ കൊല്ലത്തു വന്നിറങ്ങി. അവിടെ പ്രഭു അവർകളെ എതിരേൽക്കുന്നതിനായി ദിവാൻജി മുതലായ

ഉദ്യോഗസ്ഥന്മാർ മുൻകൂട്ടി ഹാജരായിരുന്നു. സായ്പവർകൾ അന്നു വൈകുന്നതുവരെ കൊല്ലത്തു താമസിച്ചതിന്റെ ശേഷം അവിടെനിന്നു പുറപ്പെട്ടു 21-ാംനു- കാലത്തു തിരുവനന്തപുരത്തു വന്നുചേർന്നു. 21-ം 22-ം തീയതികളിൽ അവിടെ താമസിച്ചതിന്റെ ശേഷം 23-ാംനു- ഉച്ചതിരിഞ്ഞു് അവിടെനിന്നു മടത്തുറവഴി കുററാലത്തേക്കും അവിടെനിന്നു തിരുനൽവേലിക്കും പോവുകയും ചെയ്തു. വൈസ്രോയി അവർകളെ എതിരേൽക്കുന്നതിനും സൽക്കരിക്കുന്നതിനുമായി തിരുവനന്തപുരത്തു ചെയ്തിരുന്ന ഒരുക്കങ്ങളും അലങ്കാരങ്ങളുമെല്ലാം യഥാക്രമം പ്രസ്താവിക്കാൻ ആരാലും കഴിയുന്നതല്ല. അവയെല്ലാം കണ്ടു തന്നെ അറിയേണ്ടുന്നവയായിരുന്നു. വള്ളക്കടവിൽ ചെയ്തിരുന്ന അലങ്കാരങ്ങൾ, റോട്ടുകളിൽ അനേകായിരം രൂപാ വീതം ചിലവുചെയ്തു പണിയിക്കപ്പെട്ടിരുന്ന ആർക്കുകൾ, പുത്തൻകച്ചേരിമൈതാനത്തുണ്ടായ വെടിക്കെട്ടു, കാഴ്ചബംഗ്ലാവിലും മററും വെച്ചു നടത്തിയ ദീപക്കാഴ്ച മുതലായവ വചാമഗോചരങ്ങളായിരുന്നു എന്നല്ലാതെ ഒന്നും പറയാൻ കാണുന്നില്ല. പ്രഭു അവർകളുടെ ആഗമനം മുതൽ യാത്ര വരെ തിരുവനന്തപുരം പട്ടണത്തിൽ ആകപ്പാടെ ഒരു മഹോത്സവം തന്നെയായിരുന്നു. കൊല്ലത്തും അവിടെനിന്നു തിരുവനന്തപുരം വരെ വഴിക്കും ചെയ്തിരുന്ന അലങ്കാരങ്ങളും ഒട്ടും ചില്ലറയല്ലായിരുന്നു. തിരുവനന്തപുരത്തുവെച്ചുണ്ടായ കുടിക്കാഴ്ച, വലിയതീൻ മുതലായവയും മററും ഏററവും കെങ്കേമമായിട്ടു തന്നെ നടത്തപ്പെട്ടു. ആ അവസരങ്ങളിലെല്ലാം പ്രഭു അവർകൾ ചെയ്ത പ്രസംഗങ്ങളിൽ തിരുവിതാംകൂറിനേയും നമ്മുടെ തിരുമേനിയേയും ശ്ലാഘിച്ചിരിക്കുന്നതിന് അവസാനമില്ല. തിരുവിതാംകൂറിനെക്കുറിച്ചു പ്രഭു അവർകൾ പറഞ്ഞിട്ടുള്ളതിന്റെ തർജ്ജമ താഴെ ചേർക്കുന്നു.

“ഈ നാട്ടിൽ ധാരാളമായുള്ള പ്രകൃതിവിലാസസൌന്ദര്യത്തെയും, പൂർവ്വസ്ഥിതിയിലുള്ള അത്ഭുതതരത്വത്തെയും യക്ഷദേശീയമായ മനോജ്ഞതരത്വത്തെയും കുറിച്ചു ഞാൻ കേട്ടുതുടങ്ങീട്ടു വളരെക്കാലമായിരിക്കുന്നു. ഏതാദൃശമായ ഒരു കാഴ്ചയാൽ ഏതൊരുത്തനാണ് വശീകരിക്കപ്പെടാത്തതു്? ഇവിടെയാകട്ടെ പ്രകൃതി തന്റെ അതിപുഷ്ടങ്ങളായ അനുഗ്രഹങ്ങളെ സമർപ്പിച്ചിരിക്കുന്നു. യഥാകാലം സൂര്യൻ പ്രകാശിക്കാതെയും വൃഷ്ടി സംഭവിക്കാതെയുമിരിക്കുന്നില്ല. അനാവൃ-

ഷ്ടി എന്ന ഈതിദോഷം അനുഭവസിദ്ധമാകുന്നില്ല. ശാശ്വതമായ ഒരു നല്ലകാലം നാട്ടിനെ പ്രസാദിപ്പിക്കുന്നുമുണ്ട്.....
.................ഭാരതമഹാഖണ്ഡത്തിൽ തുല്യപരിഷ്കാരമുള്ള ഇതരഭാഗങ്ങളെ ഒക്കയുംകാൾ, അധികകാലം തൻെറ പുരാതനരൂപത്തെ തെല്ലും ലുപ്തപ്രായമാക്കാതെയുള്ള ഒരു ജനസമുദായം പ്രശാന്തരമണീയങ്ങളായ പ്രകൃതിവിലാസങ്ങളുടെ ഇടയിൽ സ്ഥിതമായിരിക്കുന്നു".

തിരുമനസ്സിലേക്കുറിച്ചും പ്രട്ട അവർകൾ പറഞ്ഞിട്ടുള്ളതിൻെറ പരിഭാഷ കേരളദർപ്പണത്തിൽനിന്ന് എടുക്കപ്പെട്ടത് ഇവിടെ ചേക്കുന്നു.

"തിരുമനസ്സുകൊണ്ടു കരുണയുള്ള ഒരു ഭൂപാലകനാണെന്നുള്ളതു കീർത്തിപ്പെട്ടിരിക്കുന്നു. തിരുമനസ്സിലെ രഹസ്യാംശങ്ങളെല്ലാം പരീക്ഷിതങ്ങളാകുന്നു. പതിനഞ്ചു സംവത്സരം ക്ഷേമാഭിവൃദ്ധമായ രാജ്യഭാരത്താൽ തിരുമനസ്സിലേക്കുറിച്ചു സ്വപ്രജകൾക്കുള്ള വാത്സല്യം തുടരെത്തുടരെ വദ്ധിച്ചുവരുന്നു. പ്രാചീനാചാരങ്ങളെ അനുഷ്ഠിക്കുന്നതിൽ ശ്രദ്ധയും അതോടുകൂടിത്തന്നെ നവീനപരിഷ്കാരങ്ങളിൽ പ്രസക്തിയും തിരുമേനിയിൽ സമ്മേളിച്ചിരിക്കുന്നു എന്നുള്ളതു ഞാൻ ധരിച്ചിട്ടുണ്ട്. അവിടുത്തെ രാജ്യഭാരധുർവഹതയേയും മററും ഇൻഡ്യാഗവമ്മേൻറ് അറിഞ്ഞ് അവിടേക്കു ആചാരവെടിയിൽ പ്രശസ്തമായ കൂട്ടതൽ ചെയ്തിരിക്കുന്നില്ലയോ?"

അമാനുഷപ്രഭാവനും കുശാഗ്രബുദ്ധിയും ഗംഭീരാശയനും രാജ്യതന്ത്രകുശലനുമായ ഒരിൻഡ്യാവൈസ്രോയിയുടെ ഈ സ്തുതിവചനങ്ങൾക്കു എന്തുമാത്രം വിലയുണ്ടെന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലൊ.

പ്രട്ട അവർകൾ കാളേജുവിദ്യാത്ഥികളുടെ മംഗളപത്രത്തിനു പറഞ്ഞ മറുപടിയും അനേകം സാരാംശങ്ങൾ അടങ്ങിയതായിരുന്നു. തിരുവനന്തപുരം കാളേജിൻെറ പുരാതനത്വത്തെയും അതിലെ പുസ്തകസംഹതിയുടെ മാഹാത്മ്യത്തെയും പററി കുറഞ്ഞൊന്നു പ്രസ്താവിച്ചതിൻെറ ശേഷം അദ്ദേഹം വിദ്യാത്ഥികൾക്കു സാരോപദേശമായും കുറെ പ്രസംഗിച്ചു. അതിൽ ഒരു ഭാഗത്തിൻെറ തജ്ജമ താഴെ ചേക്കുന്നു.

"ഒരു വേലിയിലുള്ള ഏതെങ്കിലും ഒരു ദ്വാരത്തിൽ കൂടി ഒരാട്ട മറുവശത്തേക്കു കടന്നാൽ അതിന്റെ കൂട്ടത്തിലുള്ള ശേഷമാട്ടുകളെല്ലാം തിക്കിത്തിരക്കി ആ ദ്വാരത്തിൽക്കൂടിയേ കടക്കുകയുള്ളു. ഇപ്രകാരമുള്ള ആട്ടിൻകൂട്ടത്തിന്റെ സ്വഭാവത്തെ നിങ്ങൾ അനുകരിക്കരുതു്. ഒരു വേലിയിൽ പല സ്ഥലത്തായി ഓരോരുത്തർക്കും എളുപ്പത്തിൽ ഓരോ ദ്വാരങ്ങളിൽ കൂടി കടന്നുപോകാവുന്നതാണ്. അതിനു പകരം ഒരു ദ്വാരം സ്വല്പം തെളിഞ്ഞുകണ്ടാൽ അതിൽക്കൂടിത്തന്നെ എല്ലാവരും കടക്കാനായി തിക്കിത്തിരക്കി തള്ളിപ്പൊളിച്ചു കയറാൻ ഉത്സാഹിക്കുന്നതുകൊണ്ടു വിലയേറിയ സമയം എത്രമാത്രമാണ് നഷ്ടപ്പെട്ടുപോകുന്നതു്. അപ്രകാരം തന്നെ മനുഷ്യജീവിതത്തിൽ ഉപജീവനമാകുന്ന വേലിയിലും പല ദ്വാരങ്ങൾ ഉണ്ടു്. ഈ വിശേഷപ്പെട്ട രാജ്യത്തുള്ള അനേകങ്ങളായ പ്രവേശദ്വാരങ്ങളെപ്പററി നിങ്ങൾ ചിന്തിച്ചുനോക്കണം. ശാസ്ത്രീയമായോ സാങ്കേതികമായോ ഉള്ള അറിവിനെ ലാഭവും പ്രയോജനവും ഉള്ള വിധത്തിൽ വിനിയോഗിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളുണ്ടോ അവയ്ക്കെല്ലാം ഈ തിരുവിതാംകൂറിൽ സൌകര്യങ്ങളുമുണ്ടെന്നാണ് എന്റെ വിശ്വാസം".

ഈ അപൂർവ്വസംഭവത്തിന്റെ സ്മാരകമായി നമ്മുടെ തിരുമനസ്സുകൊണ്ടു "കഴ്സൻപ്രൈസ്" ഏർപ്പെടുത്തി. പരിചയത്തിൽ ഉപയോഗമുള്ള ശാസ്ത്രീയമായ ഒരു വിഷയത്തെപ്പററി എഴുതുന്ന ഒരു പ്രസംഗത്തിനാണ് ഈ സമ്മാനം നിശ്ചയിച്ചിരിക്കുന്നതു്. മദ്രാസ് സർവ്വകലാശാലാബിരുദധാരികൾക്കെല്ലാം ഇതിനു മത്സരിച്ചുനോക്കാവുന്നതും ഇതിൽ ജയിക്കുന്ന ആൾക്കു് അഞ്ഞൂറു രൂപാ സമ്മാനം ലഭിക്കുന്നതുമാകുന്നു. ഇൻഡ്യൻവിദ്യാർത്ഥികൾ കാളേജു വിടുന്നതോടു കൂടി പഠിത്തത്തേയും വിട്ടുകളയുന്ന പതിവിനെ കഴിയുന്നതും തടയണമെന്നുള്ള ഉദ്ദേശത്തോടു കൂടിയാണ് തിരുമനസ്സുകൊണ്ടു് ഈ സ്മാരകസമ്മാനം ഇപ്രകാരമൊരു വിഷയത്തിനാക്കിവെച്ചതു്.

കഴ്സൻപ്രഭു അവർകളുടെ ആഗമനത്തിനുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരുന്ന കാലത്തുണ്ടായ ഒരു കഷ്ടസംഭവം നമ്മുടെ തിരുമേനിയെ മാത്രമല്ല, ഈ രാജ്യവാസികളെ അശേഷവും ദുസ്സഹദുഃഖാംബുധിയിൽ നിമഗ്നരാക്കിച്ചെയ്തു. അതായതു് അശ്വതിതിരുനാൾ കൊച്ചുതമ്പുരാൻ

ബി ഷ തിരുമനസ്സിലെ അകാലനിൎയ്യാണമാകുന്നു. 1076-ാമാണ്ട കന്നിമാസത്തിൽ ആ കൊച്ചുതമ്പുരാൻതിരുമനസ്സുകൊണ്ടു നാടുനീങ്ങിയതു മുതൽ ആറു മാസക്കാലം തിരുവിതാംകൂറിന്റെ ദുൎദ്ദശ പരമകാഷ്ഠയെ പ്രാപിച്ചിരുന്നു എന്നുതന്നെ പറയാം. തുടരെത്തുടരെ ഇത്രവലിയ കഷ്ടസംഭവങ്ങൾ തിരുവിതാംകൂർമഹാരാജകുടുംബത്തിനും ഈ രാജ്യത്തിനും നേരിട്ടതായ ഒരു കാലം വേറെ ഉണ്ടെന്നു തോന്നുന്നില്ല.

അശ്വതിതിരുനാൾകൊച്ചുതമ്പുരാൻതിരുമനസ്സുകൊണ്ടു നാടുനീങ്ങിയതു നിമിത്തം അത്യന്തം സന്തപ്തരായിത്തീൎന്ന ജനങ്ങളുടെ ഹൃദയസന്താപത്തിനോ കണ്ണുനീരിനോ അല്പമെങ്കിലും ഒരടക്കം സംഭവിക്കുന്നതിനു മുമ്പായി ധീരോദാത്തനായിരുന്ന ചതയംതിരുനാൾ ഇളയതമ്പുരാൻതിരുമനസ്സുകൊണ്ടും നാടുനീങ്ങി. ഇതിന്റെ ഒമ്പതാംദിവസം സകലസൽഗുണസമ്പന്നയും കേരളകാളിദാസനെന്നു പ്രസിദ്ധനായിരുന്ന കേരളവൎമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ "ഇഷ്ടപ്രാണേശ്വരി"യും മഹാരാജാവുതിരുമനസ്സിലെ ജ്യേഷ്ഠസഹോദരിയും "ഭൂലോകലക്ഷ്മി"യുമായിരുന്ന റാണിലക്ഷ്മീഭായി അവറുകൾ മൂത്തതമ്പുരാൻതിരുമനസ്സുകൊണ്ടും "സീമാതീതേ കദനജലധൌ കേരളം തള്ളിവിട്ടു" കളഞ്ഞിട്ടു സ്വൎഗ്ഗത്തെ പ്രാപിച്ചു. ഇങ്ങനെ ഈ മൂന്നു തിരുമേനികളും അടുത്തടുത്തു നാടുനീങ്ങിയതിനാൽ മഹാരാജാവുതിരുമനസ്സിലേക്കും അവിടത്തെ പ്രജകളായ ഈ ജനങ്ങൾക്കും വന്നുകൂടിയ കഷ്ടനഷ്ടങ്ങളും വ്യസനങ്ങളും അവാങ്മനോവിഷയങ്ങളായിരുന്നു. "ദിഷ്ടക്കേടാൽ വരുവതു പരിഹാരമില്ലാത്തതല്ലോ" എന്നല്ലാതെ ഇതിനെക്കുറിച്ചു മറ്റൊന്നും പറയാൻ കാണുന്നില്ല.

ഇതിനിടയ്ക്കു 1901 ജനുവരിമാസം 22-ാംനു- വിക്ടോറിയാമഹാരാജ്ഞി അവർകൾ ചരമഗതിയെ പ്രാപിക്കുകയാൽ ആ ദുഃഖവും "കുനിന്മേൽക്കുരു" എന്നപോലെ ഈ നാട്ടുകാർ അനുഭവിക്കേണ്ടതായി വന്നു. പല വിധത്തിലുള്ള ദുഃഖങ്ങളാലും ആക്രാന്തഹൃദയനായിരുന്ന മഹാരാജാവുതിരുമനസ്സുകൊണ്ട് ഈ അവസരത്തിലും വിക്ടോറിയാമഹാരാജ്ഞി അവർകളെക്കുറിച്ച് അവിടേക്കുള്ള ഭക്തിബഹുമാനാദരങ്ങളെ യഥായോഗ്യം പ്രദൎശിപ്പിക്കാതെയിരുന്നില്ല. സ്വരാജ്യത്തു് ഈ ദുഃഖത്തെ യഥാക്രമം ആചരിക്കുന്നതിനു കല്പന കൊടുത്തതു കൂടാതെ കൽക്കട്ടാവിൽ സ്ഥാപിക്കപ്പെട്ട

"വിക്ടോറിയാഹാളിന്" ഒരു ലക്ഷം രൂപയും കഴ്സൻപ്രഭുവിയാൽ ഏർപ്പെടുത്തപ്പെട്ട "മിഡ്‌വൈഫ്‌സ്കാളർഷിപ്പ്" വകക്ക് അമ്പതിനായിരം രൂപയും കല്പിച്ചു സംഭാവന ചെയ്തു.

1902-ാമാണ്ട് ആഗസ്റ്റ്മാസം 19-ാംനു- എഡ്വാർഡ് ചക്രവർത്തി അവർകളുടെ കിരീടധാരണം നടന്നതിനെസ്സംബന്ധിച്ചുള്ള ആഘോഷം തിരുവിതാംകൂറിലും ഒട്ടും കുറവല്ലായിരുന്നു. മഹാരാജാവുതിരുമനസ്സുകൊണ്ടു തന്റെ മേൽക്കോയ്മയോടുള്ള ഭക്തിബഹുമാനാദരങ്ങളെ ഈ അവസരത്തിലും വേണ്ടതുപോലെ പ്രദർശിപ്പിച്ചു.

എഡ്വാർഡ് ചക്രവർത്തി അവർകളുടെ കിരീടധാരണം സംബന്ധിച്ച് 1903-ാമാണ്ടു ജനുവരിമാസം 1-ാംനു- ഡൽഹിയിൽവെച്ചു നടത്തപ്പെട്ട ദർബാറിൽ ചേരുന്നതിനായി വൈസ്രോയി അവർകളുടെ ക്ഷണപ്രകാരം നമ്മുടെ തിരുമനസ്സുകൊണ്ടും എഴുന്നള്ളിയിരുന്നു. അവിടെ നടന്ന ഘോഷയാത്രയിൽ ഏതദ്ദേശ്യരാജാക്കന്മാരുടെ കൂട്ടത്തിൽ നമ്മുടെ തിരുമേനിക്കു ഹൈദരബാദ് നൈസാമിനോടു കൂടി ആദ്യനിരയിലാണ് സ്ഥാനം നൽകപ്പെട്ടത്. ബ്രിട്ടീഷുഗവമ്മെന്റിനു നമ്മുടെ തിരുമനസ്സിലേക്കുറിച്ചുള്ള സ്നേഹബഹുമാനങ്ങൾക്ക് ഇതും ഒരു ദൃഷ്ടാന്തമാണ്. തിരുമേനി അവിടെ എഴുന്നള്ളിത്താമസിച്ചിരുന്ന വാസസ്ഥലത്തിന്റെ ഒരു ഭാഗത്ത് ഒരു ദിവസം അഗ്നിബാധയുണ്ടായെങ്കിലും ഈശ്വരകൃപയാൽ യാതൊരു നഷ്ടവും അപകടവും അതിനാൽ സംഭവിച്ചില്ല. ഈ ആഘോഷാവസരത്തിൽ ഡൽഹിയിൽവെച്ചു നമ്മുടെ തിരുമനസ്സിലേക്കു ജി. സി. ഐ. ഇ. എന്ന സ്ഥാനവും ഒരു ദർബാർ സ്വർണ്ണമുദ്രയും ലഭിച്ചു. ഇപ്രകാരമുള്ള ബഹുമാനലാഭത്തോടു കൂടി നമ്മുടെ തിരുമേനി സ്വരാജധാനിയിൽ തിരിച്ചെഴുന്നള്ളിയ സമയം അവിടത്തെ പ്രജകളുടെ രാജഭക്തിസൂചകമായി രാജ്യമൊട്ടുക്കുണ്ടായ ആഘോഷവും ഒട്ടും ചില്ലറയല്ലായിരുന്നു. താലൂക്കുതോറും പാവപ്പെട്ടവർക്ക് അന്നദാനവും പള്ളിക്കൂടക്കുട്ടികൾക്കു പലഹാരസൽക്കാരവും രാത്രിയിൽ തിരുമനസ്സിലെ ഛായാപടം അലങ്കരിച്ചു വാദ്യഘോഷാദികളോടു കൂടി ആനപ്പുറത്തെഴുന്നള്ളിക്കുകയും അതോടു കൂടി ജനങ്ങളുടെ ഘോഷയാത്രയും ദീപക്കാഴ്ചയും വെടിക്കെട്ടും സംഘം കൂടിയുള്ള മംഗലപ്രാർത്ഥനകളും മററുമുണ്ടായതു കൂടാതെ തലസ്ഥാനത്തു തിരുമനസ്സി

ളേക്കു മംഗളപത്രസമർപ്പണാദികളുമുണ്ടായിരുന്നു. ഇവയെല്ലാം ജനങ്ങളുടെ ചിലവിന്മേലും സ്വാന്തമനസ്സാലും നടത്തപ്പെട്ടതാകുന്നു.

ഈ ആണ്ടിൽത്തന്നെ മദ്രാസ് ഗവർണ്ണർ ആംതിൽപ്രഭു അവർകൾ തിരുവിതാംകൂറിനെ സന്ദർശിക്കാനായി വരികയും തിരുമനസ്സിലെ അതിഥിയായി തിരുവനന്തപുരത്തെത്തുകയും തിരുമനസ്സുകൊണ്ടു യഥായോഗ്യം സൽക്കരിച്ചയക്കുകയും ചെയ്തു.

1904 ആദ്യം (1079 മകരത്തിൽ) കൊച്ചിവലിയതമ്പുരാൻതിരുമനസ്സുകൊണ്ടു രാമേശ്വരത്തെഴുന്നള്ളി, തിരിയെ എഴുന്നള്ളുമ്പോൾ ഈ രാജ്യത്തുകൂടി എഴുന്നള്ളുകയും നമ്മുടെ തിരുമനസ്സിലെ അതിഥിയായി രണ്ടു മൂന്നു ദിവസം തിരുവനന്തപുരത്തെഴുന്നള്ളിത്താമസിക്കുകയും ചെയ്തു. ഇതും ചരിത്രസംബന്ധമായ ഒരു പ്രധാനസംഭവമായി വിചാരിക്കാം. കൊച്ചിയിലെ ഒരു വലിയതമ്പുരാനെ ഇവിടെ ക്ഷണിച്ചു വരുത്തി സ്നേഹപൂർവ്വം സൽക്കരിച്ചയക്കുന്നതിനു നമ്മുടെ ഈ തിരുമേനിക്കല്ലാതെ സാധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. കൊച്ചീവലിയതമ്പുരാൻതിരുമനസ്സുകൊണ്ടു തിരുവനന്തപുരത്തെഴുന്നള്ളിയതിന്റെ ശേഷം പത്മനാഭസ്വാമിക്ഷേത്രത്തിൽ എഴുന്നള്ളി സ്വാമിദർശനവും വഴിപാടുകളും കഴിക്കുകയും നമ്മുടെ തിരുമേനിയോടു കൂടി പട്ടണത്തിലുള്ള പ്രധാനപ്പെട്ട സകലസ്ഥാപനങ്ങളേയും സന്ദർശിക്കുകയും ചെയ്തു. നമ്മുടെ മഹാരാജാവുതിരുമനസ്സുകൊണ്ടു മാടമഹീശരനെ അവസ്ഥാനുരൂപം സൽക്കരിക്കുകയും തദനുചരന്മാർക്കെല്ലാം യഥായോഗ്യം സമ്മാനങ്ങൾ കല്പിച്ചു കൊടുക്കുകയും ചെയ്തു. കൊച്ചീവലിയതമ്പുരാൻതിരുമനസ്സുകൊണ്ട് അത്യന്തം സന്തുഷ്ടനായി സ്വരാജ്യത്തേക്കെഴുന്നള്ളുകയും ചെയ്തു. അവിടുന്ന് ഈ രാജ്യത്തെഴുന്നള്ളിയതിന്റെ ശേഷം സ്വരാജ്യത്തെത്തുന്നതുവരെയുള്ള സകലചെലവുകളും ഈ സർക്കാരിൽനിന്നു തന്നെ ആയിരുന്നു.

ഈ ക്രിസ്ത്വബ്ദത്തിന്റെ ഒടുവിൽ കൊല്ലം 1080-മാണ്ടു വൃശ്ചികമാസത്തിൽ നമ്മുടെ തിരുമനസ്സുകൊണ്ടു കൊച്ചീ വലിയതമ്പുരാൻ തിരുമനസ്സിലെ പ്രതിസന്ദർശിക്കുന്നതിനായി കൊച്ചിയിലേക്കെഴുന്നള്ളി. ഈ എഴുന്നള്ളത്തിനു അഞ്ചാറു കൊല്ലങ്ങൾക്കു മുൻപു തന്നെ തിരുമനസ്സുകൊണ്ടു വി

ണ്ടും പട്ടും കച്ചയുമിട്ട് ഒരു പ്രണയിനിയെ സ്വീകരിച്ചിരുന്നതിനാൽ ഈ എഴുന്നള്ളത്തോടു കൂടി അമ്മച്ചിയുമുണ്ടായിരുന്നു. അവിടെ രാജാവും പ്രജകളും ഒരുപോലെ നമ്മുടെ തിരുമേനിയെ ബഹുമാനപൂർവ്വം സൽക്കരിക്കുകയും ആദരിക്കുകയും ചെയ്തു എന്നുള്ളതു പറയണമെന്നില്ലല്ലൊ. അവിടുത്തെ അമ്മതമ്പുരാൻ തിരുമനസ്സുകൊണ്ട് അമ്മച്ചിക്കു ചില വിലപിടിച്ച സമ്മാനങ്ങൾ കല്പിച്ചുകൊടുക്കുകയുമുണ്ടായി.

ക്രി. 1905-ൽ കൊല്ലം 1080 മകരത്തിൽ മദ്രാസിൽ വെച്ചു സ്ഥാനമാനങ്ങളുടെ വിരുതുകൾ കൊടുക്കുന്നതിനായി ഗവർണ്ണരവർകൾ നടത്തിയ യോഗത്തിൽ ചേരുന്നതിനും ഗവർണ്ണരവർകളെ പ്രതിസന്ദർശിക്കുന്നതിനുമായി നമ്മുടെ തിരുമേനി മദ്രാസിലെഴുന്നള്ളിയതും ആ ആണ്ടു കുംഭമാസത്തിൽ കാശിമഹാരാജാവു് അവർകൾ ഇവിടെ എഴുന്നള്ളിയതും ഈ കൊല്ലത്തിലെ വിശേഷസംഗതികളാകുന്നു. കാശിമഹാരാജാവും നമ്മുടെ തിരുമേനിയാൽ യഥായോഗ്യം സൽകൃതനായി അത്യന്തം സന്തുഷ്ടനായിട്ടാണ് ഇവിടെ നിന്നു തിരിച്ചുപോയതു്.

1081-ാമാണ്ടു ധനുമാസമൊടുവിൽ ലക്ഷദീപത്തോടു സമീപിച്ചു നമ്മുടെ തിരുമനസ്സിലേക്കു നിസ്സാരമായ ഒരു ശീലായ്മ (നീർപ്പോളൻ) ഉണ്ടായി എന്നുള്ളതു് ഇക്കൊല്ലത്തെ വിശേഷസംഗതികളിലൊന്നായി ഗണിക്കാവുന്നതാണ്. ഈ ശീലായ്മ നിമിത്തം അന്നത്തെ വെയിൽസ്പ്രിൻസ് (കഴിഞ്ഞുപോയ എഡ്വർഡ് ചക്രവർത്തി) അവർകളെ സന്ദർശിക്കുന്നതിനായി മദ്രാസിലേക്കു നിശ്ചയിച്ചിരുന്ന എഴുന്നള്ളത്തു വേണ്ടെന്നുവെയ്ക്കേണ്ടതായി വരികയും അതിനാൽ തിരുമനസ്സിലേക്കു വലിയ ഇച്ഛാഭംഗവും ഗവർമ്മെൻറിലേക്കു വളരെ നഷ്ടവും സംഭവിക്കുന്നതിനിടയായി എങ്കിലും ശീലായ്മ സാരമില്ലാതെ പോയതിനെക്കുറിച്ചു സന്തോഷിക്കേണ്ടിയിരിക്കുന്നു.

ഈയാണ്ടത്തെ വിശേഷസംഗതികളിൽ പ്രഥമഗണനീയമായിട്ടുള്ളതു് അഞ്ചാറിങ്ങൽ മൂത്തതമ്പുരാൻതിരുമനസ്സിലെ പള്ളിക്കെട്ടു മകയിരംതിരുനാൾ രാമവർമ്മകോയിത്തമ്പുരാൻ തിരുമനസ്സിലേക്കൊണ്ടു കല്പിച്ചു നടത്തിച്ചു എന്നുള്ളതാണ്. ഈ മംഗളക്രിയ മേടമാസം 24-ാംനു- ആയിരുന്നു. 1034-ാമാണ്ടത്തെ പതിവുകണക്കിൻപ്രകാരം വളരെ കേമമാ

യും ഭംഗിയായുമാണ് ഈ അടിയന്തിരം കല്പിച്ചു നടത്തിച്ചതു്.

നെൽക്കരം കല്പിച്ചുനിറുത്തലാക്കിയതും ഈ കൊല്ലത്തെ വിശേഷസംഗതികളിലൊന്നായിത്തന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.

1082-ാമാണ്ടത്തെ വിശേഷസംഗതികളിൽ പ്രധാനമായിട്ടുള്ളതു ഗവർണ്ണർ സർ ആർതർലാലിയെ സന്ദർശിക്കുന്നതിനായി തിരുമനസ്സുകൊണ്ടു മദ്രാസിലെഴുന്നള്ളിയിരുന്നു എന്നുള്ളതാണ്. ഈ എഴുന്നള്ളത്തു തിരുവനന്തപുരത്തുനിന്നു പുറപ്പെട്ടതു വൃശ്ചികം 16-ാംനു-യും തിരിയെ എഴുന്നള്ളിയതു ധനു 6-ാംനു-യുമായിരുന്നു.

ഈയാണ്ടിൽത്തന്നെ മകരമാസത്തിൽ ഗവർണ്ണർസായ്പവർകൾ നമ്മുടെ തിരുമേനിയെ പ്രതിസന്ദർശിക്കുന്നതിനായി തിരുവനന്തപുരത്തു വരികയും തിരുമനസ്സിലെ ആതിഥ്യം സ്വീകരിച്ചു രണ്ടു മൂന്നു ദിവസം താമസിക്കുകയും ചെയ്തു. തിരുമനസ്സിലെ സൽക്കാരാദികൾകൊണ്ടു സായ്പവർകൾ വളരെ സന്തോഷിച്ചാണ് മടങ്ങിപ്പോയതു്.

മേടമാസം 12-ാംനു- (1907 ഏപ്രിൽ 25) തിരുവാതിര തിരുനാൾ രവിവർമ്മ കൊച്ചുകോയിത്തമ്പുരാൻ ബി ഏ തിരുമനസ്സിലേക്കൊണ്ട് ആററിങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടു കല്പിച്ചു നടത്തിച്ചു. ഇതും ഈ കൊല്ലത്തെ വിശേഷസംഗതികളിൽ ഏററവും പ്രധാനമായിട്ടുള്ളതാണ്. ഈ അടിയന്തിരം മുൻകണക്കിൻപ്രകാരം വളരെ ആഡംബരത്തോടും ആഘോഷങ്ങളോടും കൂടിയാണ് കല്പിച്ചു നടത്തിച്ചതു്. ഈ മംഗളമഹോത്സവം പ്രമാണിച്ചു വന്നിരുന്ന മഹാന്മാർക്കെല്ലാം യഥായോഗ്യം ഓരോ സമ്മാനങ്ങൾ കല്പിച്ചു കൊടുക്കുകയുണ്ടായി. ആ കൂട്ടത്തിൽ പാലിയത്തു വലിയഛൻ അവർകൾക്കു രണ്ടു കൈക്കും വീരശൃംഖല കല്പിച്ചുകൊടുത്തതു പ്രത്യേകം പ്രസ്താവയോഗ്യമായിരിക്കുന്നു.

കർക്കടകമാസത്തിൽ കുററാലത്തെഴുന്നള്ളിയിരുന്നതും ഈ കൊല്ലത്തെ വിശേഷസംഗതികളുടെ കൂട്ടത്തിൽ ഒന്നായി ഗണിക്കാവുന്നതാണ്. ഈ എഴുന്നള്ളത്തോടു കൂടി ദിവാൻജി മുതലായി നൂറുപേരോളം പോയിട്ടുണ്ടായിരുന്നു.

1083-ൽ നമ്മുടെ തിരുമേനിയെ പുനാഗയാൻസമാജത്തിലെ ഒരംഗമായി സ്വീകരിക്കുകയും കർക്കടകമാസത്തി

ൽ തിരുമനസ്സുകൊണ്ടു പരിവാരസമേതം കന്യാകുമാരിയിലെഴുന്നള്ളി ദർശനം കഴിക്കുകയും ചെയ്തതല്ലാതെ വിശേഷസംഗതികളുടെ കൂട്ടത്തിൽ എടുത്തു പറയത്തക്കവണ്ണമൊന്നും കാണുന്നില്ല.

1084 വൃശ്ചികത്തിൽ ഇൻഡ്യയിലെ സർവ്വസൈന്യാധിപതിയായ കിച്ചനർപ്രഭു അവർകൾ തിരുവനന്തപുരത്തു വന്നു നമ്മുടെ തിരുമനസ്സിലെ അതിഥിയായി ഏതാനും ദിവസം താമസിക്കുകയും കാഴ്ചബംഗ്ലാവ്, ഹജൂർകച്ചേരി, പട്ടാളക്കാരുടെ വസതി മുതലായവ കണ്ടും തിരുമനസ്സിലെ സൽക്കാരങ്ങൾ സ്വീകരിച്ചും സന്തോഷസമേതം മടങ്ങിപ്പോവുകയും ചെയ്തതു് ഇക്കൊല്ലത്തെ വിശേഷസംഗതികളിൽ ഒന്നായി വിചാരിക്കാവുന്നതാണ്.

ഈയാണ്ടു കർക്കടകമാസത്തിൽ "സരസദ്രുതകവികിരീടമണി"യായിരുന്ന കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനവർകൾ സഭാര്യനായി തിരുവനന്തപുരത്തു വന്നു നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ആതിഥ്യം സ്വീകരിച്ചു് ഏതാനും ദിവസം താമസിക്കുകയും മഹാരാജാവുതിരുമനസ്സുകൊണ്ടു രണ്ടു പേർക്കും ചില സമ്മാനങ്ങളും വിശേഷിച്ചും തമ്പുരാനവർകൾക്കു മഹാഭാരതതർജ്ജമയുടെ പാരിതോഷികമായി 1000 കയും കല്പിച്ചുകൊടുക്കുകയും ചെയ്തതു് ഇവിടെ പ്രത്യേകം വക്തവ്യമായിരിക്കുന്നു.

1909 നവമ്പർ (1085 വൃശ്ചിക)മാസത്തിൽ നമ്മുടെ തിരുമേനി മദ്രാസിലെഴുന്നള്ളി പുതിയ വൈസ്രോയിയെ സന്ദർശിച്ചു എന്നുള്ളതു് ഒരു വിശേഷസംഗതിയായി വിചാരിക്കാവുന്നതാണ്.

ഈയാണ്ടു ധനുമാസത്തിൽ അന്നു ശൃംഗേരിമഠാധിപതിയായിരുന്ന ശങ്കരാചാര്യസ്വാമികൾ കാലടിയിലെ ക്ഷേത്രപ്രതിഷ്ഠയ്ക്കായിട്ടുള്ള യാത്രയിൽ തിരുവനന്തപുരത്തു വരികയും നമ്മുടെ തിരുമനസ്സിലെ അതിഥിയായി നാലഞ്ചു ദിവസം വടക്കേക്കൊട്ടാരത്തിൽ താമസിക്കുകയും മറ്റും ചെയ്തതും ഒട്ടും അപ്രധാനമല്ലാത്ത ഒരു സംഗതിയാണ്. നമ്മുടെ തിരുമേനി ആചാര്യസ്വാമികളെ യഥോചിതം സൽക്കരിക്കുകയും രണ്ടു ദിവസം എഴുന്നള്ളി പതിനായിരം രൂപ വീതം പാദകാണിക്കയായി സമർപ്പിച്ചു വന്ദിക്കുകയും ഒടുക്കം ഒരു കൊമ്പനാനയേയും കല്പിച്ചു കൊ

ടുക്കുകയും ചെയ്തു. ആചാര്യസ്വാമികൾ സസന്തോഷം നമ്മുടെ തിരുമേനിയെ അനുഗ്രഹിച്ചതു കൂടാതെ അവിടേയ്ക്കു വളരെ വിലപിടിച്ച രണ്ടു സാൽവയും ഒരു പതക്കവും കൊടുക്കുകയും ചെയ്തു.

മകരമാസത്തിൽ കാശി യുവരാജാവവർകൾ തിരുവനന്തപുരത്തു വരികയും മഹാരാജാവുതിരുമനസ്സിലെ അതിഥിയായി ഏതാനും ദിവസങ്ങൾ താമസിക്കയും പ്രധാനസ്ഥലങ്ങളെല്ലാം സന്ദർശിച്ചു സസന്തോഷം മടങ്ങിപ്പോവുകയും ചെയ്തു. മീനമാസത്തിൽ തിരുമനസ്സിലെ പ്രിയപുത്രിയുടെ താലികെട്ടുകല്യാണം അതികേമമായി കഴിപ്പിച്ചു. ഇവയും ഇക്കൊല്ലത്തെ വിശേഷസംഗതികളായിത്തന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.

1085 മേടം 27-ാംനു- (1910 മെയി 9) എഡ്വാഡ് ചക്രവർത്തി അവർകൾ പരലോകപ്രാപ്തനായതിനെക്കുറിച്ചുള്ള ദുഃഖചിഹ്നമായി ഈ രാജ്യത്തും മൂന്നു ദിവസത്തേയ്ക്കു കടകമ്പോളങ്ങളും കച്ചേരികളുമെല്ലാം അടയ്ക്കുന്നതിനും മെയിമാസം 20-ാംനു- ശവസംസ്കാരം സംബന്ധിച്ചു ചക്രവർത്തി അവർകളുടെ വയസ്സിന്റെ കണക്കൊപ്പിച്ച് 68 പീരങ്കിവെടി വെയ്ക്കുന്നതിനും മററും കല്പിച്ചു ചട്ടം കെട്ടിയതും ഇക്കൊല്ലത്തെ വിശേഷസംഗതികളുടെ കൂട്ടത്തിൽത്തന്നെ ചേർക്കാവുന്നതാണ്.

1086-ാമാണ്ടത്തെ വിശേഷസംഗതികളിൽ പ്രധാനമായി പറയാനുള്ളതു നമ്മുടെ തിരുമനസ്സിലെ രാജ്യഭരണം 25 കൊല്ലം തികഞ്ഞതായ ചിങ്ങമാസം 2-ാംനു- രാജ്യമൊട്ടുക്കു നടന്ന രജതജൂബിലിമഹോത്സവം തന്നെയാണ്.

ഈയാണ്ടു കർക്കടകമാസത്തിൽ കന്യാകുമാരിയിലെഴുന്നള്ളി ദർശനം കഴിച്ചു എന്നുള്ളതും ഒരു വിശേഷസംഗതി തന്നെ.

1087-ാമാണ്ടത്തെ വിശേഷസംഗതികളിൽ പ്രധാനമായിട്ടുള്ളതു നമ്മുടെ ഇൻഡ്യാചക്രവർത്തിയായ ജോർജ്ജ് മഹാരാജാവവർകളുടെ കിരീടധാരണമഹോത്സവത്തെ സംബന്ധിച്ച് 1911 ഡിസംബർമാസം 12-ാംനു- (വൃശ്ചികം 27-ാംനു-) ഡൽഹിയിൽവെച്ചു നടത്തിയ ദർബാറിൽ സംബന്ധിക്കാനായിട്ടുണ്ടായ എഴുന്നള്ളത്തു തന്നെയാണ്. ഈ ദർബാറിനായി ഡൽഹിയിൽ കൂടിയിരുന്ന ഏതദ്ദേശ്യമഹാരാ

ജാക്കന്മാരിൽ നമ്മുടെ പൊന്നുതിരുമേനിയോടു മാത്രമേ ചക്രവർത്തി അവർകൾ പത്തു മിനിട്ടിലധികം സമയം അഭിമുഖസംഭാഷണം ചെയ്തുള്ളു എന്നുള്ളതു പ്രത്യേകം പ്രസ്താവനീയമായിരിക്കുന്നു.

ആററിങ്ങൽ ഇളയതമ്പുരാൻതിരുമനസ്സുകൊണ്ടു തിരുവയർ വാഴ്കയും അതുസംബന്ധിച്ചുള്ള തിരുവളകാപ്പടിയന്തിരം മിഥുനമാസം 11-ാംനു യഥാവിധി കല്പിച്ചു നടത്തിക്കുകയും ചെയ്തുവെന്നുള്ളതു് ഇക്കൊല്ലത്തെ വിശേഷസംഗതികളിൽവെച്ചു നമ്മുടെ തിരുമനസ്സിലേയ്ക്കും അവിടത്തെ പ്രജകളായ സകലജനങ്ങൾക്കും അത്യന്തം സന്തോഷാവഹമായ ഒരു കാര്യമാണല്ലൊ.

അടുത്ത ആണ്ടായ 1088-ലെ വിശേഷസംഗതികളിൽ പ്രഥമഗണനീയമായിട്ടുള്ളതു തുലാമാസം 22-ാംനു വ്യാഴാഴ്ച അസ്തമിച്ചു് 7 മണിക്കു ചിത്തിരതിരുനാളിൽ നമ്മുടെ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു തിരുവവതാരം ചെയ്തരുളി എന്നുള്ളതു തന്നെയാണു്. ആ തിരുമേനിയുടെ അന്നപ്രാശനം (ചോറൂതേത്തു്) അടിയന്തിരം മേടമാസം 9-ാംനു വളരെ കേമമായി നടത്തപ്പെട്ടു എന്നുള്ളതും ആ ആണ്ടത്തെ വിശേഷസംഗതികളിൽ ഒന്നായി ഗണിക്കാവുന്നതാണു്.

1089 ചിങ്ങത്തിൽ ബോബിലി മഹാരാജാവവർകൾ തിരുവനന്തപുരത്തെഴുന്നള്ളുകയും നമ്മുടെ മഹാരാജാവുതിരുമനസ്സിലെ അതിഥിയായി ഏതാനും ദിവസം അവിടെ താമസിക്കുകയും അദ്ദേഹത്തെ നമ്മുടെ തിരുമേനി യഥായോഗ്യം സൽക്കരിച്ചയയ്ക്കുകയും ഇൻഡ്യാവൈസ്രോയിയായ ഹാർഡിങ്ങ്പ്രഭു അവർകളെ സന്ദർശിക്കുന്നതിനായി വൃശ്ചികമാസമാദ്യം നമ്മുടെ തിരുമേനി മദ്രാസിലേക്കു എഴുന്നള്ളുകയും വൈസ്രോയി അവർകളെ സന്ദർശിച്ചതിന്റെ ശേഷം സസന്തോഷം തിരുമേനി സുഖമായി തിരിച്ചെഴുന്നള്ളുകയും മേടമാസം 29-ാംനു തിങ്കളാഴ്ച നമ്മുടെ ആധുനികദിവാനായ എം കൃഷ്ണൻനായരവർകളെ ഈ ഉദ്യോഗത്തിൽ നിയമിച്ചു കല്പിച്ചു നീട്ടു കൊടുക്കുകയും ചെയ്തിട്ടുള്ളതു ആ ആണ്ടത്തെ വിശേഷസംഗതികളായി ഗണിക്കാവുന്നതാണു്.

1090-ാമാണ്ടത്തെ വിശേഷസംഗതികളിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നതും നമ്മുടെ തിരുമനസ്സിലേയ്ക്കും അവി

ടുത്ത കുടുംബത്തിലേയ്ക്കും മാത്രമല്ല, കേരളീയരായും മററുമുള്ള സകലജനങ്ങൾക്കും ദുസ്സഹദുഃഖകാരണവുമായിട്ടുള്ളതു ആ ആണ്ടു കന്നിമാസം 6-ാംനു- കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു തീപ്പെട്ടുപോയി എന്നുള്ളതാണ്. തുലാമാസത്തിൽ ബഹുമാനപ്പെട്ട മദ്രാസ് ഗവർണ്ണർ വെൻറ്‌ലാൻഡ് പ്രഭു അവർകൾ പത്നീസമേതം തിരുവനന്തപുരത്തു വരികയും നമ്മുടെ തിരുമനസ്സിലെ ആതിഥ്യം സ്വീകരിച്ചുകൊണ്ട് ഏതാനും ദിവസം അവിടെ താമസിക്കുകയും തിരുമനസ്സുകൊണ്ട് അവരെ യഥായോഗ്യം സൽകരിച്ചയയ്ക്കുകയും ധനുമാസം 18-ാംനു- കരിമ്പാററ രാമൻമേനോനവർകളെ ചീഫ് ജസ്റ്റീസായി നിയമിച്ചു നീട്ടുകൊടുക്കുകയും മേടമാസത്തിൽ തിരുമനസ്സുകൊണ്ടു കുന്നൂരിലേക്ക് എഴുന്നള്ളി ഏതാനും ദിവസം അവിടെത്താമസിച്ചതിന്റെ ശേഷം സസുഖം തിരിച്ചെഴുന്നള്ളുകയും നമ്മുടെ തിരുമനസ്സിലെ ക്ഷണപ്രകാരം ബറോഡായിലെ ഗയിക്കുവാർ മഹാരാജാവവർകൾ മഹാരാജ്ഞീസമേതനായി തിരുവനന്തപുരത്തെഴുന്നള്ളി കുറച്ചു ദിവസം താമസിക്കുകയും നമ്മുടെ തിരുമേനി അവരെ യഥായോഗ്യം സൽക്കരിച്ചയയ്ക്കുകയും ചെയ്തിട്ടുള്ളതും ആ ആണ്ടത്തെ വിശേഷസംഗതികളായിത്തന്നെ വിചാരിക്കാം. ഇതുകളൊക്കെയുമല്ലാതെ ആ ആണ്ടിൽ പറയത്തക്ക വിശേഷമൊന്നുമുണ്ടായിട്ടില്ല.

## എട്ടാം അദ്ധ്യായം

## മുപ്പതു വർഷത്തെ രാജ്യഭരണം.

നമ്മുടെ മഹാരാജാവുതിരുമനസ്സുകൊണ്ടു തിരുമൂപ്പേററു രാജ്യഭരണം ആരംഭിച്ചതു 1885 ആഗസ്റ്റ് 19-ാംനു-ക്കു കൊല്ലം 1061-ാമാണ്ടു ചിങ്ങമാസം 2-ാംനു- ആണെന്നു മുൻപു പ്രസ്താവിച്ചിട്ടുള്ള സ്ഥിതിക്ക് അതിലേപ്പോൾ 1091-ാമാണ്ടു ചിങ്ങമാസം 2-ാംനു- ആയപ്പോൾ മുപ്പതു കൊല്ലം തികഞ്ഞിരിക്കുന്നു എന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ. ഈ മുപ്പതു കൊല്ലത്തിനിടയിൽ തിരുവിതാംകൂറിനുണ്ടായിട്ടുള്ള അഭിവൃദ്ധിയേയും പരിഷ്കാരത്തേയും കുറിച്ചും ഈ കാലത്തിനിടയ്ക്കു നടപ്പിൽ വരുത്തീട്ടുള്ള ഏർപ്പാടു

കളെക്കുറിച്ചു പൂർണ്ണമായ ഒരു വിവരണം എഴുതുക എന്നുള്ളതു് ആർക്കും അത്ര സുഖസാദ്ധ്യമായിരിക്കയില്ല. അതിനാൽ അതിനായിട്ടു് ഇവിടെ ഉദ്യമിക്കുന്നില്ല. നമ്മുടെ തിരുമനസ്സിലെ രാജ്യഭരണാരംഭം മുതൽ ഏതൽക്കാലപര്യന്തമുള്ള പ്രധാനസംഗതികളുടെ ഒരു സംക്ഷിപ്തവിവരണത്തിനു മാത്രമെ ഇവിടെ വിചാരിക്കുന്നുള്ളു. ഒന്നാമതായി നമ്മുടെ തിരുമേനി രാജ്യഭരണമാരംഭിച്ചതിന്റെ ശേഷം പ്രധാനമന്ത്രിമാരായി തീർന്നിട്ടുള്ള ഭാഗ്യവാന്മാരായ യോഗ്യന്മാരെക്കുറിച്ചു തന്നെ പറയാം.

തിരുമനസ്സുകൊണ്ടു രാജ്യഭരണം കയ്യേററ സമയം തിരുവിതാംകൂർ ദിവാൻജിയായിരുന്നതു രാമയ്യങ്കാരവർകളായിരുന്നു. അദ്ദേഹത്തിന്റെ കാലാവധി കഴിഞ്ഞതിന്റെ ശേഷം ആ സ്ഥാനത്തു കല്പിച്ചു നിയമിച്ചതു് അന്നു കോട്ടയം ദിവാൻപേഷ്ക്കാരായിരുന്ന രാമരായരവർകളെയാണ്. രാമരായരവർകളെ ദിവാൻജിയായി നിയമിച്ചു കല്പിച്ചു നീട്ടുകൊടുത്തതു് 1887-ാമാണ്ടു ജനുവരിമാസം 13-ാംനു ആയിരുന്നു. തദനന്തരം ക്രി. 1892-നു കൊല്ലം 1068-ാമാണ്ടു ചിങ്ങമാസത്തിൽ അന്നു കണ്ടെഴുത്തു ദിവാൻപേഷ്ക്കാരായിരുന്ന ശങ്കരസുബ്ബയ്യരവർകളെ ദിവാൻജിയായി നിയമിച്ചു കല്പിച്ചു നീട്ടുകൊടുത്തു. ശങ്കരസുബ്ബയ്യരവർകളുടെ കാലാവധി കഴിഞ്ഞതിന്റെ ശേഷം 1073-ാമാണ്ടു മേടമാസത്തിലാണ് അന്നു ഹൈക്കോർട്ടു ഒന്നാംജഡ്ജിയായിരുന്ന കൃഷ്ണസ്വാമിരായരവർകളെ ദിവാൻജിയായി നിയമിച്ചു കല്പിച്ചു നീട്ടുകൊടുത്തതു്. കൃഷ്ണസ്വാമിരായരവർകളുടെ പിൻഗാമിയായി ആ സ്ഥാനത്തു വന്നുചേർന്നതു വി. പി. മാധവരായരവർകളാണ്. അദ്ദേഹം ഏകദേശം രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ ഉദ്യോഗം ഒഴിഞ്ഞു പോവുകയാൽ 1082-ാമാണ്ടു ചിങ്ങമാസം 1-ാംനു ദിവാൻ ബഹദൂർ എസ് ഗോപാലാചാരി ബി ഏ ബി എൽ അവർകളെ ഇവിടെ ദിവാനായി നിയമിച്ചു കല്പിച്ചു നീട്ടുകൊടുത്തു. ഒരു കൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹവും ഉദ്യോഗം രാജിവെച്ചു പോവുകയാൽ ആ സ്ഥാനത്തു കല്പിച്ചു നിയമിച്ചതു അനർഗ്ഗളബുദ്ധിയായ പി രാജഗോപാലാചാരി എം ഏ ബി എൽ അവർകളെയാണ്. ഇദ്ദേഹത്തിനു 1083 തുലാം 8-ാംനു ആണ് കല്പിച്ചു നീട്ടുകൊടുത്തതു്. അദ്ദേഹം ഉദ്യോഗമൊഴിഞ്ഞു പോയതിന്റെ ശേഷം ആ സ്ഥാനത്തു കല്പിച്ചു

നിയമിച്ചതു നമ്മുടെ അധുനികദിവാനായ എം. കൃഷ്ണൻ നായരവർകളെത്തന്നെയാണ്. ഇദ്ദേഹത്തെ ദിവാനായി നിയമിച്ചു കല്പിച്ചു നീട്ടുകൊടുത്തതു് 1089-ാമാണ്ടു മേടമാസം 29-ാംനു- ആണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. മേൽപറഞ്ഞ മന്ത്രിപുംഗവന്മാരുടെ സഹകരണത്തോടു കൂടി നമ്മുടെ മഹാരാജാവുതിരുമനസ്സുകൊണ്ടു തന്റെ ഭരണകാലമായ ഈ മുപ്പതു കൊല്ലത്തിനിടയിൽ തിരുവിതാംകൂറിനു വരുത്തിയിട്ടുള്ള ഐശ്വര്യാഭിവൃദ്ധികളെക്കുറിച്ചാണ് ഇനി പറയാൻ ഭാവിക്കുന്നതു്.

## മുതലെടുപ്പ്.

തിരുമനസ്സിലെ ഭരണകാലം മുതൽ ഈ രാജ്യത്തെ മുതലെടുപ്പു പ്രതിവത്സരം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. തിരുമനസ്സിലേക്കു തിരുമുല്പു സിദ്ധിച്ചിട്ടുള്ളതിന്റെ അടുത്ത മുൻകൊല്ലമായ 1060-ാമാണ്ടു് എല്ലായിനങ്ങളിലും കൂടി ഈ രാജ്യത്തെ മുതലെടുപ്പ് 66.78705 രൂപയായിരുന്നു. 1090-ാമാണ്ടത്തെ മുതലെടുപ്പു 1.49.14.987 രൂപയാകുന്നു. ഇപ്രകാരം മുതലെടുപ്പു വർദ്ധിപ്പിച്ചതു ജനങ്ങൾക്കു ദുർഭരമായ വല്ല കരവും ഏർപ്പെടുത്തിയിട്ടോ അക്രമമായ വല്ല അദായമാർഗ്ഗവും പുതിയതായി സൃഷ്ടിച്ചിട്ടോ അല്ല. പ്രത്യുത, തിരുമനസ്സുകൊണ്ടു രാജ്യഭരണം ആരംഭിച്ചതിന്റെ ശേഷം ജനങ്ങൾക്കു ഉപദ്രവകരങ്ങളായിട്ടുള്ള അനേകം നികുതികൾ പല അവസരങ്ങളിലായി കല്പിച്ചു നിറുത്തൽ ചെയ്കയാണ് ചെയ്തിട്ടുള്ളതു്. എന്നാൽ ഇപ്രകാരം ആണ്ടുതോറും മുതലെടുപ്പിൽ വർദ്ധിച്ചുവരുന്ന ധനമെല്ലാം തിരുമനസ്സിലെ ശ്രീഭണ്ഡാരത്തിൽ ഇട്ടു സൂക്ഷിക്കുകയല്ല ചെയ്യുന്നതു്. വരവിൽ കൂടുതലുണ്ടായിട്ടുള്ളതുപോലെ തന്നെ ഈ രാജ്യത്തു ചെലവും ആണ്ടുതോറും വർദ്ധിച്ചു തന്നെയാണ് വന്നിട്ടുള്ളതു്.

"പ്രജാനാമേവ ഭൂത്യർത്ഥം
സ താഭ്യോ ബലിമഗ്രഹീൽ
സഹസ്രഗുണമുൽസ്രഷ്ടു-
മാദത്തേ ഹി രസം രവിഃ".

എന്നുള്ളതുപോലെ നമ്മുടെ തിരുമേനി രാജ്യത്തു മുതലെടുപ്പു വർദ്ധിപ്പിക്കുന്നതു ജനക്ഷേമകരങ്ങളായ സദ്വിഷയങ്ങളിൽ ചെലവു ചെയ്യാനായിട്ടു മാത്രമാണ്. 1060-ാമാണ്ടത്തെ

ചെലവിന്റെ ആകെത്തുക 64.90.960 രൂപയായിരുന്നു. 1090-ാമാണ്ടത്തെ ചെലവിന്റെ ആകെത്തുക 1.62,21.520 രൂപയും ആകുന്നു. ഈ കണക്കുകൊണ്ടു വരവു വൎദ്ധിച്ചതുപോലെ ചെലവും വൎദ്ധിച്ചിട്ടുണ്ടെന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ. ഇനി ഇങ്ങനെ ചെലവു വൎദ്ധിക്കത്തക്കവണ്ണം ജനക്ഷേമാൎത്ഥം കല്പിച്ചു ചെയ്തിട്ടുള്ള കാൎയ്യങ്ങളെക്കുറിച്ചാണു് പറയുന്നതു്.

## വിദ്യാഭ്യാസവകുപ്പ്.

തിരുമനസ്സുകൊണ്ടു രാജ്യഭരണം ആരംഭിച്ചതിന്റെ ശേഷം വിദ്യാഭ്യാസവിഷയത്തിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയും പരിഷ്കാരവും ഒട്ടും ചില്ലറയല്ല. അവിടുന്നു രാജ്യഭരണം തുടങ്ങിയ കാലത്തു് ഇവിടെ തൊള്ളായിരത്തോളം പാഠശാലകളും അവയിലെല്ലാം കൂടി 54000 വിദ്യാൎത്ഥികളും മാത്രമെ ഉണ്ടായിരുന്നുള്ളു. 1090-ാമാണ്ടിന്റെ അവസാനമായപ്പോഴേക്കും ഈ രാജ്യത്തു 3.243 പാഠശാലകളും 3.06.753 വിദ്യാൎത്ഥികളും ഉണ്ടായിത്തീൎന്നു. ഈ വിസ്മയകരമായ വൎദ്ധനവിന്റെ കാരണം ജനാഭിവൃദ്ധിയാണെന്നു വിചാരിക്കാനും പാടില്ല. വിദ്യാലയങ്ങളുടേയും വിദ്യാൎത്ഥികളുടേയും വൎദ്ധനവിന്റെ സ്ഥിതി വിചാരിച്ചാൽ ഈ രാജ്യത്തെ ജനസംഖ്യയുടെ വൎദ്ധനവു് ഏററവും തുഛമായിട്ടാണിരിക്കുന്നതു്.

സ്ത്രീവിദ്യാഭ്യാസസംബന്ധമായി നമ്മുടെ തിരുമനസ്സിലെ ഗവൎമ്മെന്റു ചെയ്തിട്ടുള്ള ഏൎപ്പാടുകൾ അത്യന്തം അഭിനന്ദനീയങ്ങളാകുന്നു. രാജ്യത്തിന്റെ നാനാഭാഗങ്ങളിലുമായി സാധാരണങ്ങളായ അനേകം പെൺപള്ളിക്കൂടങ്ങൾ സ്ഥാപിച്ചിട്ടുള്ളതു കൂടാതെ തലസ്ഥാനമായ തിരുവനന്തപുരത്തു് ഒരു ലേഡി പ്രിൻസിപ്പാലിന്റെ അദ്ധ്യക്ഷതയിൻകീഴിൽ സ്ത്രീവിദ്യാഭ്യാസാൎത്ഥം ഒരു മഹാപാഠശാലയും ഒരു ശിക്ഷാക്രമപാഠശാലയും കൂടി സ്ഥാപിച്ചിരിക്കുന്നു. ഈ മഹാപാഠശാലയിൽ ചേൎന്നു പഠിക്കുന്ന വിദ്യാൎത്ഥിനികൾ സൎക്കാരിലേക്കു യാതൊരു ഫീസും കൊടുക്കേണ്ടെന്നു മാത്രമല്ല, അവരിൽ മിക്കവൎക്കും സൎക്കാരിൽനിന്നു ധനസഹായം ചെയ്യുന്നുമുണ്ടു്. ഇതു് അത്യന്തം പ്രശംസനീയമായ ഒരു കാൎയ്യമാണല്ലൊ.

നമ്മുടെ തിരുമേനിയുടെ ഭരണം തുടങ്ങിയതിന്റെ ശേഷം പാഠശാലകളിലെ പാഠപുസ്തകങ്ങൾക്കു പഠിത

ത്തിനും പഠിപ്പിക്കലിനും ഭരണത്തിനും മേലന്വേഷണങ്ങൾക്കും മററും വളരെ ഭേദഗതികളും പരിഷ്കാരങ്ങളും സിദ്ധിച്ചിട്ടുണ്ട്. അവയെ എല്ലാം പ്രത്യേകം പ്രത്യേകം വിവരിക്കുന്ന കാര്യം പ്രയാസമാകയാൽ അവയിൽ പ്രധാനങ്ങളായ ചില സംഗതികൾ മാത്രം താഴെ പറഞ്ഞുകൊള്ളുന്നു.

1069-ാമാണ്ടു വരെ വിദ്യാഭ്യാസവകുപ്പിനെ രണ്ടായി വിഭജിച്ചു പ്രത്യേകം പ്രത്യേകമാണ് ഭരിച്ചുവന്നിരുന്നതു. മലയാംപള്ളിക്കൂടങ്ങളെല്ലാം ഒരു ഡയറക്ടരുടേയും ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾ ഒരു സൂപ്രണ്ടിന്റേയും അധികാരത്തിൻകീഴിലായിരുന്നു. 1069-ാമാണ്ടു ഈ രണ്ടു വിഭാഗങ്ങളേയും യോജിപ്പിച്ച് ഒന്നാക്കുകയും സംസ്ഥാനം മുഴുവനും മൂന്നു റേഞ്ചുകളായി വിഭജിച്ച് ഓരോ റേഞ്ചും ഓരോ ഇൻസ്പെക്ടർമാരുടെ കീഴിലാക്കുകയും ആ ഇൻസ്പെക്ടർമാരുടെ കീഴിൽ ചില ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാരേക്കൂടെ നിയമിക്കുകയും വിദ്യാഭ്യാസസംബന്ധങ്ങളായ കാര്യങ്ങളിൽ ഹജൂരിൽ ദിവാൻജിയെ സഹായിക്കുന്നതിനായി ഒരു കാര്യദർശിയേക്കൂടെ നിശ്ചയിക്കുകയും ചെയ്തു. ഈ പരിഷ്കാരം നിമിത്തം വിദ്യാഭ്യാസവകുപ്പിനു് ആകപ്പാടെ ഒരൈകരൂപ്യവും സംഘാതവും ഭരണസൌകര്യവും സിദ്ധിച്ചു. 1070-ാമാണ്ടു പള്ളിക്കൂടങ്ങൾക്കു ഗ്രാന്റ (സഹായധനം) കൊടുക്കുന്നതിനു ഒരു നിയമം നടപ്പാക്കി. അതും പ്രശംസനീയമായ ഒരു പരിഷ്കാരമാണെന്നുള്ളതിനു സംശയമില്ല. 1077-ാമാണ്ടു പാഠവിവരപ്പട്ടികയെ സംബന്ധിച്ചു ചെയ്ത പരിഷ്കാരവും സ്തുത്യർഹമായിട്ടുള്ള ഒരേർപ്പാടു തന്നെയാണ്. ആ ആണ്ടുവരെ ഇംഗ്ലീഷും മലയാളവും പള്ളിക്കൂടങ്ങൾ തമ്മിൽ പാഠപുസ്തകങ്ങളുടെ വിഷയത്തിൽ യാതൊരു സംബന്ധവും ഉണ്ടായിരുന്നില്ല. അതിനാൽ ഇംഗ്ലീഷു പഠിക്കുന്നവരിൽ മിക്കവർക്കു മാതൃഭാഷയായ മലയാളത്തിന്റേയും, മലയാളം പഠിക്കുന്നവർക്കു ഇപ്പോഴത്തെ കാലാവസ്ഥയ്ക്കു ഒഴിച്ചുകൂടാത്തതായിത്തീർന്നിരിക്കുന്ന ഇംഗ്ലീഷുഭാഷാജ്ഞാനത്തിന്റേയും ഗന്ധംപോലും ഉണ്ടാകുന്നതിനു യാതൊരു മാർഗ്ഗവുമില്ലാതെയാണ് ഇരുന്നിരുന്നതു്. മേല്പറഞ്ഞ പരിഷ്കാരത്തിൽ ഇംഗ്ലീഷും മലയാളവും പള്ളിക്കൂടങ്ങളിലെ ആദ്യക്ലാസുകളെ കൂട്ടി യോജിപ്പിച്ചതിനാൽ ആ ന്യൂനത അശേഷം തീർന്നുപോയി. മേല്പറഞ്ഞ (പാഠവിവരപ്പട്ടികയെ സംബന്ധിച്ചുള്ള) പരിഷ്കാരംകൊണ്ടു കൃഷിശാസ്ത്രം, ആരോഗ്യശാസ്ത്രം മുതലായവ

ഷ്ഷം കൂടി പാഠവിവരപ്പട്ടികയിൽ സ്ഥാനം ലഭിക്കുന്നതിനിടയായി. അടുത്തകാലത്തു റേഞ്ചിൻസ്പെക്ടറന്മാരുടെ സംഖ്യ ഒന്നു കുറച്ചു രണ്ടാക്കുകയും അസിസ്റ്റൻറിൻസ്പെക്ടറന്മാരുടെ സംഖ്യ വളരെ വൎദ്ധിപ്പിക്കുകയും മററു ചില പരിഷ്കാരങ്ങളും ചെയ്തിട്ടുണ്ടു്.

പ്രാഥമികവിദ്യാഭ്യാസം ചെയ്യുന്നവരായി ഈ നാട്ടിലുള്ള എല്ലാക്കുട്ടികളേയും ഫീസ്സു കൂടാതെ പഠിപ്പിക്കണമെന്നു 1079-ാമാണ്ടു ഗവൎമ്മെൻറു തീർച്ചചെയ്യുകയും അതനുസരിച്ചു് 1080-ാമാണ്ടു മുതൽ താണജാതിക്കാരുടെ പള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാരുടെ ശമ്പളത്തുക മുഴുവനും ഗ്രാൻറായിട്ടു കൊടുത്തുതുടങ്ങുകയും ചെയ്തതു പ്രത്യേകം ഇവിടെ ഠ കത്തവ്യമാകുന്നു.

തിരുവനന്തപുരത്തു് ഒരു സംസ്കൃതപാഠശാല സ്ഥാപിച്ചതുകൊണ്ടു് ആ ഭാഷയുടേയും ഹിന്തുമതസംബന്ധങ്ങളായ ഗ്രന്ഥങ്ങളുടേയും പഠനവിഷയത്തിലുണ്ടായിട്ടുള്ള സൌകൎയ്യവും നമ്മുടെ തിരുമനസ്സിലെ ഭരണകാലത്തു വിദ്യാഭ്യാസസംബന്ധമായി ഉണ്ടായിട്ടുള്ള പരിഷ്കാരങ്ങളുടെ ഫലങ്ങളിൽ ഉൾപ്പെട്ടവയാകുന്നു.

തിരുമനസ്സിലെ ഈ ഭരണകാലത്തിനിടയ്ക്കു സാങ്കേതികവിദ്യാഭ്യാസത്തിൻെറ അഭിവൃദ്ധിക്കായിട്ടും പല ഏൎപ്പാടുകൾ ചെയ്യപ്പെട്ടിട്ടുണ്ടു്. ദന്തവേല പരിശീലിപ്പിക്കുന്നതിനു മാത്രമായി വിശാഖംതിരുനാൾ തിരുമനസ്സിലേക്കാലത്തു സ്ഥാപിക്കപ്പെട്ടതായ കരകൌശലശാലയിൽ ഇപ്പോൾ മൺപാത്രങ്ങളുണ്ടാക്കുക, ചിത്രമെഴുതുക, വിചിത്രങ്ങളായ കംബളങ്ങളും മററും നെയ്യുക മുതലായ അനേകം തൊഴിലുകളും കരകൌശലപ്പണികളും അഭ്യസിപ്പിച്ചുവരുന്നു. ഒരു കാൎയ്യത്തിനും കൊള്ളുകയില്ലെന്നു വിചാരിച്ചു സൎവരാലും ഉപേക്ഷിക്കപ്പെട്ടിരുന്ന വാഴനാരു വസ്തുക്കൾ നെയ്യുന്നതിനു ഉപയോഗമുള്ളതാണെന്നു കണ്ടുപിടിക്കുകയും അതിനെ പോളയിൽനിന്നു വേർതിരിച്ചെടുക്കുന്നതിനു നൂതനമായി ഒരു യന്ത്രം നിൎമ്മിക്കുകയും ചെയ്തതു് ഈ കരകൌശലശാലയിലാണു്. ഇതു നമ്മുടെ രാജ്യത്തിനു ഒരു ബഹുമാനഹേതുവാണല്ലൊ. ഇതു നിമിത്തം തിരുവനന്തപുരം കരകൌശലശാല എന്നുള്ള കീൎത്തി ഇൻഡ്യയിൽ മാത്രമല്ല, ഭൂലോകം മുഴുവനും വ്യാപിച്ചിരിക്കുന്നു. ഈ വിദ്യ (വാഴ

നാരെട്ടുക്കുകയും അതുകൊണ്ടു വസ്ത്രങ്ങൾ നെയ്യുകയും) അഭ്യസിക്കുന്നതിനായി ഇപ്പോൾ അന്യരാജ്യങ്ങളിൽനിന്നു ഇവിടെ അനേകംപേർ വന്നുചേരുന്നുണ്ടു.

തിരുവിതാംകൂർരാജ്യക്കാരിൽ അധികംപേരും കൃഷികൊണ്ടു ഉപജീവിക്കുന്നവരാകയാൽ അതിന്റെ അഭിവൃദ്ധിക്കു വേണ്ടുന്ന സൌകൎയ്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ആ വിഷയത്തിൽ ജനങ്ങൾക്കു ഉത്സാഹവും സാമൎത്ഥ്യവും പാടവും പരിചയവും വൎദ്ധിപ്പിക്കുകയും ചെയ്യേണ്ടതു ഗവൎമ്മെന്റിന്റെ ചുമതലയാണല്ലൊ. അതിനാൽ നമ്മുടെ തിരുമനസ്സിലെ ഗവൎമ്മെന്റു ആണ്ടുതോറും അനേകായിരം രൂപ വീതം കൃഷിമരാമത്തുവകയ്ക്കായി ചെലവു ചെയ്യുന്നുണ്ടു. എന്നാൽ ഇതുകൊണ്ടു മാത്രം തക്കതായ ഫലസിദ്ധിയുണ്ടാകുന്നതല്ലെന്നും കൃഷിക്കു യഥാക്രമം അഭിവൃദ്ധിയുണ്ടാകണമെങ്കിൽ മണ്ണിന്റെയും വിത്തുകളുടെയും വകഭേദങ്ങളും ഇന്നിന്നപ്രകാരമുള്ള മണ്ണിൽ ഇന്നിന്ന വിത്തുകൾക്കാണു പിടിത്തമെന്നുള്ളതും അറിഞ്ഞു ശാസ്ത്രരീത്യാ കൃഷി നടത്തേണ്ടിയിരിക്കുന്നു എന്നും അപ്രകാരം കൃഷി നടത്തുന്നതിനു കൃഷിശാസ്ത്രം അഭ്യസിക്കാതെ സാധിക്കുന്നതല്ലെന്നും കണ്ടതിനാൽ 1069-ാമാണ്ടു തിരുവനന്തപുരത്തു ഒരു കൃഷിപാഠശാലയും സ്ഥാപിച്ചു. ഇതുകൊണ്ടു മതിയായില്ലെന്നു തോന്നുകയാൽ ഈ ഗവൎമ്മെന്റു 1078-ാമാണ്ടു കൃഷിസംബന്ധമായ രസതന്ത്രം അഭ്യസിച്ചുവരുന്നതിനായി ഒരാളെ സൎക്കാർ ചെലവിന്മേൽ എഡിൻബറോവിൽ അയച്ചു പഠിപ്പിച്ചു വരുത്തുകയും ചെയ്തു. ഇദ്ദ ഇപ്പോൾ കൃഷിഡയറക്ടരായിരിക്കുന്ന ഡോക്ടർ കുഞ്ഞൻപിള്ള അവർകളാണെന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലൊ.

ഇതിനും പുറമെ ഭൂഗൎഭശാസ്ത്രവും ഖനനവിദ്യയും അഭ്യസിക്കുന്നതിനും വൈദ്യശാസ്ത്രം അഭ്യസിക്കുന്നതിനും പ്രത്യേകം ഈരണ്ടു പേരെ സൎക്കാർചെലവോടു കൂടിത്തന്നെ ശീമയ്ക്കയച്ചു പഠിപ്പിച്ചുവരുത്തീട്ടുള്ളതും ഈ രാജ്യത്തു സാങ്കേതികവിദ്യാപ്രചാരം വൎദ്ധിപ്പിക്കുന്നതിൽ നമ്മുടെ തിരുമനസ്സിലെ ഗവൎമ്മെന്റിനുള്ള ആഗ്രഹത്തിന്റെ ദൃഷ്ടാന്തങ്ങളാണു. ഇതൊന്നും കൂടാതെ ഈ ഗവൎമ്മെന്റിൽനിന്നു പല സാങ്കേതികപാഠശാലകൾക്കു ഗ്രാന്റും മദ്രാസിലും ബോംബയിലുമുള്ള സാങ്കേതികവിദ്യാലയങ്ങളിൽ പോ

യി പഠിക്കുന്ന അനേകം വിദ്യാൎത്ഥികൾക്കു സ്കോളർഷിപ്പും (സാഹായികധനവും) ഇപ്പോൾ കൊടുത്തുവരുന്നുമുണ്ടു്.

ജനങ്ങൾക്കു അറിവു് വൎദ്ധിക്കുന്നതിനു് ഉപയുക്തങ്ങളായ ഓരോ വിഷയങ്ങളെപ്പററി യോഗ്യന്മാരായ ആളുകളെക്കൊണ്ടു പ്രസംഗങ്ങൾ നടത്തിക്കുന്നതിനായി തലസ്ഥാനമായ തിരുവനന്തപുരത്തു് ഒരു ലക്‌ചർകമ്മട്ടിയും റെവന്യൂ കണ്ടെഴുത്തു് ഈ തുറകളിലെ ചില്ലറയുദ്യോഗസ്ഥന്മാൎക്കു് അത്യാവശ്യകമായ സൎവ്വേപഠിത്തത്തിലേക്കായി ഒരു സൎവ്വേസ്കൂളും സ്ഥാപിച്ചിട്ടുള്ളതു് അത്യന്തം പ്രയോജനകരങ്ങളാകുന്നു.

ശിലാലിഖിതങ്ങൾ ഗ്രന്ഥവരികൾ മുതലായ പുരാതനപ്രമാണങ്ങളിൽനിന്നു രാജ്യത്തിന്റെ പ്രാചീനചരിത്രത്തെയും ജനസമുദായസ്ഥിതിയേയും മററും ആരാഞ്ഞറിഞ്ഞു് അപ്പഴപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതിനായി റായിബാഹദൂർ പി. സുന്ദരംപിള്ള അവർകളുടെ അദ്ധ്യക്ഷതയിൻകീഴിൽ 1071-ാമാണ്ടു് ഒരു പ്രത്യേകവകുപ്പു് സൃഷ്ടിച്ചതും വളരെ ഉപയോഗമുള്ളതാണു്. അതിന്റെ പ്രധാനച്ചുമതലക്കാരനായി നിയമിക്കപ്പെട്ടിരുന്ന ആ മഹാൻ പരേതനായിപ്പോയതിനാൽ ഈ ഏൎപ്പാടുകൊണ്ടു നമുക്കു് ഉണ്ടാകാവുന്നിടത്തോളം പ്രയോജനം ഉണ്ടായിട്ടില്ലെങ്കിലും ഒരു കാലത്തുണ്ടാകുമെന്നു് ആശിക്കാനുള്ള മാൎഗ്ഗം കാണുന്നുണ്ടു്.

## മെഡിക്കൽവകുപ്പു്

നമ്മുടെ തിരുമനസ്സുകൊണ്ടു രാജ്യഭരണം ആരംഭിച്ചതിന്റെ ശേഷം ആശുപത്രികളുടെ സംഖ്യ വളരെ വൎദ്ധിച്ചിട്ടുണ്ടു്. 1060-ാമാണ്ടു് ആശുപത്രികളുടെ സംഖ്യ മുപ്പതിൽ താഴെയായിരുന്നു. ഇപ്പോൾ അതു രാജ്യമൊട്ടുക്കു് എല്ലാത്തരത്തിലുംകൂടി ഇരട്ടിയിൽ അധികം ആയിട്ടുണ്ടു്. ഇതിനു പുറമെ ഈ ഗവൎമ്മെന്റിൽനിന്നു ഗ്രാന്റു കൊടുക്കുന്നവയായിട്ടും പല ഇംഗ്ലീഷുവൈദ്യശാലകളുണ്ടു്. ഈ ഡിപ്പാൎട്ടുമെണ്ടിന്റെ നടത്തിപ്പു സംബന്ധിച്ചും സിൽബന്തികളുടെ ശമ്പളത്തെ സംബന്ധിച്ചും മററും ഈ 30 കൊല്ലത്തിനിടക്കു് അനേകം പരിഷ്കാരങ്ങൾ ചെയ്തിട്ടുണ്ടു്.

സ്ത്രീകളെ സൂതികൎമ്മം പഠിപ്പിക്കുന്നതിനായി കൊല്ലത്തു് ഒരു പാഠശാലയും സ്ത്രീകൾക്കും കുട്ടികൾക്കും മാത്രം ചികിത്സിക്കുന്നതിനായി ഒരു സ്ത്രീഡാക്ടരുടെ കീഴിൽ ഒന്നും ഉയ

ന്ന ജാതിയിലുള്ള സ്ത്രീകൾക്കു പ്രസവചികിത്സയ്ക്കു മാത്രമായി മറെറാന്നും ഇങ്ങനെ തിരുവനന്തപുരത്തു രണ്ടു് ആശുപത്രികളും സ്ഥാപിച്ചിട്ടുള്ളതു് ഏററവും ഉപയോഗമുള്ളതും ഗുണപ്രദവുമായ പരിഷ്കാരമാകുന്നു.

നമ്മുടെ തിരുമനസ്സുകൊണ്ടു ഇംഗ്ലീഷുവൈദ്യശാലകളെ മാത്രം പരിഷ്കരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യണമെന്നല്ല ഉദ്ദേശിച്ചിട്ടുള്ളതു്. തന്റെ രാജ്യത്തു നാട്ടുവൈദ്യത്തിനും അഭിവൃദ്ധിയും പ്രചാരവുമുണ്ടാകണമെന്നാണ് തിരുമനസ്സിലെ അഭിപ്രായമെന്നുള്ളതു്. 1071-ാമാണ്ടു നാട്ടുവൈദ്യശാലകൾക്കു കൂടി ഗ്രാന്റു കൊടുക്കുന്നതിനു കല്പിച്ചു ചെയ്ത തീർച്ചകൊണ്ടു തന്നെ സ്പഷ്ടമാകുന്നുണ്ടു്. ഈ നാട്ടിലെ ശീതോഷ്ണാവസ്ഥയ്ക്കും ജനങ്ങളുടെ ശരീരസ്ഥിതിയ്ക്കും വിധിപ്രകാരം ചെയ്യുകയാണെങ്കിൽ നാട്ടുചികിത്സ ഇംഗ്ലീഷുചികിത്സയെക്കാൾ ഫലിക്കുമെന്നുള്ളതിനു സംശയമില്ല. ചില രോഗങ്ങൾക്കു നാട്ടുചികിത്സയല്ലാതെ ഇംഗ്ലീഷുചികിത്സ ഒട്ടും തന്നെ പററുകയില്ലെന്നുള്ളതു് അനുഭവസിദ്ധമാണല്ലൊ. അതിനാൽ തിരുമനസ്സിലെ ആ തീർച്ച ആയുർവേദപ്രചാരകരവും ജനങ്ങൾക്കു ഗുണപ്രദവുമായിട്ടാണ് തീർന്നിരിക്കുന്നതു്. ഹിന്ദുവൈദ്യശാസ്ത്രത്തിനു പ്രചാരവും അഷ്ടാംഗഹൃദയവൈദ്യന്മാരും ഈ രാജ്യത്തു ധാരാളമുണ്ടാകണമെന്നുള്ള ഉദ്ദേശത്തോടു കൂടി തിരുവനന്തപുരത്തു് ഒരു ആയുർവേദപാഠശാല സ്ഥാപിച്ചിട്ടുള്ളതും ഉചിതപരിഷ്കാരമായി എന്നുള്ളതിനു സംശയമില്ല.

മെഡിക്കൽഡിപ്പാർട്ടുമെന്റിന്റെ പ്രധാനമായ കർത്തവ്യകർമ്മം രോഗം വന്നുകൂടിയാൽ അതിനെ ഭേദപ്പെടുത്തുകയെന്നുള്ളതാണല്ലൊ. എന്നാൽ "പ്രക്ഷാളനാദ്ധി പങ്കസ്യ ദൂരാദസ്പർശനം വരം" എന്നുള്ളതുപോലെ രോഗം വന്നുകൂടിട്ടു ഭേദമാക്കുന്നതിനേക്കാൾ നല്ലതു വരാതെ സൂക്ഷിക്കുന്നതാണല്ലൊ. ഈ തത്വം നമ്മുടെ തിരുമനസ്സിലെ ഗവമ്മെന്റിനു് അറിയാവുന്നതുകൊണ്ടു പകരുന്ന വ്യാധികളും മററും വരാതെ നിവാരണംചെയ്തു സൂക്ഷിക്കുന്നതിനായി ഒരു സാനിട്ടറിവകുപ്പും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഈ ഡിപ്പാർട്ടുമെന്റുകൊണ്ടുള്ള ഉപയോഗം എത്രമാത്രമുണ്ടെന്നു സ്പഷ്ടമായി അറിയുന്നതു വിഷൂചിക. വസൂരി മുതലായ സാംക്രാമികരോഗങ്ങൾ ഉണ്ടാകുന്ന കാലങ്ങളിലാണ്.

## അഞ്ചൽഡിപ്പാർട്ടുമെന്റു്.

ഒരഞ്ചലാപ്പീസ്സോ അഞ്ചൽപ്പെട്ടിയോ ഇല്ലാത്തതായി ഇപ്പോൾ ഈ രാജ്യത്തു് ഒരു പ്രവൃത്തിയെന്നല്ല ഒരു കരയോ ഗ്രാമമോ കാണുമെന്നു തോന്നുന്നില്ല. 1060-ാമാണ്ടു ഇവിടെ രാജ്യമൊട്ടുക്കു് 86 അഞ്ചലാപ്പീസുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ രാജ്യമൊട്ടുക്കു് അതിലിരട്ടിയിലധികം അഞ്ചലാപ്പീസുകളും അഞ്ചൽപ്പെട്ടികളും ആയിട്ടുണ്ടു്. എഴുത്തുകളും ബങ്കികളും അഞ്ചൽമാർഗ്ഗം അയയ്ക്കുന്നതിനുള്ള കൂലി പല പ്രാവശ്യമായിട്ടു മുൻകാലങ്ങളിലേക്കാൾ ഇപ്പോൾ വളരെ കുറച്ചിട്ടുണ്ടു്. കാൽ ചക്രം ചിലവു ചെയ്താൽ ഈ രാജ്യത്തിന്റെ ഒററത്തുനിന്നു മറേറ അററത്തേക്കു് ഒരു വർത്തമാനം ഏററവും ചുരുങ്ങിയ സമയംകൊണ്ടു് അറിയിക്കാനുള്ള സൌകര്യം ഇപ്പോൾ നമുക്കു സിദ്ധിച്ചിട്ടുണ്ടല്ലൊ. അഞ്ചൽഡിപ്പാർട്ടുമെന്റിൽ ചെയ്തിട്ടുള്ള പരിഷ്കാരങ്ങളിൽവെച്ചു പ്രധാനമായിട്ടുള്ളതു് 1077-ാമാണ്ടു് ഉണ്ടിയൽ ഏർപ്പാടു നടപ്പാക്കിയതാകുന്നു. സർക്കാരിന്റെ ഉപയോഗത്തിനു മാത്രമായി ആദ്യം ഏർപ്പെടുത്തപ്പെട്ടതും സർ. ടി. മാധവരായർദിവാൻജി അവർകളുടെ കാലത്തു ജനങ്ങൾക്കു കൂടി ഉപയോഗപ്പെടുവാൻ തക്ക വിധത്തിൽ പരിഷ്കരിക്കപ്പെട്ടതും നമ്മുടെ തിരുമേനിയുടെ രാജ്യഭരണാരംഭം മുതൽ അനേകപരിഷ്കാരങ്ങളാൽ ഊർജ്ജിതപ്പെട്ടതുമായ ഈ ഡിപ്പാർട്ടുമെന്റു് ഇപ്പോൾ മിക്ക സംഗതികളിലും ബ്രിട്ടീഷു പോസ്റ്റൽഏർപ്പാടിനെയും അതിശയിക്കത്തക്ക സ്ഥിതിയിലെത്തിയിരിക്കുന്നു എന്നു പറഞ്ഞാൽ മതിയല്ലൊ.

## ഇൻജിനീയരും മരാമത്തും ഡിപ്പാർട്ടുമെണ്ടുകൾ.

നമ്മുടെ തിരുമനസ്സുകൊണ്ടു രാജ്യഭാരം കയ്യേററതിന്റെ ശേഷം മേല്പറഞ്ഞ ഡിപ്പാർട്ടുമെന്റുകളുടെ നടത്തിപ്പിന്റെ രീതിയിലും ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്രമത്തിലും മററും അനേകം പരിഷ്കാരങ്ങൾ ചെയ്തിട്ടുണ്ടു്. അവയെ എല്ലാം ഇവിടെ പ്രത്യേകം പ്രത്യേകം എടുത്തു വിവരിക്കണമെന്നു വിചാരിക്കുന്നില്ല. ഈ ഇനങ്ങളിൽ സർക്കാരിലേക്കു ചിലവാകുന്ന പണത്തിന്റെ സംഖ്യകൊണ്ടു ജനങ്ങൾക്കുണ്ടാകുന്ന സഞ്ചാരസൌകര്യത്തിന്റെയും മററും ന്യൂനാധികഭാവം ഏകദേശം അറിയാവുന്നതാകകൊണ്ടു് അതു

മാത്രം ഇവിടെ പറഞ്ഞുകൊള്ളുന്നു. മേല്പറഞ്ഞ രണ്ടു ഡിപ്പാർട്ടുമെന്റുകളിലും കൂടി 1060-ാമാണ്ടത്തെ ചിലവു 9.37,118 രൂപയാണ്. 1090-ാമാണ്ട് ഏകദേശം 38 ലക്ഷത്തോളം രൂപയുമാകുന്നു. ഈ കണക്കുകൊണ്ടു നമ്മുടെ തിരുമനസ്സുകൊണ്ട് ഈ വിഷയത്തിൽ മുൻകാലങ്ങളിലെക്കാൾ വളരെ കൂടുതലായ വ്യയം ചെയ്യുന്നുണ്ടെന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ. ഈ തിരുമേനിക്കു തിരുമൂപ്പു സിദ്ധിച്ചതിന്റെ ശേഷം ജനോപയുക്തങ്ങളായ അനേകം തോടുകളും റോട്ടുകളും വെട്ടിക്കുകയും പാലങ്ങൾ, കെട്ടിടങ്ങൾ, ക്ഷേത്രങ്ങൾ മുതലായവ പണിയിക്കുകയും അററകുററം തീർക്കുകയും മററും ചെയ്യുന്ന വിഷയത്തിൽ ചെയ്തുവരുന്ന ധനവ്യയവും നിഷ്കർഷയും അത്യന്തം പ്രശംസനീയങ്ങളാണ്. ഇവ ഇപ്പോഴും പ്രതിവത്സരം വർദ്ധിച്ചുകൊണ്ടു തന്നെ ഇരിക്കുകയും ചെയ്യുന്നു.

ഈ നാട്ടിലെ ജനങ്ങളിൽ അധികംപേരും കൃഷികൊണ്ട് ഉപജീവനം കഴിക്കുന്നവരാണെന്നുള്ളതിനാൽ നമ്മുടെ തിരുമനസ്സിലെ ഗവർമ്മെന്റിന്റെ ശ്രദ്ധ ആ വിഷയത്തിൽ നല്ലപോലെ പതിഞ്ഞിട്ടുണ്ടെന്നും കൃഷിമരാമത്തുവകയ്ക്കായി അനേകായിരം പണം ആണ്ടുതോറും ഈ ഗവർമ്മെന്റിൽനിന്നു ചിലവു ചെയ്യുന്നുണ്ടെന്നും മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. തിരുമനസ്സുകൊണ്ടു രാജ്യഭരണം തുടങ്ങിയതിൽപ്പിന്നെ കൃഷിക്കുപയുക്തങ്ങളായി വെട്ടിച്ചിട്ടുള്ള കുളങ്ങളും തോടുകളും അസംഖ്യങ്ങളാകയാൽ അവയിൽ പ്രധാനമായിട്ടുള്ള കോതയാററണയെപ്പററി മാത്രമേ ഇവിടെ സ്വല്പം പറയണമെന്നു വിചാരിക്കുന്നുള്ളു. ഈ അണ പണിയിക്കുന്ന വകയ്ക്കു് ഇതുവരെ ഈ സർക്കാരിൽനിന്നു വളരെ രൂപ ചിലവു ചെയ്തിട്ടുണ്ട്. ഈ അണ ഇപ്പോൾ കുറതീർന്നിരിക്കുന്നതിനാൽ അനാവൃഷ്ടിയെപ്പററിയും തന്നിമിത്തമുള്ള കൃഷിക്കുറവിനെപ്പററിയും സദാ മുറവിളികൂട്ടിക്കൊണ്ടിരുന്ന ദക്ഷിണതിരുവിതാംകൂറുകാരുടെ ആവലാധി ഇനി ഒരിക്കലും ഉണ്ടാകുന്നതല്ലെന്നു മാത്രവുമല്ല, തോവാള മുതൽ നെയ്യാററുങ്കര വരെ വിളവു കുറഞ്ഞും ഒട്ടും ഇല്ലാതെയും കിടന്നിരുന്ന അനേകലക്ഷപ്പറ വിത്തുപാട്ടസ്ഥലം ഇപ്പോൾ ഒന്നാന്തരം വിളനിലമായിത്തീർന്നിട്ടുമുണ്ട്.

## ജുഡീഷ്യൽഡിപ്പാർട്ടുമെൻറു്.

ഈ ഡിപ്പാർട്ടുമെൻറു സംബന്ധമായും ഈ മുപ്പതു കൊല്ലത്തിനിടക്കു് ഏറിയൊരു പരിഷ്കാരങ്ങൾ ചെയ്യപ്പെട്ടിട്ടുണ്ടു്. ആവശ്യത്തിനു തക്കവണ്ണം കോടതികളുടെ സംഖ്യ വൎദ്ധിപ്പിക്കുകയും ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽ കൂടുതൽ ചെയ്യുകയും ചെയ്കതിനാൽ ഇപ്പോൾ ജനങ്ങൾക്കു മുൻകാലങ്ങളിലേക്കാൾ സൌകൎയ്യവും, പഠിപ്പും യോഗ്യതയുമുള്ളവൎക്കു് ഈ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗം കിട്ടിയാൽ കൊള്ളാമെന്നു് ആഗ്രഹവും ഉണ്ടായിട്ടുണ്ടു്.

1077-ലെ സിവിൽനിയമപരിഷ്കാരപ്രകാരം മുൻസിപ്പുകോടതികളിലെ സല 500 രൂപയിൽനിന്നു 1000-വും പിന്നീടു 2000-വും ആക്കുകയും ഹൈക്കോടതിയാൽ അധികൃതന്മാരാക്കപ്പെടുന്ന മുൻസിപ്പന്മാൎക്കു് 50 രൂപ വരെയുള്ള സ്മാൾക്കാസുകളെ സ്വീകരിക്കാമെന്നു തീൎച്ചപ്പെടുത്തുകയും ചെയ്കയാൽ ജനങ്ങൾക്കു വളരെ ഗുണവും ജില്ലാജഡ്ജിമാൎക്കു ജോലിക്കുറവും സിദ്ധിച്ചിട്ടുണ്ടു്.

## സഞ്ചായംഡിപ്പാർട്ടുമെൻറു്.

നമ്മുടെ തിരുമനസ്സിലെ ഗവൎമ്മെൻറിനാൽ സഞ്ചായം ഡിപ്പാർട്ടുമെൻറിൽ അനേകം പരിഷ്കാരങ്ങൾ ചെയ്യപ്പെട്ടിട്ടുള്ളതിനാൽ അതിപ്പോൾ ഉത്തമരീതിയിൽ നടത്തപ്പെടുകയും അതിൽനിന്നുള്ള ആദായം ആണ്ടുതോറും വൎദ്ധിച്ചുവരികയും ചെയ്യുന്നുണ്ടു്.

## കണ്ടെഴുത്തുവകുപ്പു്.

ദിവാൻ രാമയ്യങ്കാരവർകളുടെ കാലത്തു് അഞ്ചു കൊല്ലത്തിനകം തീൎക്കാമെന്നുള്ള നിശ്ചയത്തോടു കൂടി ആരംഭിച്ചതും ഒരിക്കലും തീരാത്ത വിധം ദീൎഘിച്ചുകൊണ്ടിരുന്നതും ആദ്യം നിശ്ചയിച്ചിട്ടുള്ള 12 ലക്ഷം രൂപയിൽ മൂന്നിരട്ടിയിലധികം ചിലവായിട്ടും തീരാത്തതുമായ ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച കാലദൈൎഘ്യത്തിനു കാരണങ്ങളായ ഏൎപ്പാടുകളെ ഒഴിച്ചും ഉദ്യോഗസ്ഥന്മാരുടെ വിഷയത്തിൽ ചില ഭേദഗതികൾ ചെയ്തും കാലതാമസം കൂടാതെ കാൎയ്യം നടക്കാൻ തക്ക മാൎഗ്ഗങ്ങളെ കാണിച്ചും 1079-ാമാണ്ടുണ്ടായ ഗവൎമ്മെൻറു പ്രൊസീഡിംഗ്സ് പ്രത്യേകം പ്രശം

സനീയമായിട്ടുള്ളതാണ്. ഇതുനിമിത്തം കണ്ടെഴുത്തു വേഗത്തിൽ തീരുകയും കാലദൈർഘ്യത്താൽ ഗവമ്മെൻറിനു് ഉണ്ടാകുമായിരുന്ന പാഴചിലവു് ഇല്ലാതാവുകയും പുതുക്കരം താമസിയാതെ പിരിക്കാൻ ഇടവരികയും തന്നിമിത്തം രാജ്യത്തു മുതലെടുപ്പു വദ്ധിക്കുകയും ചെയ്തിരിക്കുന്നു.

## ഫൈനാൻസ്—കണക്കുഡിപ്പാർട്ടുമെൻറു്.

ഈ രാജ്യത്തെ മുതലിനും ചിലവിനുമെഴുതുന്ന കണക്കിൻെറ രീതിക്കുള്ള സ്വഛന്ദഭോരാസ്ഥയെപ്പററി മദ്രാസുഗവമ്മെൻറു് ഇവിടത്തെ രാജ്യഭരണറിപ്പോർട്ടു പരിശോധിച്ചു അഭിപ്രായം പറയുന്ന അവസരങ്ങളിൽ പലപ്പോഴും പ്രത്യേകം എടുത്തു പ്രസ്താവിച്ചിട്ടുണ്ടു്. മദ്രാസുഗവമ്മെൻറിൻെറ ഈ ആക്ഷേപം വാസ്തവം തന്നെയാണെന്നുള്ള ബോധം നമ്മുടെ തിരുമനസ്സിലെ ഗവമ്മെൻറിനു് ഉണ്ടാവുകയാൽ ഇതിൻെറ പരിഹാരമാർഗ്ഗം ആലോചിക്കുന്നതിനായി ഒരു കമ്മററിയെ കുറച്ചു കാലം മുമ്പു് ഏർപ്പെടുത്തി. ആ കമ്മററിക്കാർ യഥാശക്തി പര്യാലോചിച്ചു 1079-ാമാണ്ടു് ഒരു റിപ്പോർട്ടു തയാറാക്കി. ഈ റിപ്പോർട്ടുകൊണ്ടു മാത്രം പ്രസ്തുതഡിപ്പാർട്ടുമെൻറിൻെറ പരിഷ്കാരം ശരിയായ വിധത്തിൽ സാധിക്കാൻ പ്രയാസമുണ്ടെന്നു തോന്നുകയാൽ ദിവാൻ വി. പി. മാധവരായരവർകളുടെ ആലോചനയോടു കൂടി കണക്കുവിഷയത്തിൽ അസാമാന്യമായ പരിജ്ഞാനത്തോടു കൂടിയ ഒരുദ്യോഗസ്ഥനെ വരുത്തി നിയമിക്കുകയും അദ്ദേഹത്തിൻെറ കീഴിൽ സെൻട്രൽ അക്കൌണ്ടു ആൻഡു് ആഡിററാപ്പീസു് എന്നൊരു ഡിപ്പാർട്ടുമെൻറു നൂതനമായി സൃഷ്ടിക്കുകയും കണക്കുസംബന്ധമായി അത്യാവശ്യകങ്ങളായ പരിഷ്കാരങ്ങളെല്ലാം വരുത്തുകയും ഈ പുതിയ ഏപ്പാടു് 1080-ാമാണ്ടു് ആദ്യം മുതൽ നടപ്പാക്കുകയും ചെയ്തു. ഇങ്ങനെ ഈ രാജ്യത്തു കണക്കിൻെറ വിഷയത്തിലുണ്ടായിരുന്ന ന്യൂനതയും നമ്മുടെ തിരുമനസ്സിലെ രാജ്യഭരണം ഇരുപതു കൊല്ലം തികയുന്നതിനു മുമ്പു തന്നെ പരിഹരിക്കപ്പെട്ടു.

## പിറവകഡിപ്പാർട്ടുമെൻറു്.

ഉപ്പു്, പുകയില, കലാൽ, കറുപ്പു്, കഞ്ചാവു്, ചുങ്കം മുതലായ ഇനങ്ങളെല്ലാം ഉൾപ്പെട്ടതും ഈ രാജ്യത്തെ മുത

ലെടുപ്പിന്റെ അദ്ധാംശത്തിനു കാരണഭൂതവുമായ ഈ ഡിപ്പാർട്ടുമെന്റിനെ പ്രത്യേകം വേർതിരിക്കുകയും അതിന്റെ ഭരണത്തിൽ കുറച്ചുകൂടി ശ്രദ്ധവെക്കുകയും ചെയ്യേണ്ടതു് ഏററവും അത്യാവശ്യകമായിട്ടുള്ളതാണെന്നു മദ്രാസുഗവമ്മെന്റു പലപ്പോഴും അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഈ ഡിപ്പാർട്ടുമെന്റിന്റെ ഭരണം ഹജൂരിൽ പിറവക എന്നൊരു വിഭാഗമുള്ളതിന്റെ കീഴിൽ ഡിവിഷൻപേഷ്കാരന്മാരാണല്ലൊ നടത്തിപ്പോന്നതു്. ഡിവിഷൻപേഷ്കാരന്മാൎക്കു് ഒഴിച്ചുകൂടാത്തവയായ ഇതരകാൎയ്യങ്ങൾ പിടിപ്പതിലധികമുള്ളതിനാൽ അവയോടു കൂടി യഥായോഗ്യം ഈ വിഷയത്തിൽ ശ്രദ്ധവെക്കുവാൻ തക്കതായ സമയവും സൌകൎയ്യവും ഉണ്ടായിരുന്നില്ല. അതിനാൽ ഈ ഡിപ്പാർട്ടുമെന്റുകൊണ്ടു സൎക്കാരിലേക്കുണ്ടാകാവുന്നിടത്തോളം ആദായം ഉണ്ടായിരുന്നില്ല. ക്രമമായി മേലന്വേഷണം നടത്താൻ വല്ലവരുമുണ്ടായിരുന്നെങ്കിൽ ഈ ഡിപ്പാർട്ടുമെന്റുകൊണ്ടുള്ള മുതലെടുപ്പു് ഇതിൽ വളരെയധികം വൎദ്ധിക്കുമായിരുന്നു എന്നുള്ളതിനു സംശയമില്ല. അതിനാൽ ഈ ന്യൂനതയെ പരിഹരിക്കുന്നതിനും മദ്രാസുഗവമ്മെന്റിന്റെ അഭിപ്രായത്തെ ആദരിക്കുന്നതിനുമായിട്ടു് 1080 കൎക്കടകത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റു് എന്ന പേരോടു കൂടി ഈ വകുപ്പിനെ വേർതിരിച്ചു് ഒരു പ്രത്യേകഡിപ്പാർട്ടുമെന്റാക്കുകയും ഇതിന്റെ മേലാവായി ഒരു കമ്മീഷണരേയും ആ കമ്മീഷണരുടെ കീഴിൽ വേണ്ടുന്ന മററുദ്യോഗസ്ഥന്മാരെയും നിയമിക്കുകയും ചെയ്തു. ഈ ഏൎപ്പാടുകൊണ്ടു് ഈ രാജ്യത്തെ മുതലെടുപ്പു വ്വവ്വാധികം വൎദ്ധിച്ചിട്ടുമുണ്ടു്.

## ഹജൂർക്കച്ചേരി.

വി. പി. മാധവരായരവർകൾ ഇവിടെ ദിവാൻജിയായി വന്നതിന്റെ ശേഷം ഒന്നാമതായി അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകൎഷിച്ചതു ഹജൂർക്കച്ചേരിയുടെ ശോച്യാവസ്ഥയാണ്. വാൎദ്ധക്യം കൊണ്ടും മററും ജോലിക്കു മതിയാകാത്തവരായ പലരുടെ സാന്നിദ്ധ്യവും, പഠിപ്പും യോഗ്യതയും ജോലിക്കു ശേഷിയുമുള്ള ഗുമസ്താക്കളുടെ ശമ്പളക്കുറവും ജോലിനടപ്പിനു ബാധകമായിട്ടാണിരിക്കുന്നതെന്നും രാജ്യത്തുള്ള സകലഡിപ്പാർട്ടുമെന്റുകളുടെയും തായിവേരും തലസ്ഥാനവുമായിരിക്കുന്ന ഹജൂർക്കച്ചേരി ഈ സ്ഥിതിയിലി

രിക്കുന്നതു കഷ്ടമാണെന്നു അദ്ദേഹത്തിനു തോന്നുകയാൽ ഈ ന്യൂനതകളെ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ അദ്ദേഹം ആലോചിച്ചുതുടങ്ങി. അതിൻപ്രകാരം ജോലിക്കു മതിയാകാത്തവരും പെൻഷൻകൊടുക്കാറായിട്ടില്ലാത്തവരുമായ ആളുകളെ അന്യസ്ഥലങ്ങളിൽ അവരാൽ വഹിക്കപ്പെടുവാൻ തക്കവയായ ഉദ്യോഗങ്ങൾക്കു നിയമിച്ചും പെൻഷൻ കൊടുക്കാറായിട്ടുള്ളവർക്കൊക്കെ പെൻഷൻ കൊടുത്തും പിരിച്ചയയ്ക്കുന്നതിനും അന്യസ്ഥലങ്ങളിലുള്ള യോഗ്യന്മാരായ ചില ഉദ്യോഗസ്ഥന്മാരെ ആവശ്യമുള്ളിടത്തോളം ഹജൂരിലേക്കു് എടുക്കുന്നതിനും ഹജൂരിലെ ഗുമസ്താക്കളുടെയും മററും ശമ്പളം യഥായോഗ്യം കൂട്ടുന്നതിനും മററും അദ്ദേഹം 'ഒരു സ്കീം' (വിവരപ്പട്ടിക) തയാറാക്കി തിരുമനസ്സറിയിക്കുകയും തിരുമനസ്സുകൊണ്ടതിനെ കല്പിച്ചനുവദിക്കുകയും ചെയ്തു. അതിന്റെ ശേഷം ദിവാൻ പി. രാജഗോപാലാചാരി അവർകൾ തിരുമനസ്സിലെ അനുവാദപ്രകാരം ഹജൂരിൽ അനേകം പരിഷ്കാരങ്ങൾ ചെയ്തിട്ടുണ്ട്. ഇദ്ദേഹം രാജ്യമൊട്ടുക്കു റവന്യൂഡിപ്പാർട്ടുമെന്റു് ആകപ്പാടെ പരിഷ്കരിച്ചിട്ടുള്ളതും ഇവിടെ സ്മരണീയമായിരിക്കുന്നു.

നമ്മുടെ തിരുമനസ്സുകൊണ്ടു രാജ്യഭരണം ആരംഭിച്ചതിന്റെ ശേഷം ഈ മുപ്പതു കൊല്ലത്തിനിടയ്ക്കു രജിസ്ട്രേഷൻ, പോലീസ്സ് മുതലായി ഈ രാജ്യത്തുള്ള സകല ഡിപ്പാർട്ടുമെന്റുകളിലും യഥോചിതം അനേകം പരിഷ്കാരങ്ങൾ ചെയ്തിട്ടുണ്ട്. അവയെല്ലാം പ്രത്യേകം പ്രത്യേകം എടുത്തു പറയുന്ന കാര്യം അത്ര സുഖസാദ്ധ്യമല്ലാത്തതിനാൽ അതിനായി ശ്രമിക്കുന്നില്ല. ജനങ്ങളുടെ ക്ഷേമത്തെ ഉദ്ദേശിച്ച് ഇക്കാലത്തിനിടയ്ക്കു കല്പിച്ചു ചെയ്തിട്ടുള്ള മഹത്തരങ്ങളായ പല ഏർപ്പാടുകളിൽ ചിലതിനെക്കുറിച്ചു മാത്രമാണ് ഇനി ഇവിടെ പറയാൻ ഭാവിക്കുന്നതു്.

## ൨. നിയമനിർമ്മാണസഭ.

രാജ്യഭരണവിഷയത്തിൽ ഗവർമ്മെന്റിനു് അപ്പഴപ്പോൾ ആവശ്യമെന്നും യുക്തമെന്നും തോന്നുന്ന നിയമങ്ങളെ എല്ലാം യഥേഷ്ടം ഉണ്ടാക്കുകയും കല്പനപ്രകാരം നടപ്പിൽ വരുത്തുകയും ജനങ്ങൾ അവ തങ്ങൾക്കു ഗുണകരങ്ങളായിരുന്നാലും ദോഷകരങ്ങളായിരുന്നാലും അവയുടെ ഫലങ്ങളെ

ക്ഷമയോടു കൂടി അനുഭവിച്ചുകൊള്ളുകയുമായിരുന്നുവല്ലൊ ഈ രാജ്യത്തെ മുൻകാലങ്ങളിലെ പതിവു്. ഈ പതിവു് അത്യന്തം അവിഹിതമാണെന്നു നമ്മുടെ തിരുമനസ്സിലേക്കു തോന്നുകയാൽ അതിന്റെ അനൌചിത്യത്തെ പരിഹരിക്കാനായി 1063-ാമാണ്ടു് ഇവിടെ കല്പിച്ചു് ഒരു നിയമനിൎമ്മാണസഭ ഏൎപ്പെടുത്തി. അക്കാലത്തു് ഇതിനെ സംബന്ധിച്ചുണ്ടാക്കിയ റഗുലേഷനെ 1073-ാമാണ്ടു പരിഷ്കരിച്ചു നിയമനിൎമ്മാണസഭയിലെ സാമാജികന്മാരിൽ അഞ്ചിൽ രണ്ടു ഭാഗമെങ്കിലും സൎക്കാരുദ്യോഗസ്ഥന്മാരല്ലാത്തവരായിരിക്കണമെന്നു തീൎച്ചപ്പെടുത്തുകയും ചെയ്തു. ഈ ഏൎപ്പാടു നിമിത്തം ജനങ്ങൾക്കുണ്ടായിട്ടുള്ള ഗുണങ്ങൾ ഇത്രമാത്രമെന്നു പറയേണ്ടതില്ലല്ലൊ. ഉദ്യോഗസ്ഥന്മാരല്ലാത്ത സാമാജികന്മാർ ജനങ്ങളുടെ പ്രതിനിധികളായിരിക്കുന്നതിനാൽ ഓരോ നിയമങ്ങളിലും തങ്ങൾക്കു ദോഷകരങ്ങളായിട്ടുള്ള ഭാഗങ്ങളെക്കുറിച്ചു് അവർ മുഖാന്തരം സഭായോഗത്തിൽ പ്രസ്താവിക്കുന്നതിനും സഭയിൽ ഹാജരാക്കപ്പെടുന്ന ബില്ലുകൾ ജനങ്ങളുടെ അറിവിലേക്കായി സൎക്കാർഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനാൽ ആ സമയവും തങ്ങൾക്കുള്ള സങ്കടങ്ങളേയും അഭിപ്രായങ്ങളേയും പ്രത്യേകം പ്രത്യേകം ഗവൎമ്മെന്റിനെ ധരിപ്പിക്കുന്നതിനുമുള്ള അവകാശം ജനങ്ങൾക്കു സിദ്ധിച്ചതു് ഈ രാജ്യത്തെ പൂൎവ്വസ്ഥിതി വിചാരിച്ചാൽ ഒരു ചില്ലറ ഗുണമല്ലല്ലൊ.

## ൧൮. നഗരശുചീകരണം.

നഗരശുചീകരണത്തിനും പട്ടണപരിഷ്കരണത്തിനുമായി ഈ രാജ്യത്തുള്ള പ്രധാനസ്ഥലങ്ങളിലെല്ലാം ഓരോ സംഘങ്ങൾ ഏൎപ്പെടുത്തുകയും അവയിൽ ഉദ്യോഗസ്ഥന്മാരല്ലാത്തവൎക്കും സാമാജികത്വാവകാശം നൽകുകയും ചെയ്തിട്ടുള്ളതിനാൽ ജനങ്ങൾക്കുള്ള ഗുണങ്ങൾ സീമാതീതങ്ങളാകുന്നു. സ്വാതന്ത്ര്യരാജ്യഭരണത്തോടു കൂടിയ നമ്മുടെ തിരുമനസ്സുകൊണ്ടു ജനങ്ങൾക്കു് ഇപ്രകാരം സ്വയംഭരണാവകാശം നൽകിയിരിക്കുന്നതു് ഒരു വലിയ കാൎയ്യമാണല്ലൊ.

## ൧൯. കാൎഷികസാഹായ്യം.

കൃഷിയുടെ ഉപയോഗത്തിലേക്കായി സൎക്കാരിൽനിന്നു കൃഷിക്കാൎക്കു കടം കൊടുക്കുന്നതിനെ സംബന്ധിച്ചു 1066-ാ

മാണ്ട് ഒരു റഗുലേഷൻ ഉണ്ടാക്കപ്പെട്ടു. കൃഷിക്കാരിലും കൃഷിയുടെ അഭിവൃദ്ധിയിലും തിരുമനസ്സിലേക്കുള്ള പ്രതിപത്തി മുമ്പേ തന്നെ പല സംഗതികളാൽ സൂചിപ്പിക്കപ്പെട്ടിരുന്നതു കൂടാതെ ഈ സംഗതികൊണ്ട് പ്രത്യക്ഷപ്പെടുകയും ചെയ്തു.

## ര. ജന്മികുടിയാൻ നിയമം

ജന്മികൾക്കും കുടിയാന്മാർക്കുമുള്ള പരസ്പരസംബന്ധത്തേയും അവകാശങ്ങളേയും ശരിയായും വ്യക്തമായും വിവരിക്കുന്നതായ ഒരു നിയമത്തിന്റെ അഭാവം നിമിത്തം അ രണ്ടു വർഗ്ഗക്കാരും തമ്മിൽ സദാ തർക്കങ്ങളും വ്യവഹാരങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. ഇതിനൊരു പരിഹാരമാർഗ്ഗമുണ്ടാക്കുന്നതിനായിട്ട് ഈ സംഗതിയെക്കുറിച്ച് ഒരു റിപ്പോർട്ടു തയാറാക്കുന്നതിന് ആദ്യമേ ഒരു കമ്മിഷൻ നിയമിക്കപ്പെട്ടു. അതിന്റെ ഫലമായി 1071-ാമാണ്ട് ഒരു റഗുലേഷൻ ഉണ്ടാക്കപ്പെട്ടു. ഈ റെഗുലേഷൻനിമിത്തം ജന്മികളുടെയും കുടിയാന്മാരുടെയും അവകാശങ്ങളും അധികാരങ്ങളുമെല്ലാം ഏകദേശം സ്ഥിരപ്പെടുന്നതിനും അനാവശ്യവ്യവഹാരങ്ങൾ മിക്കവാറും നശിക്കുന്നതിനുമിടയായി. ഈ റഗുലേഷൻ ഒന്നുകൂടി പരിഷ്കരിക്കപ്പെടേണ്ടതായി വരികയാൽ ഇപ്പോഴും ഒരു കമ്മീഷനെ നിശ്ചയിക്കുകയും മററും ചെയ്തിരിക്കുന്നു. ഇതു രണ്ടുവർഗ്ഗക്കാർക്കും ഗുണപ്രദമായി പരിണമിക്കുമെന്നുള്ളതു പറയേണ്ടതില്ലല്ലൊ.

## ദ. സർക്കാർരക്ഷാഭോഗം.

മേല്പറഞ്ഞ പേരോടു കൂടി ഒരു നിയമം 1073-ാമാണ്ടു നടപ്പാക്കി. സർക്കാരുദ്യോഗസ്ഥന്മാരിൽ മിക്കവരുടെയും മരണാനന്തരം അവരുടെ കുടുംബങ്ങൾ അനുഭവിച്ചുവരാറുള്ള ദാരിദ്ര്യത്തെ ഒരു വിധം തടുക്കുന്നതിന് ഈ ഏർപ്പാട് ഏററവും ഉപയുക്തമായിത്തീർന്നിട്ടുണ്ട്.

## ന്ന. വിരുത്തിയേർപ്പാട്.

നമ്മുടെ തിരുമനസ്സിലെ പ്രജകളിൽ നിർദ്ധനന്മാരായ ഏറിയൊരു ജനങ്ങൾക്ക് ഏററവും ഉപദ്രവകരവും സർക്കാരിലേക്കു വലിയ ലാഭമൊന്നും ഇല്ലാത്തതുമായ വിരുത്തിയേർപ്പാട് ഈ മുപ്പതു കൊല്ലത്തിനിടയ്ക്ക് ഓരോ സമയങ്ങളിൽ

ഓരോ ഇനങ്ങളായി കുറവു ചെയ്തു ചെയ്ത് ഇപ്പോൾ അതു നിശ്ശേഷം നിറുത്തൽ ചെയ്കയും ചെയ്തിരിക്കുന്നു.

### ൬. നാണയമാററം.

ഈ രാജ്യത്തു മുൻപിനാലെ ഉണ്ടായിരുന്ന വെള്ളി ഒററച്ചക്രത്തെ 1077-ാമാണ്ടു നിറുത്തൽ ചെയ്യുകയും അതിനു പകരം ചെമ്പിൽ ഒരു ചക്രം വിലയുള്ള തുട്ടു നടപ്പാക്കുകയും വിശേഷാൽ അരച്ചക്രത്തുട്ട്, കാൽച്ചക്രത്തുട്ട് ഇവകളും സൃഷ്ടിച്ചു നടപ്പിൽ വരുത്തുകയും ചെയ്തു. ഈ ഏർപ്പാട് ഏററവും അസൌകര്യപ്രദമാണെന്ന് ആദ്യം പലർക്കും അഭിപ്രായമുണ്ടായി എങ്കിലും ഇപ്പോൾ ഇതു ഗുണകരമായിട്ടുള്ള ഏർപ്പാടു തന്നെയാണെന്നു എല്ലാവർക്കും ബോധമായി. വെള്ളി ഒററച്ചക്രംപോലെ ഈ പുതിയനാണയങ്ങൾ അടിക്കുന്നതിനു എളുപ്പമില്ലാത്തതിനാൽ ഈ ഏർപ്പാടുകൊണ്ടു കള്ളനാണയത്തിന്റെ പ്രചാരം വളരെ കുറഞ്ഞിട്ടുമുണ്ട്.

### ൭. തീവണ്ടി.

സഞ്ചാരസൌകര്യം, കച്ചവടം, കൈത്തൊഴിൽ, അന്യരാജ്യങ്ങളുമായുള്ള സംസർഗ്ഗം, [illegible]മായ പരിഷ്കാരം എന്നിതുകളെ വർദ്ധിപ്പിക്കുന്നതിനു മുഖ്യസാധനമായ തീവണ്ടിയുടെ ഗതാഗതാഭാവം നിമിത്തം ഈ രാജ്യത്തിനുള്ള ന്യൂനതയെ പരിഹരിക്കണമെന്നുള്ള വിചാരം നമ്മുടെ തിരുമനസ്സിലെ ഗവമ്മെന്റിനു തുടങ്ങീട്ടു വളരെക്കാലമായി. അതിനാൽ തെക്കൻഇൻഡ്യാറെയിൽ കമ്പനിക്കാരുമായി ഇതിനെ സംബന്ധിച്ച് എഴുത്തുകുത്തുകൾ നടത്തുകയും തിരുനൽവേലിയും കൊല്ലവും തമ്മിൽ സംബന്ധിക്കുന്നതായ ഒരു തീവണ്ടിപ്പാത തീർക്കുന്നതിനു വേണ്ടുന്ന ഏർപ്പാടുകളും ധനസഹായങ്ങളുമെല്ലാം ഈ സർക്കാരിൽനിന്നു ചെയ്യുകയും 1080-ാമാണ്ട് ഇവിടെ നടപ്പാവുകയും ചെയ്തു. ഇതു ജനങ്ങൾക്കും ഗവമ്മെന്റിനും ഏററവും ഗുണകരമായ ഒരേർപ്പാടായിരിക്കുന്നു എന്നു വിശേഷിച്ചു പറയണമെന്നില്ലല്ലൊ. ഇപ്പോൾ കൊല്ലത്തുനിന്നു തിരുവനന്തപുരംവരെ തീവണ്ടി നടപ്പാക്കാൻ വേണ്ടുന്ന ഏർപ്പാടുകളെല്ലാം ചെയ്തുകഴിഞ്ഞിരിക്കുന്നതിനാൽ അതും താമസിയാതെ നടപ്പിൽ വരുന്നതാണ്.

## ൯. ശ്രീമൂലംപ്രജാസഭ.

നിയമനിർമ്മാണസഭയേയും നഗരശുചീകരണസംഘങ്ങളേയുംകാൾ ജനങ്ങൾക്ക് അത്യധികം ഗുണകരമായിട്ടുള്ളത് 1080-ാമാണ്ടു ആരംഭിച്ചതായ ശ്രീമൂലംപ്രജാസഭയുടെ ഏർപ്പാടാണ്. ഈ സഭാസ്ഥാപനം ചരിത്രപ്രധാനവും എന്നേക്കും നമ്മുടെ തിരുമേനിയുടേയും അവിടത്തെ മന്ത്രിവര്യനായിരുന്ന വി. പി. മാധവരായരവർകളുടേയും ഒരു സ്മാരകവും ആയിരിക്കുന്നതാണ്. ആദ്യം ഈ സഭയിൽ ജനങ്ങൾക്കുള്ള അവകാശം തങ്ങളുടെ ആവശ്യങ്ങളേയും സങ്കടങ്ങളേയും അറിയിക്കുക മാത്രമായിരുന്നു. എങ്കിലും ഇപ്പോൾ അതിൽ കൂടുതലായി ചില അവകാശങ്ങൾ ജനങ്ങൾക്കു സിദ്ധിച്ചുതുടങ്ങിയിരിക്കുന്നു. ഈ സഭക്കു 11 വയസ്സായപ്പോഴേക്കു തന്നെ ചില ഭേദഗതികളും പരിഷ്കാരവും വദ്ധിച്ചിട്ടുണ്ട്. ആദ്യത്തെ യോഗത്തിലേക്കു പ്രതിനിധികളെ തിരഞ്ഞെടുത്തതു ഗവമ്മെൻറു തന്നെ ആയിരുന്നല്ലൊ. രണ്ടാമത്തെ യോഗമായപ്പോഴേക്കു അതിനുള്ള അവകാശം ജനങ്ങൾക്കു തന്നെ സിദ്ധിച്ചു. ഇപ്പോൾ നിയമനിർമ്മാണസഭയിലെ അനുദ്യോഗസ്ഥസാമാജികന്മാരെ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശവും ജനങ്ങൾക്കു തന്നെ ആയിരിക്കുന്നു. ഈ സഭയിൽവെച്ചു ദിവാൻജി ഓരോ ആണ്ടത്തേയും രാജ്യഭരണത്തെപ്പററിയുള്ള ഒരു വിവരണം ജനപ്രതിനിധികളെ ധരിപ്പിക്കുകയും ജനങ്ങളുടെ ആവശ്യങ്ങളേയും സങ്കടങ്ങളേയും കേൾക്കുകയും അവയെ സംബന്ധിച്ചു ചില വാഗ്ദാനങ്ങൾ ചെയ്യുകയും ചെയ്യുന്നതുകൊണ്ടുണ്ടാകാവുന്ന ഗുണങ്ങൾ നന്നെ അനല്പങ്ങളാണല്ലൊ.

## ൧൦. ദേവസ്വപരിഷ്കാരം.

ദേവസ്വങ്ങളുടെ പരിഷ്കാരത്തെ ഉദ്ദേശിച്ചു ചെയ്തിട്ടുള്ളവയിൽ പ്രധാനങ്ങൾ 1080-ാമാണ്ടു ചെയ്തിട്ടുള്ള രണ്ടേർപ്പാടുകളാണ്. ദേവാലയങ്ങളും മററും അശുദ്ധപ്പെട്ടാൽ അവയുടെ ശുദ്ധീകരണ (കലശ)ത്തിന്റെ രീതിയേയും അതിലേക്കുള്ള ചെലവിനേയും ചെലവു വഹിക്കേണ്ടുന്ന ക്രമത്തേയും സംബന്ധിച്ചു ശരിയായി യാതൊരു ചട്ടവും ഇല്ലാത്തതിനാൽ വളരെ അസൌകര്യങ്ങളും കുഴപ്പങ്ങളും നേരിടുന്നുണ്ട്. ഇതിനെപ്പററി ശരിയായും സൂക്ഷ്മമായും ഒരു ചട്ടം

ച്ചപ്പെടുത്തേണ്ടതിലേക്കു വേണ്ടുന്ന അന്വേഷണങ്ങൾക്കും ആലോചനകൾക്കുമായി പ്രത്യേകം ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു.

2. ക്ഷേത്രങ്ങളിൽ ഇപ്പോൾ നടന്നുവരുന്ന നിത്യനിദാനം, മാസവിശേഷം, ആട്ടവിശേഷം മുതലായവ നൂററിച്ചില്വാനം കൊല്ലങ്ങൾക്കു മുൻപു നിശ്ചയിക്കപ്പെട്ടിട്ടുള്ള പതിവനുസരിച്ചാകുന്നു. അതിനാൽ കീഴ്ജീവനക്കാർക്കു ബുദ്ധിമുട്ടിനും അനാവശ്യകങ്ങളായ അവലാധികൾക്കും അസൌകര്യങ്ങൾക്കും ഇടയാകുന്നുണ്ടു്. ക്ഷേത്രങ്ങളിൽ പ്രതിദിനം വേണ്ടുന്ന എണ്ണ, വെളിച്ചെണ്ണ, നെയ്യ്, ശർക്കര, പഞ്ചസാര മുതലായ സാധനങ്ങൾക്കു നൂറു കൊല്ലത്തിനു മുൻപും ഇപ്പോഴും തമ്മിൽ വിലയ്ക്കു വന്നിട്ടുള്ള അന്തരം തന്നെ ഒട്ടും ചില്ലറയല്ല. അതിനാൽ അന്നത്തെ പതിവനുസരിച്ചു് ഇപ്പോൾ നടത്തുന്ന കാര്യം അസാദ്ധ്യമായിട്ടാണല്ലോ ഇരിക്കുന്നതു്. അതുകൊണ്ടു ഇതിനേയും കാലാനുസരണം ക്രമപ്പെടുത്തുന്നതിനു വേണ്ടുന്ന മാർഗ്ഗങ്ങളെ ആലോചിക്കുന്നതിനായി മറെറാരുദ്യോഗസ്ഥനേയും നിയമിച്ചു. ഈ പരിഷ്കാരം ചില സ്ഥലങ്ങളിൽ ഇപ്പോൾ നടപ്പായിത്തുടങ്ങീട്ടുണ്ടു്. മററു സ്ഥലങ്ങളിലും താമസിയാതെ നടപ്പിൽ വരുന്നതാണ്.

നമ്മുടെ അന്നദാതാവായ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു തിരുമുപ്പെററതിന്റെ ശേഷം ജനങ്ങളുടെ ക്ഷേമത്തേയും രാജ്യത്തിന്റെ പരിഷ്കാരത്തേയും ഉദ്ദേശിച്ചു കല്പിച്ചു ചെയ്തിട്ടുള്ള ഏർപ്പാടുകളെ സാകല്യേന വിവരിക്കുകയാണെങ്കിൽ ഇനിയും വളരെ പറയാനുണ്ടു്. അവയെല്ലാം കൂടി ഈ ചെറിയ പുസ്തകത്തിൽ പ്രസ്താവിച്ചു തീർക്കാൻ പ്രയാസമാകയാൽ നമ്മുടെ തിരുമനസ്സുകൊണ്ടു രാജ്യഭരണം ആരംഭിച്ചതിന്റെ ശേഷം ഇപ്പോൾ കഴിഞ്ഞിരിക്കുന്ന മുപ്പതു കൊല്ലത്തിനിടയ്ക്കു രാജ്യഭരണവിഷയമായി കല്പിച്ചു ചെയ്തിട്ടുള്ള പ്രധാനസംഗതികളുടെ ഒരു സംക്ഷിപ്തവിവരണം മാത്രമാണ് ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നതെന്നുള്ള വാസ്തവം കൂടി വായനക്കാരെ അറിയിച്ചുകൊള്ളുന്നു.

ഈ ചുരുങ്ങിയ വിവരണംകൊണ്ടു തന്നെ നമ്മുടെ തിരുമനസ്സിലേക്കുള്ള പ്രജാക്ഷേമതല്പരത മുതലായ സൽഗുണങ്ങൾ സ്പഷ്ടമാകുന്നുണ്ടല്ലോ. ഇപ്രകാരം സകലസൽഗുണ

സംപൂൎണ്ണനായിരിക്കുന്ന നമ്മുടെ തിരുമനസ്സിലേപ്പേരിൽ അവിടുത്തെ പ്രജകളായ—വിശേഷിച്ചും രാജഭക്തിയിൽ അദ്വിതീയന്മാരെന്നു മുൻപിനാലെ കീൎത്തി സമ്പാദിച്ചിട്ടുള്ളവരായ—സകലജനങ്ങളും ഒരുപോലെ ഭക്തിവിശ്വാസബഹുമാനങ്ങളോടു കൂടി അനുവൎത്തിച്ചുപോരുന്നതിൽ എന്തൊരത്ഭുതമാണുള്ളതു? നമ്മുടെ പൊന്നുതിരുമേനി ഇപ്രകാരം അരോഗദൃഢഗാത്രനായി ഇനിയും അവിടുത്തെ പ്രജകളായ ഇജ്ജനങ്ങളുടെ രക്ഷയ്ക്കും രാജ്യത്തിന്റെ ക്ഷേമൈശ്വൎയ്യാഭിവൃദ്ധിക്കുമായി വളരെ വളരെക്കാലം സുഖമാകുംവണ്ണം വാണരുളുവാൻ സൎവ്വശക്തനായ ഈശ്വരൻ സദയം സഹായിക്കട്ടെ എന്നുള്ള പ്രാൎത്ഥനയോടു കൂടി ഈ പുസ്തകത്തെ ഇവിടെ സമാപിപ്പിച്ചുകൊള്ളുന്നു.

## മംഗളം.

---

ശ്രീമൂലംതിരുനാളിൽ വന്നവതരി-
ച്ചിപ്പാരിലെപ്പേരെയും
സീമാതീതസുഖത്തൊടൊത്തു പരിപാ-
ലിപ്പോരു സൽപ്പൂരുഷൻ
ശ്രീമാൻ നമ്മുടെ തമ്പുരാനിതുവിധം
പാരാണ്ടു നൂറാണ്ടലം
ക്ഷേമത്തോടു വസിക്കുവാനരുളണം
ദൈവം സദൈവം സുഖം.

ശുഭമസ്തു.

K-Panikyo

1

Panikajak Shyanam

Kochutheyil

Vallikkulam

Karunagapally